# ദീപനാളം

2021 സെപ്റ്റംബർ 16 | ദീപം 54 | നാളം 24 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# മലബാർ കലാപം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമോ?




പ്രഫ. റോണി കെ. ബേബി


ദേശീയവാദികൾ മലബാർ കലാപമെന്നും ബ്രിട്ടീഷുകാർ മാപ്പിള ലഹളയെന്നും വിളിച്ച 1921 ലെ ചരിത്രസംഭവം നൂറു വർഷം പിന്നിടുകയാണ്. മലബാർ കലാപത്തിൽ പങ്കെടുത്ത് രക്തസാക്ഷികളായ 387 പേരുടെ വിവരങ്ങൾ ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിൽ (ഐസിഎച്ച്ആർ) തയ്യാറാക്കിയ സ്വാതന്ത്ര്യസമരരക്തസാക്ഷികളുടെ നിഘണ്ടുവിന്റെ അഞ്ചാം വാല്യത്തിൽനിന്നു നീക്കാൻ ശ്രമങ്ങൾ നടക്കുന്നുവെന്ന വാർത്തയും പുറത്തുവന്നതോടെ കലാപത്തിന്റെ ശതാബ്ദി വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട വിവാദങ്ങളും കനക്കുകയാണ്. രക്തസാക്ഷികളുടെ പേരുകൾ നീക്കം ചെയ്ത് ചരിത്രത്തെ അട്ടിമറിക്കാൻ സംഘപരിവാർ ശ്രമിക്കുന്നുവെന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ, ചരിത്രത്തിൽ സംഭവിച്ച തെറ്റു തിരുത്താനുള്ള ശ്രമമാണെന്നു മറുവിഭാഗം വാദിക്കുന്നു. മലബാർ കലാപം ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്ന് ഒരു വിഭാഗം സമർത്ഥിക്കുമ്പോൾ അങ്ങനെയല്ലായെന്നു മറുവിഭാഗം വാദിക്കുന്നു. യഥാർത്ഥത്തിൽ എന്തായിരുന്നു മലബാർ കലാപം?

1921 ലെ മലബാർ കലാപത്തെക്കുറിച്ചു നിരവധി ചരിത്രപഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആധികാരികമായ ചരിത്രരേഖകളുടെ അഭാവത്തിൽ അവയൊക്കെ അപൂർണങ്ങളാണെന്നു പറയേണ്ടിവരും. അതുകൊണ്ട് ഇരുപക്ഷവും അവരുടെ താത്പര്യങ്ങൾക്കനുസരിച്ച് കലാപത്തിലെ സംഭവങ്ങളെ വ്യാഖ്യാനിക്കുകയാണു ചെയ്യുന്നതും. കലാപത്തെക്കുറിച്ച് ലഭ്യമായവയിൽ ഏറെയും അക്കാലത്തെ ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ഔദ്യോഗികരേഖകളാണ്. അവയൊക്കെ ഏകപക്ഷീയമാണുതാനും. സർ മാൽക്കം വോയ്‌ലി രേഖപ്പെടുത്തിയിരിക്കുന്നത് 2339 ആളുകൾ കലാപത്തിൽ വെടിയേറ്റു മരിച്ചുവെന്നാണ്. 11562 ആളുകൾക്കു പരുക്കേൽക്കുകയും 39348 ആളുകൾ തടവിലാക്കപ്പെടുകയും 24167 ആളുകൾ ശിക്ഷിക്കപ്പെടുകയും 12177 ആളുകൾ ആൻഡമാനിലേക്കു നാടുകടത്തപ്പെടുകയും 308 ആളുകളെ തൂക്കിലേറ്റുകയും 38 ആളുകളെ വധശിക്ഷ വിധിച്ചു വെടിവച്ചു കൊല്ലുകയും ചെയ്തതായി ഔദ്യോഗിക ബ്രിട്ടീഷ് രേഖകളിലുണ്ട്. അനൗദ്യോഗിക റിപ്പോർട്ടുകൾ പ്രകാരം ഇതിന്റെ എത്രയോ ഇരട്ടിയാണ് ഉണ്ടായ നഷ്ടങ്ങൾ!

ഏറനാട്ടിലെയും വള്ളുവനാട്ടിലെയും ഇരുനൂറ്റിയിരുപതോളം ഗ്രാമങ്ങളിൽ കാട്ടുതീപോലെ പടർന്നുപിടിച്ച കലാപം വെറും വർഗീയകലാപം മാത്രമായിരുന്നുവെന്നു പറഞ്ഞൊഴിയുന്നത് ഒരിക്കലും സാമാന്യയുക്തിക്കു ചേരുന്നതല്ല. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിൽ നടന്ന എല്ലാ വർഗീയകലാപങ്ങൾക്കും എരിതീയിൽ എണ്ണയൊഴിച്ചുകൊടുത്തുകൊണ്ടു പ്രോത്സാഹിപ്പിച്ച ബ്രിട്ടീഷുകാർ മലബാർ കലാപത്തെ എത്ര ക്രൂരമായാണ് അടിച്ചമർത്തിയതെന്ന് ബ്രിട്ടീഷ് സർക്കാർ രേഖകളിൽത്തന്നെയുള്ള നരവേട്ടകളുടെ കണക്കുകൾ സൂചിപ്പിക്കുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ ഏറനാടൻ – വള്ളുവനാടൻ താലൂക്കുകളിൽനിന്ന് ഏകദേശം ഒരു വർഷത്തോളം നിഷ്കാസനം ചെയ്ത് സ്വതന്ത്രസമാന്തരഭരണം പ്രഖ്യാപിച്ച മലബാർ കലാപത്തെ വെറും വർഗീയകലാപമായും ഹിന്ദു – മുസ്‌ലീം ലഹള മാത്രമായും ചിത്രീകരിക്കാനുള്ള ആസൂത്രിതശ്രമങ്ങൾ ആദ്യകാലംമുതൽതന്നെ ഉണ്ടായിരുന്നു. അതിനു മുന്നിൽനിന്നതു മുഴുവൻ ബ്രിട്ടീഷ് പക്ഷവാദികളായിരുന്നു. കലാപകാലത്ത് ചില പ്രദേശങ്ങളിലെങ്കിലും ഉണ്ടായ ആസൂത്രിതമായ വർഗീയചേരിതിരിവുകളെയും വേട്ടയാടലുകളെയും അതിക്രമങ്ങളെയും മറയാക്കി കലാപത്തെയാകെ വർഗീയവത്കരിക്കാനുള്ള ഗൂഢശ്രമം ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ ആദ്യം മുതൽതന്നെ നടത്തിയിരുന്നു. രണ്ടു നൂറ്റാണ്ടോളം നീണ്ട ബ്രിട്ടീഷ് കോളനിവാഴ്ചയിൽ ഇന്ത്യയിൽ ഏതെങ്കിലും ഒരു പ്രദേശത്തുനിന്നു ബ്രിട്ടീഷുകാരെ തത്കാലത്തേക്കെങ്കിലും പുറത്താക്കി അവിടെ സ്വാതന്ത്ര്യവും സമാന്തരഭരണവും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് മലബാർ കലാപകാലത്തു മാത്രമാണ്. ഈ ചരിത്രമാണ് ബ്രിട്ടീഷുകാരെ എന്നും അലോസരപ്പെടുത്തിയിട്ടുള്ളത്. ബ്രിട്ടീഷുകാരോടു ചേർന്നു സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്തവരെയൊക്കെ എന്നും അസ്വസ്ഥതപ്പെടുത്തുന്നതും ഈ ചരിത്രമാണ്.

മലബാർ കലാപത്തെ വർഗീയകലാപമായി മുദ്രകുത്തി ചരിത്രത്തെ വളച്ചൊടിക്കാൻ നേതൃത്വം നൽകിയ മലബാറിലെ പോലീസ് സൂപ്രണ്ടായിരുന്ന ബ്രിട്ടീഷുകാരനായ റോബർട്ട് ഹിച്ച്കോക്ക് രേഖപ്പെടുത്തിയത്, ഇന്ത്യയിൽ ബ്രിട്ടീഷ് സൈന്യം നേരിട്ട ഏറ്റവും കടുത്ത പരീക്ഷണം ഏറനാട്ടിൽ കുഞ്ഞഹമ്മദു ഹാജിയുടെ നേതൃത്വത്തിൽ നടന്ന പോരാട്ടമാണ് എന്നാണ്. ഹിച്ച്കോക്ക് തുടരുന്നു: മലബാറിലെ ഒരു വിപ്ലവകാരിയെ പിടിക്കാൻ ബ്രിട്ടീഷ് സാമ്രാജ്യം ചെലവഴിച്ച പണവും സമയവും കണക്കെടുത്താൽ മാത്രം മതി ഈ ലഹളക്കാരൻ എത്രത്തോളം അപകടകാരിയായിരുന്നുവെന്നു മനസ്സിലാക്കാൻ (റോബർട്ട് ഹിച്ച്കോക്ക്. മലബാർ കലാപത്തിന്റെ ചരിത്രം എന്ന പുസ്തകത്തിൽനിന്ന്). 1921 ഓഗസ്റ്റ് 20 ന് ബ്രിട്ടീഷ് പട്ടാളം തിരൂരങ്ങാടിയിൽ വച്ച് കലാപകാരികളോടു തോറ്റോടിയപ്പോൾ ലണ്ടൻ ടൈംസ് എഴുതിയത്, 'മലബാറിൽ ഇംഗ്ലീഷ് ഭരണം അവസാനിച്ചു' എന്നായിരുന്നു.

ബ്രിട്ടീഷുകാർക്കെതിരേ നടന്ന മലബാർ കലാപത്തിൽ ഒറ്റുകാരെയും രാജ്യദ്രോഹികളെയും ബ്രിട്ടീഷുകാരുടെ സിൽബന്ധികളെയും മതം നോക്കാതെതന്നെ കലാപകാരികൾ നിർദാക്ഷിണ്യം അടിച്ചമർത്തിയതു കാണാം. ഇതിന് മതം ഒരിക്കലും തടസ്സമായിരുന്നില്ല. ബ്രിട്ടീഷ് അനുകൂലികളായിരുന്ന പൂക്കോട്ടൂർ കോവിലകം ആക്രമിച്ച കലാപകാരികൾ സ്വത്തുക്കൾ കവർന്നെടുത്ത് കോവിലകം കുടിയാന്മാരായ കീഴാളന്മാർക്കു വീതിച്ചുനൽകി.


▶ 9




## കട്ടക്കയം കൊച്ചുചാണ്ടിയച്ചൻ

# വേദശാസ്ത്രനിപുണനും ഭക്തശിരോമണിയും

സഭാചരിത്രം / പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്

അഗാധപണ്ഡിതനും ചരിത്രപടുവുമായ ഡോ. പ്ലാസിഡ് പൊടിപാറയുടെ വാക്കുകളോടെ ഈ ലേഖനം ആരംഭിക്കുകയാണ്: "കേരള സുറിയാനി കർമ്മലീത്താസഭയിലെ രണ്ട് ഉജ്ജ്വലതാരങ്ങളാണ് പാലാ കട്ടക്കയം കുടുംബത്തിൽപ്പെട്ട പ്രഗല്ഭരായ വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും. രണ്ടു പേരും രണ്ടു പ്രാവശ്യംവീതം പ്രസ്തുത സഭയുടെ പ്രിയോർ ജനറൽമാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.'' കഴിഞ്ഞ ലക്കത്തിൽ കട്ടക്കയം വലിയ ചാണ്ടിയച്ചനെക്കുറിച്ച് എഴുതിയിരുന്നുവല്ലോ. വലിയ ചാണ്ടിയച്ചന്റെ സഹോദരനായ ചെറിയാൻ കട്ടക്കയത്തിന്റെ മകനാണ് കൊച്ചുചാണ്ടിയച്ചൻ (1866–1933). പുണ്യശ്ലോകനും ചരിത്രപണ്ഡിതനും സുറിയാനി ഭാഷാപ്രേമിയുമായിരുന്ന കൊച്ചുചാണ്ടിയച്ചൻ ലത്തീനും ഇറ്റാലിയനും ഫ്രഞ്ചും നല്ലവണ്ണം വശമാക്കിയിരുന്നു.


മാതാപിതാക്കൾ കുഞ്ഞിനെ ദൈവഭക്തിയിൽ വളർത്തി. പാലായിൽ തെക്കേടത്ത് മാത്തനാശാന്റെ കളരിയിൽ ചേർന്നു സംസ്കൃതം വേണ്ടവിധം പഠിച്ചു. ബുദ്ധികൂർമ്മതയുള്ളവനും പ്രതിഭാശാലിയുമായിരുന്ന ചാണ്ടിക്കുഞ്ഞ്, ആശാന്റെ വത്സലപുത്രനായിരുന്നു. അരോഗദൃഢഗാത്രനായ ചാണ്ടിക്കുഞ്ഞിന് കൂട്ടുകാരുടെ ഇടയിൽ നായകസ്ഥാനമുണ്ടായിരുന്നു. മലയാളം അക്ഷരങ്ങൾ മണലിൽ വിരൽകൊണ്ട് എഴുതിപ്പഠിച്ചുകഴിഞ്ഞപ്പോൾ നാരായംകൊണ്ട് ഓലയിൽ എഴുതാൻ തുടങ്ങി. ജപങ്ങളും പ്രാർത്ഥനകളും ഓലയിൽ എഴുതിപ്പഠിച്ചു.

കട്ടക്കയം തറവാട്ടിലെ മറ്റൊരു കാരണവരായ ഇട്ടിമാത്തച്ചന്റെ (ളാലം പള്ളി വികാരി) കൂട്ടത്തിൽ താമസിച്ച് സുറിയാനി പഠിച്ചു. കൂട്ടത്തിൽ ഇംഗ്ലീഷ് ഭാഷയും വശമാക്കി. ഇട്ടിമാത്തച്ചൻ ളാലത്തുനിന്നു വിരമിച്ചപ്പോൾ വലിയ ചാണ്ടിയച്ചൻ കൊച്ച്ചാണ്ടിയച്ചനെ മാന്നാനത്തേക്കു കൂട്ടിക്കൊണ്ടുപോയി. വലിയ ചാണ്ടിയച്ചനായിരുന്നു അക്കാലത്ത് മാന്നാനത്തെ ആശ്രമശ്രേഷ്ഠൻ. കർമ്മലീത്താസഭയിൽ യോഗാർത്ഥിയായി ചേരുകയും നൊവേസ്യേത്തിനായി കൂനമ്മാവ് കൊവേന്തയിലേക്കു പോവുകയും ചെയ്തു.

### റോമിലെ പ്രൊപ്പഗാന്താ കോളജിലേക്ക്

ഇന്ത്യയിൽ ഒന്നാമത്തെ ഡെലഗേറ്റ് അപ്പസ്തോലിക്കയായിരുന്ന മോൺ. അലിയാർദി 1855 ൽ കേരളം സന്ദർശിച്ചു. നസ്രാണികളുടെ അഭിവൃദ്ധിക്കായി സുറിയാനിസഭാംഗങ്ങളെ റോമിൽ പ്രൊപ്പഗാന്തയിൽ വിട്ടു പഠിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്ലാസിഡച്ചന്റെ വാക്കുകൾ ശ്രവിക്കാം: "പെരിയ ബഹു. കൊച്ചുചാണ്ടിയച്ചൻ കേരള സഭാചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലിത്തായുടെ കാലശേഷം കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ റോമായിലെ പ്രൊപ്പഗാന്താ കോളജിൽ വൈദികവിദ്യാഭ്യാസം നടത്തിയ ആദ്യത്തെ നാലു കേരളീയരിൽ ഒരാളായിരുന്നു കൊച്ചുചാണ്ടിയച്ചൻ (കട്ടക്കയം ചാണ്ടി പാലാ, സെബാസ്റ്റ്യൻ പുല്ലൻ ഞാറയ്ക്കൽ, വല്യവീട്ടിൽ അന്തപ്പൻ അമ്പഴക്കാട്, ആലപ്പാട്ട് പൗലോസ് എടത്തുരുത്തി). തിരുവിതാംകൂർ സംസ്ഥാനത്തുനിന്ന് ആദ്യമായി പ്രൊപ്പഗാന്തയിൽ പഠിച്ചവൻ എന്ന അപൂർവബഹുമതി അന്നു കൊച്ചുചാണ്ടിയച്ചനു ലഭിച്ചു. പ്രൊപ്പഗാന്തയിൽ സന്ന്യാസസഭകളിൽപ്പെട്ട വൈദികവിദ്യാർത്ഥികൾക്കു പ്രവേശനമില്ല. മിസ്സത്തിനു (രൂപത) വേണ്ടി പഠിക്കുന്നവർക്കുമാത്രമേ അനുമതി ലഭിക്കൂ. ക.നി.മൂ.സ. മാറ്റി വീട്ടുപേരിൽ അവിടെ ചേർന്നു. അവിടെ ചേരാൻ Juramentum Pontificium എടുക്കണമായിരുന്നു. അതായത്, സന്ന്യാസസഭയിൽ ചേരാതെ മിസ്സത്തിൽ ചേർന്നു ശുശ്രൂഷ ചെയ്തുകൊള്ളാമെന്ന്.

1886 ൽ റ്റിറ്റാനിയ കപ്പലിൽ ബോംബെയിൽനിന്നു കയറി. 21 ദിവസങ്ങൾക്കുശേഷം ഇറ്റാലിയൻ തുറമുഖമായ ബ്രിണ്ടിസിയിലെത്തി. പ്രൊപ്പഗാന്താ കോളജിലായിരുന്ന വർഷങ്ങളിൽ പഠനകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും ചാണ്ടി ശെമ്മാശ്ശൻ ഒന്നാമനായിരുന്നു. റോമിൽ വച്ച് ജർമൻ കോളജിൽ താമസിച്ചിരുന്ന ലവീഞ്ഞ് മെത്രാനെ ചാണ്ടി ശെമ്മാശ്ശൻ മലയാളം പഠിപ്പിച്ചു. 1892 ഒക്ടോബർ 30 ന് തിരുപ്പട്ടം സ്വീകരിച്ചു. 1892 ൽ ത്തന്നെ നാട്ടിലേക്കു തിരിച്ചു. ആദ്യകുർബാനയർപ്പണസമയത്ത് ചാണ്ടിയച്ചൻ മനസ്സിൽ സൂക്ഷിച്ച ആപ്തവാക്യം Vita Pacifica et mors pacifica – സമാധാനപരമായ ജീവിതവും സമാധാനപരമായ മരണവും – അദ്ദേഹത്തിന്റെ ജീവിതത്തെ മുഴുവനും സ്വാധീനിച്ചു. നാട്ടിൽ തിരിച്ചെത്തിയ ചാണ്ടിയച്ചൻ താമസിയാതെ കർമ്മലീത്താസഭയിൽ ചേരുമെന്ന വാർത്ത പരന്നു. ചങ്ങനാശ്ശേരി അരമനയിലേക്കോ പാലാ ഇടവകയിലേക്കോ പോകാൻ വലിയ താത്പര്യം കാണിച്ചില്ല. എങ്കിലും, ചങ്ങനാശ്ശേരിയിലെത്തി ലവീഞ്ഞ് മെത്രാപ്പോലീത്തായുമായി ആലോചിച്ചപ്പോൾ കർമ്മലീത്താസഭയിൽ ചേരാൻ പ്രോത്സാഹിപ്പിച്ചില്ല. മിസ്സത്തിൽ ചേർന്നു പ്രവർത്തിച്ചാൽ തന്റെ കഴിവുകൾ വിപുലമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നു പലരുടെയും നിർദേശങ്ങളും ലഭിച്ചു.



ഏറെ എതിർപ്പുകളുണ്ടായിട്ടും കൊവേന്തയിൽത്തന്നെ ചേരാൻ കൊച്ചുചാണ്ടിയച്ചൻ തീരുമാനിച്ചു. കർമ്മലീത്താസഭയിൽ ചേർന്നാലും മിസ്സത്തിന്റെ ഗുണത്തിനുവേണ്ടി ജോലി ചെയ്യാൻ കഴിയുന്നതാണെന്ന് അക്കാലത്ത് പ്രൊപ്പഗാന്തയുടെ സെക്രട്ടറിയായിരുന്ന മോൺ. അയൂത്തിയുടെ സാക്ഷിപ്പ് കർമ്മലീത്തായിൽത്തന്നെ ചേരാൻ പ്രേരകമായി. പരിശുദ്ധ സിംഹാസനം അനുകൂലമായ നിലപാടു സ്വീകരിച്ചതും ഇക്കാരണത്താലാണ്.

### ജനങ്ങൾ കൊടുത്ത അംഗീകാരങ്ങൾ

മാന്നാനം കേന്ദ്രമാക്കി കൊച്ചുചാണ്ടിയച്ചൻ പ്രവർത്തനങ്ങളാരംഭിച്ചു. കർമലീത്താസഭയുടെ ഉത്തരവാദിത്വമേറിയ സ്ഥാനങ്ങളിലേക്ക് അതിശീഘ്രമെത്തി. 1903 മുതൽ 1933 വരെ കർമ്മലകുസുമം മാസികയിൽ തുടർച്ചയായി എഴുതി. വളരെ വിജ്ഞാനപ്രദമായ ലേഖനങ്ങളാണ് അവയെല്ലാം. ഈ ലേഖനങ്ങളുടെ സമാഹാരമാണ് പിന്നീട്, 'പ്രകാശരേഖകൾ' എന്ന ശീർഷകത്തിൽ പുറത്തിറങ്ങിയ പുസ്തകം. അനേകരുടെ ചിരപ്രതീക്ഷിതമായ ആഗ്രഹമായിരുന്നു ഈ ലേഖനങ്ങളുടെ പുസ്തകരൂപം. ശ്രീ മാത്യു സി. കട്ടക്കയം തയ്യാറാക്കിയ 'വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും' എന്ന ഗ്രന്ഥവും (1959) ഏറെ പ്രധാനപ്പെട്ട ഒരു ചരിത്രസമാഹാരമാണ്. പ്രൊപ്പഗാന്തയിലെ വിദ്യാഭ്യാസം, വിവിധ ഭാഷാജ്ഞാനം, പ്രസംഗചാതുരി, അനിതരസാധാരണമായ പുണ്യജീവിതം, ഭക്തശിരോമണി, അഗാധചിന്തകൻ, അജയ്യനായ താർക്കികൻ, ധന്യനായ വചനപ്രഘോഷകൻ, കുടുംബധ്യാനപ്രസംഗകൻ, സമുദായനേതാവ്, സുകൃത മാധുരി കവിഞ്ഞൊഴുകുന്ന നർമഭാഷണങ്ങൾ, വിശാലസമൂഹത്തിന്റെ ഗുണകാംക്ഷി, സംസ്കാരസമ്പന്നൻ, വേദാന്തനിപുണൻ, സുറിയാനിമല്പാൻ, കീർത്തികേട്ട ഉപദേഷ്ടാവ്, വായനക്കാരൻ, ഗുരുഭൂതൻ, ഗ്രന്ഥകർത്താവ്, പത്രാധിപർ, മരിയഭക്തൻ, വി. കുർബാനയുടെ ഭക്തൻ, പുനരൈക്യവക്താവ് (പന്തളം മിഷൻ കേന്ദ്രം) എന്നിങ്ങനെ കൊച്ചുചാണ്ടിയച്ചന്റെ അപദാനങ്ങൾ എത്രവേണമെങ്കിലും പറയാൻ കഴിയും. കുര്യനാട്, ചമ്പക്കുളം, പൂഞ്ഞാർ എന്നീ കൊവേന്തകളുടെ സ്ഥാപകൻ, മാന്നാനം കൊവേന്ത പ്രിയോർ, കർമ്മലീത്താസഭയുടെ ഡെഫനിത്തോർ, പ്രിയോർ ജനറൽ എന്നീ താക്കോൽസ്ഥാനങ്ങളിലിരുന്നു ശുശ്രൂഷ ചെയ്തു അദ്ദേഹം. രണ്ടാം തവണയും കൊച്ചുചാണ്ടിയച്ചൻ യൂറോപ്യൻ യാത്ര നടത്തുകയും കർമ്മലീത്താസഭയുടെ ഔദ്യോഗികകാര്യങ്ങൾക്കുവേണ്ടിയുള്ള നിയമപരമായ അംഗീകാരം വാങ്ങിച്ചെടുക്കുകയും നാട്ടിൽ വിവിധ കൊവേന്തകൾ സ്ഥാപിക്കുന്നതിലേക്കു ധനശേഖരണം നടത്തുകയും ചെയ്തു. കേരളത്തിലെ ഏറെക്കൂറെ എല്ലാ പള്ളികളിലും ഫലവത്തായ രീതിയിൽ ജ്ഞാനപ്രസംഗങ്ങൾ നടത്തി. പേരെടുത്ത ഗ്രന്ഥകാരനായിരുന്നു അദ്ദേഹം. പരിശുദ്ധ മാർപാപ്പയുടെ ശ്രേഷ്ഠാധിപത്യാദരവ്, തിരുസിംഹാസനാദരവ്, കത്തോലിക്കാസഭയും വിദ്യാഭ്യാസവും, ക്രിസ്തുനാഥചരിത്രം, വിശുദ്ധ അലക്സാണ്ടറുടെ ചരിത്രം എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ.

### ചില സുപ്രധാന സംഭവങ്ങൾ

കർമ്മലീത്ത പ്രിയോർ ജനറൽ എന്ന നിലയിൽ കൊച്ചുചാണ്ടിയച്ചൻ അസാധാരണമായ ഭരണമികവ് സമസ്ത മേഖലകളിലും പ്രകടമാക്കി. അദ്ദേഹത്തിന്റെ നേതൃത്വം എല്ലാവരും അംഗീകരിക്കുകയും ചെയ്തു.

തോമസ് കുര്യാളശ്ശേരിയച്ചനെ റോമിൽവച്ച് ഇറ്റാലിയൻ പഠിപ്പിച്ചു. 1904 ൽ വന്ദ്യനായ നിധീരിക്കൽ മാണിക്കത്തനാരുടെ കബറടക്കശുശ്രൂഷയും ചരമപ്രസംഗവും നടത്തി. കോട്ടയത്തുവച്ചു പത്താം പീയൂസ് പാപ്പായുടെ ജൂബിലിയാഘോഷവേളയിൽ ഏവരിലും മതിപ്പുളവാക്കിയ പ്രസംഗം ചെയ്തു. അഭിവന്ദ്യ കുര്യാളശ്ശേരി മെത്രാന്റെ ജൂബിലിയവസരത്തിലും ശേഷക്രിയാവസരത്തിലും ഈടുറ്റ സന്ദേശം നൽകി.

ശേഷം 10–ാം പേജിൽ

# ഇപ്പോൾ ഒരു വിനോബാ ഭാവെ ഉണ്ടായിരുന്നെങ്കിൽ!



അഡ്വ. എ.റ്റി.തോമസ് വാളനാട്ട്



**കേ**രളപ്പിറവിക്കുശേഷം അനേകം ഭൂപരിഷ്കരണനടപടികളും പട്ടയദാനമഹോത്സവങ്ങളും മിച്ചഭൂമിസമരങ്ങളും കണ്ടു. എന്നിട്ടും, സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ സർക്കാരിന്റെ ഭവനപദ്ധതികളിലൊന്നും ഇടം നേടാതെ, പുറംപോക്കിലും പാലത്തിനടിയിലും പ്ലാസ്റ്റിക് ഷീറ്റുകൾ പാർപ്പിടമാക്കി മാറ്റിയിട്ടുള്ളവരെപ്പറ്റി ചിന്തിക്കുമ്പോൾ ഓർത്തുപോയി; കേരളത്തിൽ ഇപ്പോൾ ഒരു വിനോബാ ഭാവെ ഉണ്ടായിരുന്നെങ്കിൽ!

വിനോബാ ഭാവെയെ ഓർമയില്ലേ? 1895 സെപ്റ്റംബർ 11 ന് മഹാരാഷ്ട്രയിലെ ഗാകോഡെ വില്ലേജിലെ ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ച വിനായക് നരഹരി ഭാവെ എന്ന വിനോബാ ഭാവെ. ഗാന്ധിജിയുടെ അരുമശിഷ്യനായിരുന്ന അദ്ദേഹമാണ് ഭൂദാനപ്രസ്ഥാനം ആരംഭിച്ചത്. 1951 ഏപ്രിൽ 18-ാം തീയതി പോച്ചംപള്ളി ഗ്രാമത്തിലെ, ഉടുതുണിക്കു മറുതുണിയില്ലാതിരുന്ന കുറെ ഹരിജനങ്ങൾ അദ്ദേഹത്തെ നേരിൽക്കണ്ട്, തങ്ങളുടെ ഉപജീവനത്തിനായി ഒരു എൺപതേക്കർ ഭൂമി ദാനമായി നൽകണമെന്നപേക്ഷിച്ചു. പ്രസ്തുത ആവശ്യത്തിന്റെ അത്യന്താപേക്ഷികത തിരിച്ചറിഞ്ഞ അദ്ദേഹം തെലുങ്കാനയിലെ ഭൂപ്രഭുക്കന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. അദ്ദേഹത്തെപ്പോലും ഞെട്ടിച്ചുകൊണ്ട് ഒരു ജന്മി, അത്രയും ഭൂമി താൻ ഒറ്റയ്ക്കു ദാനം ചെയ്യാൻ തയ്യാറാണെന്നറിയിച്ചു. ഈ വലിയ പ്രചോദനം ഉൾക്കൊണ്ട് അദ്ദേഹം ഭാരതത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ചു. 13 വർഷം കൊണ്ട് 58741 കി.മീ. കാൽനടയായി സഞ്ചരിച്ചപ്പോഴേക്കും അദ്ദേഹത്തിനു സൗജന്യമായി ലഭിച്ചത് 4.4 മില്യൺ ഏക്കർ ഭൂമിയാണ്. (ഒരു മില്യൺ = 10,00,000) അതിൽനിന്ന് 1.3. മില്യൺ ഏക്കർ കിടപ്പാടമില്ലാതിരുന്നവർക്കു വീതിച്ചു നൽകി. സർവോദയപ്രസ്ഥാനത്തിന്റെ പടനായകനായിരുന്ന അദ്ദേഹത്തിന് മഗ്സാസെ അവാർഡ്, ഭാരതരത്ന എന്നിവ ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചു.

വിനോബാജിക്കു സമാഹരിക്കാൻ സാധിച്ചത്ര ഭൂമിയൊന്നും ലഭിച്ചില്ലെങ്കിലും, ഇന്ന് അദ്ദേഹത്തെപ്പോലുള്ള മറ്റൊരു വിനോബാജി ഇറങ്ങിത്തിരിച്ചാൽ ആ ശ്രമം പാഴ്വേലയാകില്ല. കാരണങ്ങൾ പലതാണ്. 1950 കളിലെ വ്യവസ്ഥിതിക്കും മനുഷ്യരുടെ മനഃസ്ഥിതിക്കും ഒരുപാട് മാറ്റം വന്നിട്ടുണ്ട്. 1950 കളിലൊക്കെ ഭൂരിഭാഗം ജനങ്ങളുടെയും തൊഴിൽ കൃഷിയായിരുന്നു. കൗമാരപ്രായത്തിൽത്തന്നെ കാർഷികവൃത്തിയിലേക്കിറങ്ങുന്നു. വ്യവസായികമേഖലയോ സേവനമേഖലയോ ഇന്നത്തേതുപോലെ വികസിച്ചിരുന്നില്ല. കുടുംബാസൂത്രണമൊന്നും പ്രാബല്യത്തിൽ വന്നിട്ടില്ലാതിരുന്നതിനാൽ കർഷക/ കർഷകത്തൊഴിലാളികളുടെ ജനസംഖ്യ വളരെ കൂടുതലായിരുന്നു. പ്രാകൃതമായ കൃഷിരീതികളിൽക്കൂടി വലിയ ജനസംഖ്യയെ തീറ്റിപ്പോറ്റുന്നതിന് വളരെയേറെ ഭൂപ്രദേശം കൃഷി ചെയ്യേണ്ടിയിരുന്നു. ഇന്ന് ഹരിതവിപ്ലവത്തിലൂടെ ചുരുങ്ങിയ പ്രദേശത്തുനിന്നു കൂടുതൽ വിളവുത്പാദിപ്പിക്കാവുന്ന നൂതനസാങ്കേതികവിദ്യകൾ കണ്ടെത്തി.

ജനങ്ങളുടെ ദാനശീലത്തിൽ ഗണ്യമായ മാറ്റമുണ്ടായി. സോഷ്യലിസ്റ്റാശയങ്ങളുടെ പ്രചാരണംകൊണ്ടും ആദ്ധ്യാത്മിക പ്രഘോഷണങ്ങൾകൊണ്ടും മനുഷ്യരുടെ കാഴ്ചപ്പാടിനു തന്നെ മാറ്റം വന്നു. കുഷ്ഠരോഗമുണ്ടാകുന്നത് മുജ്ജന്മപാപം കൊണ്ടാണെന്നു വിശ്വസിച്ച് കുഷ്ഠരോഗികളെ കണ്ടാൽ കല്ലെറിയുന്ന മനോഭാവത്തിനു മാറ്റം വന്നു. വിദ്യാഭ്യാസംകൊണ്ടും സാങ്കേതികവളർച്ചകൊണ്ടും ഹൃദയവിശാലതയുണ്ടായി. പെരിന്തൽമണ്ണയിൽ MSA രോഗം ബാധിച്ച ആറുമാസം പ്രായമായ ഇർഫാൻ മുഹമ്മദിന്റെ ചികിത്സയ്ക്കുവേണ്ടി കേവലം രണ്ടാഴ്ചകൊണ്ടു സമാഹരിച്ചത് നാല്പത്തിയാറരക്കോടി രൂപയാണ്. (ചികിത്സ ലഭിക്കുന്നതിനുമുമ്പേ ആ കുഞ്ഞ് മരിച്ചുപോകുകയാണുണ്ടായത്.)

വ്യവസായമേഖലയിലും സേവനമേഖലയിലുമുണ്ടായ വളർച്ചനിമിത്തം വിദ്യാഭ്യാസം സിദ്ധിച്ച അനേകംപേർ വിദേശത്തും സ്വദേശത്തും ആ മേഖലകളിലെ ജോലികളിൽ വ്യാപൃതരായി. കാർഷികരംഗത്തുനിന്നുള്ള വരുമാനവുമായി താരതമ്യം ചെയ്യാൻ പറ്റാത്തത്ര വരുമാനം പ്രസ്തുത മേഖലകളിൽനിന്നു ലഭിച്ചപ്പോൾ അവരൊക്കെ കൃഷി ഉപേക്ഷിച്ചു. വരുമാനം വർദ്ധിച്ചപ്പോൾ ദാനശേഷിയിലും ദാനശീലത്തിലും മാറ്റം വന്നു. അവരുടെയൊക്കെ കൃഷിഭൂമികൾ ക്രമേണ തരിശുഭൂമികളായിത്തുടങ്ങി. പല കാരണങ്ങൾകൊണ്ടും കാർഷികവൃത്തി അനാകർഷകമായി മാറി. കൃഷി ലാഭകരമല്ലാതായി.

ഇത്തരമൊരു സാഹചര്യത്തിൽ പാർപ്പിടമില്ലാത്തവർക്ക് ഒരു തുണ്ടു ഭൂമിക്കുവേണ്ടിയുള്ള അപേക്ഷയുമായി, ഇഹലോകവാസം വെടിഞ്ഞ മദർ തെരേസയോ, അല്ലെങ്കിൽ വഴിയച്ചൻ എന്ന പേരുചൊല്ലി വിളിച്ചിരുന്ന വിരുത്തിയിൽ തോമസച്ചനോ ഒക്കെ ഇറങ്ങിത്തിരിച്ചിരുന്നെങ്കിൽ അദ്ഭുതങ്ങൾ സംഭവിക്കുമായിരുന്നു. വഴിയച്ചനെ ഓർക്കുന്നുണ്ടോ? കോട്ടയം, ആലപ്പുഴ ജില്ലകളിലായി 1600 കി.മീ. നീളത്തിൽ റോഡും കുറെ പാലങ്ങളുമാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിർമിച്ചുനൽകിയത്. ഇന്നു ജീവിച്ചിരിക്കുന്ന സാമൂഹികപ്രവർത്തകരുടെ കൂട്ടത്തിൽ മുൻപന്തിയിൽ നില്ക്കുന്ന പി.യു. തോമസിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ വിരളമായിരിക്കും. കോട്ടയം ആർപ്പൂക്കരയിലെ നവജീവൻ ട്രസ്റ്റ് അദ്ദേഹമാണു സ്ഥാപിച്ചത്. കോട്ടയം മെഡിക്കൽ കോളജിലെയും ജില്ലാ ആശുപത്രിയിലെയും മുഴുവൻ കിടപ്പുരോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കഴിഞ്ഞ 30 വർഷത്തിലധികം മുടങ്ങാതെ സൗജന്യ ഭക്ഷണം നൽകുന്ന അദ്ദേഹം മാനസികരോഗികൾക്കും ആലംബഹീനർക്കും അഭയകേന്ദ്രമാണ്.

കേരളത്തിന്റെ മുക്കിലും മൂലയിലും മനുഷ്യസ്നേഹികളായ അനേകം സാമൂഹികപ്രവർത്തകരുണ്ട്. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽനിന്നു വിരമിച്ച പ്രഫ. എം.എസ്. സുനിൽ (പേരുകേട്ടാൽ പുരുഷനെന്നു തോന്നാമെങ്കിലും സ്ത്രീയാണ്) ചുരുങ്ങിയ കാലംകൊണ്ട് പാർപ്പിടമില്ലാത്ത 200 പേർക്കാണ് സൗജന്യമായി വീടു നിർമിച്ചു നൽകിയത്. 650 ചതുരശ്രയടി വിസ്തീർണത്തിൽ നല്ല സുരക്ഷിതത്വമുള്ള വീടുകൾ വെറും 35 ദിവസംകൊണ്ടാണ് ആ മഹതി നിർമിച്ചുനൽകിയത്. ഇടുക്കി ശാന്തിനികേതൻ ആശ്രമത്തിലെ കപ്പുച്ചിൻ സന്ന്യാസസഭക്കാരനായ വൈദികൻ, ഫാ. ജിജോ കുര്യൻ 300 മുതൽ 400 ചതുരശ്രയടി വരെയുള്ള വീടുകൾ ശരാശരി മൂന്നു ലക്ഷം രൂപ ചെലവിലാണു നിർമിച്ചു സൗജന്യമായി നൽകുന്നത്. ഇരുമ്പുപൈപ്പും സിമന്റിഷ്ടികയും സിമന്റ് ഫൈബർ ബോർഡും കഴുകിയെടുത്ത പഴയ ഓടും ഉപയോഗിച്ച് രണ്ടു മുറികളും അടുക്കളയും ഡൈനിംഗ് ഇടവും വരാന്തയും ടോയ്‌ലറ്റുമുള്ള വീടുകൾ വെറും 15 ദിവസംകൊണ്ടു പൂർത്തിയാക്കുന്നു. ഇരുപതംഗ ടീമാണ് വീടിന്റെ നിർമാണം നടത്തുന്നത്. സുമനസ്സുകൾ നൽകുന്ന സംഭാവന മാത്രമാണ് ഇവരുടെയൊക്കെ വരുമാനസ്രോതസ്സ്. പി.യു. തോമസും പ്രഫ. എം.എസ്. സുനിലും ഫാ. ജിജോ കുര്യനുമൊന്നും ഡോക്ടറോ മനഃശാസ്ത്രജ്ഞനോ സാങ്കേതികവിദഗ്ധരോ ആത്മീയാചാര്യന്മാരോ അല്ല. കറ തീർന്ന മനുഷ്യസ്നേഹമല്ലാതെ മറ്റൊന്നുമല്ല അവരെയൊക്കെ നയിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതുപോലുള്ള ഏതെങ്കിലുമൊരു മനുഷ്യസ്നേഹി മറ്റൊരു വിനോബാജിയുടെ വേഷമണിഞ്ഞാൽ കേരളത്തിൽ കിടപ്പാടമില്ലാത്ത മുഴുവൻ പേർക്കും കിടപ്പാടം നിർമിച്ചു നൽകാൻ ആവശ്യമുള്ളത്ര ഭൂമി സമാഹരിക്കാൻ കഴിയുമെന്നതു തീർച്ചയാണ്. മക്കൾ വിദേശത്തു ജോലിക്കു പോയതിനാൽ നോക്കെത്താ ദൂരത്തു പരന്നുകിടക്കുന്ന പറമ്പിനു നടുവിൽ ഏകാന്തരായി കഴിയുന്ന മാതാപിതാക്കൾക്ക് വിളിപ്പാടകലെ താമസിക്കുന്ന ഒരു പാവപ്പെട്ടവന്റെ വീടുണ്ടായിരിക്കുന്നത് എന്തുകൊണ്ടും സുരക്ഷയാണെന്നു മക്കളും മാതാപിതാക്കളും ചിന്തിക്കാതിരിക്കുമോ? മേൽസൂചിപ്പിച്ചതുപോലുള്ള വീടുകൾ 15 ദിവസംകൊണ്ടും 35 ദിവസംകൊണ്ടുമൊക്കെ നിർമിക്കാൻ കഴിയും. അതിനുള്ള പണമൊക്കെ കേരളത്തിലെ സുമനസ്സുകൾ കണ്ടെത്തിക്കൊള്ളും. ജിജോയച്ചന് മേൽക്കൂര നിർമിക്കാൻ എത്ര ലക്ഷം പഴയ ഓടുകൾ നമ്മുടെ പരിസരങ്ങളിലുണ്ട്! വലിയ സാങ്കേതികവിദ്യ ആവശ്യമില്ലാത്ത ഇത്തരം നിർമാണപ്രവൃത്തികൾക്കു ശാരീരികാധ്വാനത്തിന്റെ പിന്തുണ നൽകാൻ തയ്യാറുള്ള എത്രയോ ചെറുപ്പക്കാരെ കണ്ടെത്താൻ കഴിയും!

ഭൂമി വീതിച്ചു നൽകുമ്പോൾ പട്ടയമടക്കമുള്ള രേഖകൾ സഹിതം ഗുണഭോക്താവിനു നൽകണം. തീർച്ചയായും സ്റ്റാമ്പ്/ രജിസ്ട്രേഷൻ ഫീസ്/ ജി.എസ്.ടി. ഇവയൊന്നും ഈടാക്കാതിരിക്കുക. സർക്കാർ ബഡ്ജറ്റിലോ സർക്കാരിന്റെ നേട്ടങ്ങളുടെ പട്ടികയിലോ ഒന്നും ഈ ഭവനപദ്ധതിയെ ഉൾപ്പെടുത്താതിരിക്കുക. ഇപ്രകാരം വീടു കിട്ടുന്ന പാവപ്പെട്ട മനുഷ്യരെ വോട്ടു ബാങ്കും പാർട്ടിഗ്രാമക്കാരുമായി കാണാതിരിക്കാനുള്ള വിവേകം രാഷ്ട്രീയപ്പാർട്ടിക്കാർ കാണിക്കണം. തങ്ങളുടെ തൊഴിൽ നഷ്ടപ്പെട്ടുവെന്ന് കരാറുകാർ പറയാതിരിക്കില്ല. ഇന്നലെവരെയില്ലാതിരുന്ന തൊഴിലായിരുന്നുവെന്ന് അവർ സമാധാനിക്കട്ടെ. തൊഴിലാളിയൂണിയൻ നേതാക്കന്മാരും അത്രമാത്രം ചിന്തിച്ചാൽ മതി. നന്നാകാനാണെങ്കിലും ഇതൊക്കെയാണു മാർഗം.

"നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ."

■

# തിളങ്ങുന്ന കണ്ണുകൾ

കഥ



**എസ്. എം. മണിക്കുട്ടൻ**

**ആ**ർത്തലച്ചെത്തിയ മഴ തോർന്നുതുടങ്ങിയിരുന്നു. തളം കെട്ടി നിൽക്കുന്ന വെള്ളത്തിൽ മഴത്തുള്ളികൾ വൃത്തം വരയ്ക്കുന്നു. അവൾ ഇപ്പോൾ മഴ ആസ്വദിക്കുകയാവും. എത്രയോ തവണ പിന്നാമ്പുറത്തെ മുറ്റത്ത് മഴയിൽ തുള്ളിക്കളിക്കുന്നതു കണ്ടിട്ടുണ്ട്. ഇവൾക്കു വട്ടാണോ എന്നുപോലും ചിന്തിച്ചിട്ടുണ്ട്. കൂടെ ഇറങ്ങിച്ചെല്ലാൻ വിളിക്കുമ്പോൾ മടിച്ചിരുന്നാൽ ദേഹത്തേക്കു വെള്ളം തേകിയൊഴിക്കും; എന്നിട്ട് ആർത്തു ചിരിക്കും. അന്നേരം ചെവി ചുവക്കുന്നതുവരെ തിരുമ്മി വേദനിപ്പിക്കണമെന്നും തോന്നും. എങ്കിലും അവളോട് ഉള്ളിന്റെയുള്ളിൽ സ്നേഹമായിരുന്നല്ലോ.

മുറ്റത്തെ പന്തലിൽ ആളൊഴിഞ്ഞിരിക്കുന്നു. രണ്ടു മൂന്നു സുഹൃത്തുക്കൾ മുറ്റത്തിനരികിലേക്കു മാറിനിന്നു സംസാരിക്കുന്നു.

സുഹൃത്ത് രമേശ് അടുത്തേക്കു വന്നു: ‘‘എന്നാ ഞങ്ങൾ എറങ്ങട്ടേടാ, ആവശ്യമെന്തെങ്കിലും ഉണ്ടെങ്കിൽ വിളിക്കണം.”

“ശരി അങ്ങനെയാകട്ടെ.”

അമ്മ ചിഞ്ചുമോളെയും എടുത്തുകൊണ്ടുവന്നു. “നീയിങ്ങനെ ഒരേയിരുപ്പിരുന്നാലെങ്ങനെയാ? പോയവരോ പോയി, എന്തെങ്കിലും വന്നു കഴിക്ക്. ഇവരുടെ കാര്യം നോക്കാൻ വേറാരുണ്ട്?”

ചിഞ്ചുമോൾ അമ്മയുടെ കൈയിൽനിന്നിറങ്ങി മടിയിൽ കയറിയിരുന്നു. അവൾക്ക് ഒന്നും മനസ്സിലായിട്ടില്ല. എങ്കിലും എന്തോ സംഭവിച്ചിരിക്കുന്നതായറിയാം.

“അച്ഛേ, അമ്മയെപ്പഴാ വരുവാ.”

“അമ്മ ഉടനെ വരും.”

താൻ ശ്രദ്ധിക്കേണ്ടതായിരുന്നു. അല്ലെങ്കിലും ഓവർടൈം ജോലി ചെയ്ത് ക്ഷീണിച്ചു വരുമ്പോൾ എല്ലാം ശ്രദ്ധിക്കാൻ പറ്റുമോ?

ഇടയ്ക്ക് തലവേദനയുടെ കാര്യം ഇന്ദു പറയുമായിരുന്നു. സാധാരണ തലവേദനയായി മാത്രമേ കണക്കാക്കിയിരുന്നുള്ളൂ.

അമ്മയെയുംകൂട്ടി ഹോസ്പിറ്റലിൽ പോകാൻ ഒരിക്കൽ പറഞ്ഞതാണ്. അന്നേരം ചേട്ടനു കൊണ്ടുപോകാൻ പറ്റുമെങ്കിലേ ഞാൻ പോകൂ എന്ന വാശിയിലായിരുന്നു.

അവൾ പണ്ടേ ഒരു വാശിക്കാരിയായിരുന്നു. ബ്രോക്കർ സുഗുണന്റെകൂടെയാണ് ഇന്ദുവിനെ പെണ്ണുകാണാൻ പോയത്. അവളുടെ വീട്ടുകാർക്കു ബോധിച്ചില്ലെങ്കിലും ഈ വിവാഹംതന്നെ മതിയെന്ന് അവൾ വാശിപിടിച്ചു.

ഒരു സർക്കാർ ജോലിക്കാരനെക്കൊണ്ട് ഇന്ദുവിനെ വിവാഹം കഴിപ്പിക്കാനായിരുന്നു അവളുടെ അച്ഛൻ ഉദ്ദേശിച്ചിരുന്നത്. അതിനിടയിലാണ് എന്റെ വിവാഹാലോചനയുമായി സുഗുണൻ ചെന്നത്. ആദ്യം വേണ്ടെന്നു പറഞ്ഞെങ്കിലും ബ്രോക്കറുടെ നിർബന്ധപ്രകാരം കണ്ടു പൊയ്ക്കോട്ടെ എന്ന് അച്ഛൻ സമ്മതിച്ചു.

ചിഞ്ചുമോൾ മുഖം പിടിച്ചു തിരിച്ചുകൊണ്ടു ചോദിച്ചു:



“അമ്മ എപ്പോഴാ വരുവാ...”

പുതിയ സാരിയൊക്കെയുടുത്ത് ഇന്ദു എങ്ങോട്ടോ യാത്ര പോയിരിക്കുകയാണെന്നാണ് ചിഞ്ചു വിചാരിച്ചിരിക്കുന്നത്.

“ഉടനെ വരും മോളെ.”

കണ്ണിൽ നിറഞ്ഞ വെള്ളം അവൾ കാണാതെ തുടച്ചു.

ടാർജെറ്റ് ഒപ്പിക്കാനുള്ള മരണപ്പാച്ചിലിനിടയിൽ കുടുംബത്തെ ശ്രദ്ധിക്കാൻ എവിടെയാണ് സമയം? ശ്രദ്ധിക്കേണ്ടതായിരുന്നു. മോളെയെടുത്ത് തോളത്തു കിടത്തി വരാന്തയിൽക്കൂടി നടന്നു. അടുത്ത മഴയ്ക്കുള്ള തുടക്കമാണെന്നു തോന്നുന്നു. പിശറൻകാറ്റിന്റെകൂടെ മഴത്തുള്ളികളും വരാന്തയിലേക്കു കയറിവന്നു.

മോളെ ബഡ്ഡിൽ കിടത്തുമ്പോൾ മനസ്സ് ഒന്നു തേങ്ങി. അവളുടെ സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. എന്തുകൊണ്ടോ മുറിയിൽ അധികസമയം നിൽക്കാൻ തോന്നിയില്ല. പുറത്തേക്കു നടക്കുമ്പോൾ പിറകിൽനിന്ന് ‘ഉണ്ണിയേട്ടാ’ എന്നൊരു വിളി കേൾക്കുന്നതുപോലെ.

വരാന്തയിലെ ചാരുകസേരയിലിരുന്നു. അച്ഛന്റെ കസേരയായിരുന്നു. മനസ്സിനു വിഷമം വരുന്ന സമയം ചാരുകസേരയിൽ കുറച്ചുനേരം കിടന്നാൽ ആശ്വാസം കിട്ടും, ആരോ തലോടുന്നതുപോലെ തോന്നും.

വെളിച്ചം കുറഞ്ഞു വരുന്നു. മഴയോടൊപ്പം ഇരുട്ടും പരന്നു തുടങ്ങിയിരിക്കുന്നു.

“ഉണ്ണിയേട്ടാ,” ഇന്ദു മുന്നിൽ ചിരിച്ചുകൊണ്ടു നിൽക്കുന്നു.

അവൾ വിവാഹവസ്ത്രം ധരിച്ചാണു നിൽക്കുന്നത്. വളരെ മനോഹരിയായിരിക്കുന്നു. അയാളുടെ ഉള്ളിലൂടെ മിന്നൽ കടന്നുപോയി. “ചേട്ടനെന്നാ ഇങ്ങനെ അന്തംവിട്ടു നോക്കിയിരിക്കുന്നത്?”

“വെറുതേ” അയാളിൽനിന്നു ശബ്ദം യാന്ത്രികമായി പുറത്തുവന്നു.

“ഇനിയും ജോലി ജോലീന്നു പറഞ്ഞ് വീട്ടിൽ താമസിച്ചു വരരുത്, നമ്മുടെ മോൾ തനിയേ ഉള്ളൂവെന്ന് ഓർമ്മ വേണം.”

അയാൾ ഇന്ദുവിന്റെ മുഖത്തേക്കു ദീനമായി നോക്കി.

‘‘ഞാനൊത്തിരി സ്വപ്നം കണ്ടതാ നമ്മളൊന്നിച്ചൊരു നല്ല ജീവിതം. പക്ഷേ, അതിന് ദൈവം അനുവദിച്ചില്ല. ഉണ്ടായിരുന്ന സമയത്ത് ചേട്ടനു സമയവുമില്ലായിരുന്നു.”

ഇന്ദു അയാളുടെ കൈയിൽ പിടിച്ചു. അവൾ അയാളുടെ കണ്ണുകളിലേക്കു നോക്കി. ആ കണ്ണുകൾ വജ്രംപോലെ തിളങ്ങുന്നുണ്ടായിരുന്നു.

ഇന്ദുവിന്റെ കണ്ണുകളെ നേരിടാനാകാതെ അയാൾ താഴേക്കു നോക്കിനിന്നു.

അയാളുടെ ശരീരം തളരുന്നുണ്ടായിരുന്നു. ശരീരത്തുകൂടി വിയർപ്പുചാലുകൾ ഒഴുകുന്നു.

ഞെട്ടിയെഴുന്നേറ്റ അയാൾക്ക് വരാന്തയിൽനിന്ന് ഒരു പുകമഞ്ഞു നീങ്ങി ആകാശത്തു മറയുന്നതുപോലെ തോന്നി. മഴ മാറി ആകാശം തെളിഞ്ഞിരിക്കുന്നു. ■




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



# കാബൂളിലെ പെൺകുട്ടികൾ

**ജോയിഷ് ജോസ്**

“**ലോ**കത്തിൽ എന്തുമാകാൻ ഞാനിഷ്ടപ്പെടുന്നു, ഒരു സ്ത്രീയായൊഴിച്ചെന്തും. ഞാനൊരു തത്തയാകാം, പെണ്ണാടാകാം, മാനോ, മരത്തിൽ പാർക്കുന്ന കുരുവിയോ ആകാം... ഞാൻ പ്രകൃതിയിലെ എന്തുമാകാം. പക്ഷേ, ഒരു പെണ്ണാകാനില്ല ഒരു അഫ്ഗാൻപെണ്ണാകാനില്ല.”

*റോയ കാബൂൾ*

സ്ത്രീകളുടെ പേരുച്ചരിക്കാത്ത ഒരു സമൂഹം. അവളുടെ പേര് ഉറക്കെപ്പറയുന്നത് അപമര്യാദയായി കരുതിപ്പോരുന്ന




ജെന്നി നോർദ്ബെർഗ്

ജനവിഭാഗം. അതേ, അഫ്ഗാൻ ജനങ്ങൾ ഇന്നും ഈ കാഴ്ചപ്പാടിൽ ഉറച്ചുവിശ്വസിക്കുന്നവരാണ്. കുടുംബത്തിലെ മുതിർന്ന പുരുഷനുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അഫ്ഗാൻ സ്ത്രീകളെ സമൂഹം തിരിച്ചറിയുന്നത്. ഇന്നയാളുടെ ഭാര്യ, അല്ലെങ്കിൽ മകൾ, സഹോദരി, സഹോദരിയുടെ പുത്രി. അവളുടെ വിളിപ്പേരുകൾ വിശേഷണങ്ങളാണ്. സ്ത്രീക്ക് ഒറ്റയ്ക്ക് ഒരു നിലനില്പില്ലെന്ന് ആവർത്തിച്ചുറപ്പിക്കുന്നവണ്ണം അവരിന്നും കാലങ്ങളായി പിന്തുടരുന്ന ഈ വിശേഷണങ്ങളിൽ സ്വന്തം സ്ത്രീകളുടെ വ്യക്തിത്വം അരുംകൊല ചെയ്യപ്പെടുന്നു.

ഒരു കുഞ്ഞിന്റെ ജനനസർട്ടിഫിക്കറ്റിൽപ്പോലും പെറ്റമ്മയുടെ പേരു വേണ്ടതില്ലെന്ന് അഫ്ഗാൻ സമൂഹം വിശ്വസിക്കുന്നു. വിവാഹക്ഷണക്കത്തുകളിൽ വരന്റെയും അച്ഛന്റെയും പേരുമാത്രമേ കാണാനാകൂ.

വംശപരമ്പര നിലനിർത്താനും കുടുംബഭാരം ചുമക്കാനും കുടുംബത്തിൽ ഒരാൺകുട്ടി കൂടിയേ തീരൂ എന്ന ചിന്താഗതി ലോകത്തെല്ലായിടത്തും സമാനം തന്നെ. എന്നാൽ, അഫ്ഗാനി കുടുംബങ്ങൾ അവിടെ വ്യത്യസ്തമാകുന്നത്, കുടുംബത്തിൽ ആൺകുട്ടികളില്ലെങ്കിൽ പെൺകുട്ടികളിലൊരാളെ ആൺകുട്ടി




യാക്കിത്തീർക്കുന്നതിലൂടെയാണ്. മുടി മുറിച്ചും ആൺവേഷങ്ങൾ ധരിപ്പിച്ചും ആൺപേരു നൽകിയും അവർ തങ്ങളുടെ പെൺകുട്ടിയെ കുടുംബത്തിലെ ആൺതരിയാക്കുന്നു. വ്യത്യസ്ത ദേശങ്ങളിൽ സ്ത്രീത്വം മറച്ചുവച്ച് സാമൂഹികപദവിയും ജീവിതസ്വാതന്ത്ര്യവും തിരിച്ചുപിടിക്കാൻ പുരുഷവേഷം കെട്ടിയ സ്ത്രീകൾ ചരിത്രത്തിലുണ്ട്. എന്നാൽ, ആചാരത്തിന്റെയും വിശ്വാസത്തിന്റെയും ദാരിദ്ര്യത്തിന്റെയും അഭിമാനത്തിന്റെയും പേരിലെല്ലാം അഫ്ഗാനിസ്ഥാനിൽ ഇന്നുമിതു തുടരുന്നു. ലോകത്തെ സ്തബ്ധമാക്കിയ ആ അനുഭവവിവരണമാണ് പ്രശസ്ത സ്വീഡിഷ് സാമൂഹികപ്രവർത്തകയായ ജെന്നി നോർദ്ബെർഗ് ‘കാബൂളിലെ പെൺകുട്ടികൾ’ എന്ന പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നത്.

നിരന്തരം അധിനിവേശത്തിനും യുദ്ധത്തിനും ഇരയാകുന്ന ഒരു രാജ്യത്ത്, കടുത്ത യാഥാസ്ഥിതികമായ സമൂഹത്തിൽ പുരുഷമേധാവിത്വത്തിന്റെ ഹുങ്കിനു കീഴിൽ ജീവിക്കേണ്ടിവരുന്ന, ആൺകുട്ടികളില്ലാത്ത വീട്ടിൽ ആൺവേഷം കെട്ടി ഒരു കുടുംബത്തെ അപമാനത്തിൽനിന്നും പട്ടിണിയിൽനിന്നും കരയറ്റാൻ ശ്രമിക്കുന്ന ദൗർഭാഗ്യവതികളായ (ഭാഗ്യവതികളായ) പെൺജീവിതങ്ങളെ നമുക്കീ പുസ്തകത്തിൽ കാണാം. പുരുഷാധിപത്യത്തിന്റെ കൈപ്പിടിയിലമർന്ന് സ്വന്തമായ ശബ്ദവും മുഖവും നഷ്ടപ്പെട്ട അഫ്ഗാൻ സ്ത്രീകളുടെ പ്രതിനിധികളെ ഈ പുസ്തകം നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുന്നു. കേന്ദ്രകഥാപാത്രമായ അസിതയുടെ മകൾ മെഹ്റാൻ മുതൽ ഷാഹിദ് വരെയുള്ള അഫ്ഗാനിലെ ഓരോ പെൺകുട്ടിയുടെയും ദുരന്തചിത്രങ്ങൾ നമ്മെ ഒട്ടൊന്നു നൊമ്പരപ്പെടുത്തുക തന്നെ ചെയ്യും. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നിങ്ങൾ ആകാശത്തിന്റെ അതിർത്തിയിലേക്കു ചിതറിപ്പോയാലും അവിടെനിന്ന് കർത്താവ് നിങ്ങളെ ഒരുമിച്ചുകൂട്ടുകയും തിരികെക്കൊണ്ടുവരികയും ചെയ്യും.

നിയമാവർത്തനം 30:4

## എഡിറ്റോറിയൽ

### ശമ്പളക്കമ്മീഷൻ ശുപാർശകൾ

# നടപ്പാക്കാൻ നയം മാറണം

**പ**തിനൊന്നാം ശമ്പളക്കമ്മീഷന്റെ അന്തിമശുപാർശകൾ കെ. മോഹൻദാസിന്റെ നേതൃത്വത്തിലുള്ള സമിതി സംസ്ഥാന സർക്കാരിനുമുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണ്. നിർണായകവും കാലാനുസൃതവുമായ പരിഷ്കാരങ്ങളടങ്ങിയ നിർദേശങ്ങളാണ് കമ്മീഷൻറിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നത്. പല കമ്മീഷനുകളും കമ്മിറ്റികളും ശുപാർശ ചെയ്തിട്ടും മുൻസർക്കാരുകൾ അറച്ചുനിന്ന ഒരുപിടി കാര്യങ്ങളിൽ രണ്ടാം പിണറായി സർക്കാരും ഇടതുമുന്നണിയും കൈക്കൊള്ളുന്ന നയസമീപനം കാത്തിരുന്നു കാണേണ്ടതാണ്.

ശമ്പളക്കമ്മീഷൻ ഇപ്പോൾ നൽകിയിട്ടുള്ള ശുപാർശകളിൽ ശ്രദ്ധാവിഷയമായിരിക്കുന്ന ഒന്നാണ് സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം 56 ൽനിന്ന് 57 ആക്കണമെന്നത്. അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിനു യുവജനങ്ങൾ തൊഴിൽരഹിതരായുള്ള സംസ്ഥാനത്ത് പെൻഷൻപ്രായം വർദ്ധിപ്പിക്കുന്ന നയസമീപനത്തെ ഇടത്, വലതു വ്യത്യാസമില്ലാതെ വിദ്യാർത്ഥി - യുവജനസംഘടനകൾ നഖശിഖാന്തം എതിർത്തുകഴിഞ്ഞു. അതേസമയം, മിക്ക സംസ്ഥാനത്തും 58 വയസ്സും കേന്ദ്രത്തിൽ 60 വയസ്സുമാണ് പെൻഷൻപ്രായം. പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന സർവീസ് സംഘടനകളുടെ കൂടക്കൂടെയുള്ള ആവശ്യം അവഗണിക്കാനും സർക്കാരിനു താത്പര്യമില്ല. ഏതായാലും സമവായചർച്ചയിലൂടെ മാത്രമേ പെൻഷൻപ്രായക്കാര്യത്തിൽ സർക്കാരിനു തീരുമാനമെടുക്കാനാവൂ.

സർവീസിലിരിക്കേ മരിക്കുന്നവരുടെ ആശ്രിതർക്കു ജോലി നൽകുന്ന പദ്ധതിവഴി സർക്കാർ സർവീസിന്റെ കാര്യക്ഷമതയിൽ ഇടിവു വരുന്നതായുള്ള ശമ്പളക്കമ്മീഷൻ ശുപാർശയ്ക്ക് സാമൂഹികപ്രസക്തിയുണ്ട്. മെറിറ്റുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നതുമാത്രമല്ല, ജോലി പിന്തുടർച്ചാവകാശത്തിന്റെപേരിൽ മാത്രം നൽകുന്ന രീതി യുക്തിരഹിതവും അനൗചിത്യവുമാണ്. കൂടാതെ, മൗലികാവകാശങ്ങളിൽപ്പെട്ട ആർട്ടിക്കിൾ പതിനാറിന്റെ അന്തസ്സത്ത ലംഘിക്കുന്നതുമാണെന്നാണ് നിരീക്ഷണം.

അഥവാ, ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ ആശ്രിതനിയമനം നൽകേണ്ടിവന്നാൽത്തന്നെ, അതു സ്ക്രീനിങ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം. അതായത്, ഉയർന്ന ഗ്രേഡുകളിലേക്ക് യാതൊരു മെറിറ്റും നോക്കാതെ സ്വാഭാവികമെന്നോണം സ്ഥാനക്കയറ്റം നൽകി ഉദ്യോഗത്തിന്റെ അന്തസ്സു നശിപ്പിക്കരുതെന്നു സാരം. മാത്രമല്ല, ആശ്രിതനിയമനം വഴി ജോലിക്കു കയറുന്ന ഒരാൾക്ക് പി.എസ്.സി. വഴി ജോലി ലഭിക്കുന്നതിനെക്കാൾ സ്ഥാനക്കയറ്റവും മറ്റും ലഭിക്കും. ആശ്രിതർക്ക് മികച്ച സാമ്പത്തികാനുകൂല്യങ്ങളും ക്ഷേമപദ്ധതികളും നൽകി സർക്കാർ അവരെ പിന്തുണയ്ക്കുകയാണു വേണ്ടത്. ആശ്രിതനിയമനം ഒഴിവാക്കണമെന്ന കമ്മീഷൻ നിർദേശത്തെ സർവീസ് സംഘടനകൾ എതിർക്കുമെന്നിരിക്കെ, ആശ്രിതനിയമനം പാടേ നിഷേധിക്കാതെ നിയന്ത്രണങ്ങൾ കൊണ്ടുവരാനായിരിക്കും സാധ്യത.

എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിന് റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന നിർദേശം മാനേജുമെന്റുകൾക്കു കടിഞ്ഞാണിടുന്നതാണ്. എയ്ഡഡ് കോളജുകളിൽ സർക്കാരിന്റെ പ്രതിനിധിയും വിഷയവിദഗ്നുമടങ്ങുന്ന ബോർഡ് അഭിമുഖം നടത്തി മെറിറ്റടിസ്ഥാനത്തിൽ യോഗ്യതാലിസ്റ്റു തയ്യാറാക്കി മാനേജുമെന്റിന്റെ നിർദേശാനുസൃതം നിയമനം നടത്തുന്ന രീതിയാണുള്ളത്. എയ്ഡഡ് സ്ഥാപനങ്ങളിൽ നിയമനം മാനേജുമെന്റും ശമ്പളം സർക്കാരും എന്നു വ്യവസ്ഥ ചെയ്യുന്ന കരാർ, കാലങ്ങളായി മാനേജുമെന്റും സർക്കാരും തമ്മിലുണ്ട്. ഇതിലെന്തെങ്കിലും മാറ്റം വരുത്തണമെന്നുണ്ടെങ്കിൽത്തന്നെ അതു നിയമനിർമാണത്തിലൂടെ മാത്രമേ പറ്റൂ.

സംസ്ഥാനസർവീസിലേക്കുള്ള നിയമനങ്ങളിൽ മറ്റു പിന്നാക്കക്കാർക്കുള്ള സംവരണങ്ങളിൽനിന്ന് ഇരുപതുശതമാനം അതതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി നീക്കിവയ്ക്കണമെന്ന നിർദേശവും നയപരിശോധനയ്ക്കു വിധേയപ്പെടേണ്ടതാണ്. സംവരണാനുകൂല്യമുള്ള വിഭാഗങ്ങളുടെ അഭിപ്രായം കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

പ്രവൃത്തിദിവസം അഞ്ചാക്കുക, ജോലി സമയം ഒരു മണിക്കൂർ കൂട്ടുക, ജോലിക്ക് വൈകിയെത്തുന്ന ഓരോ മണിക്കൂറിനും ശമ്പളത്തിൽനിന്ന് ഒരു ശതമാനംവീതം വെട്ടിക്കുറയ്ക്കുക എന്നിങ്ങനെ കുറെയേറെ പ്രസക്തമായ നിർദേശങ്ങളും ശമ്പളക്കമ്മീഷൻ മുന്നോട്ടുവച്ചിട്ടുണ്ട്.

വർക്ക് ഫ്രം ഹോം എന്നത് ലോകമെമ്പാടും യാഥാർത്ഥ്യമായിക്കഴിഞ്ഞു. സർക്കാർ ഓഫീസുകൾ കടലാസുരഹിതമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വേതനപരിഷ്കാരത്തോടൊപ്പം സേവനം മെച്ചപ്പെടുത്താനാവശ്യമായ ഏതാനും പ്രായോഗികവും കാര്യക്ഷമവുമായ നിർദേശങ്ങളുംകൂടി എത്രയുംവേഗം നടപ്പാക്കാൻ സർക്കാരിനു കഴിയട്ടെ. ജനങ്ങളുടെ ക്ഷേമവും നന്മയും ഉറപ്പാക്കുന്ന വിപ്ലവകരമായ നയംമാറ്റത്തിനുള്ള ഇച്ഛാശക്തി സർക്കാരിനുണ്ടാവട്ടെ. ■



## പ്രതികരണം

# കർഷകരുടെ കണ്ണീർ കണ്ടില്ലെന്നു നടിക്കരുത്

ലോകം മുഴുവൻ കൊവിഡ് മഹാമാരി സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കുന്നു.

എന്നാൽ, എന്തുവന്നാലും ഒന്നും തങ്ങളെ ബാധിക്കില്ലായെന്ന് ഊറ്റംകൊള്ളുന്ന ഉദ്യോഗസ്ഥ - രാഷ്ട്രീയ കൂട്ടുകെട്ട് ഒന്നുമറിയാത്തപോലെ കണ്ണും പൂട്ടിയിരിക്കുന്നു. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും പൊതുക്കടം വർഷംതോറും കൂടിവരുന്നു. അതിന്റെ ബാധ്യത അടുത്ത തലമുറയ്ക്കു കൈമാറി അവർ സുരക്ഷിതതാവളം തേടുന്നു. രാജ്യത്ത് രണ്ടുതരം പൗരന്മാരെ സൃഷ്ടിച്ചതും ഈ ഉദ്യോഗസ്ഥ - രാഷ്ട്രീയ കൂട്ടുകെട്ടല്ലേ? മാറിമാറി വരുന്ന ഭരണനേതൃത്വങ്ങൾ തങ്ങളുടെ മാത്രം ക്ഷേമമുറപ്പാക്കി ശമ്പളക്കമ്മീഷനെ നിയോഗിക്കുന്നു. അവർ ഓരോ പ്രാവശ്യവും ശമ്പളപരിഷ്കരണം നടത്തി തങ്ങളുടെ നിലനില്പ് ഉറപ്പാക്കുന്നു. ഈ നില ഇങ്ങനെ എത്രനാൾ തുടരും? രാജ്യത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും അനുഭവിക്കുന്ന ഇവർ ശമ്പളവർദ്ധനയ്ക്കുവേണ്ടി മുറവിളികൂട്ടുന്നു. സാദാ ജനം കടംകൊണ്ടു പൊറുതിമുട്ടി ജീവിതം അവസാനിപ്പിക്കാൻ നിർബന്ധിതരാകുന്നു.

വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ ഇച്ഛാശക്തിയുള്ള ഒരു ഗവണ്മെന്റില്ലാത്തതല്ലേ നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം? ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ മേലാളന്മാരുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളും പരിഷ്കരിക്കുമ്പോൾ കൃഷിക്കാരും തൊഴിലാളികളുമടങ്ങുന്ന വലിയ ജനവിഭാഗം അവഗണിക്കപ്പെടുന്നു.

രാഷ്ട്രീയപ്പാർട്ടികളുടെ അഴിമതിക്കഥകളും അധാർമികത പ്രവൃത്തികളും കണ്ടുകണ്ടു സഹികെട്ട പൊതുജനത്തിന്റെ ഇച്ഛാശക്തിയിൽ നിന്നുയിർകൊണ്ട പ്രസ്ഥാനങ്ങളാണ് കിഴക്കമ്പലത്തെ ട്വന്റി ട്വന്റിയും ഡൽഹിയിലെ ആം ആദ്മിപാർട്ടിയും ഈയടുത്തകാലത്ത് രൂപംകൊണ്ട വൺ ഇന്ത്യ വൺ പെൻഷൻ മൂവ്മെന്റുമൊക്കെ. ഭരണത്തിൽനിന്ന് അഴിമതി തുടച്ചുനീക്കിയാൽ ജനക്ഷേമകരമായ പല പദ്ധതികളും നടപ്പാക്കാമെന്ന് ആം ആദ്മി പാർട്ടി കാണിച്ചുകൊടുത്തു. അപ്രകാരം പ്രാദേശികജനവികാരം ഉൾക്കൊണ്ട് കിഴക്കമ്പലത്തു രൂപീകൃതമായ ട്വന്റി ട്വന്റി പാർട്ടിയും ജനക്ഷേമകരമായ പല പരിപാടികളും നടപ്പാക്കി. മനുഷ്യസ്നേഹിയും വ്യവസായിയുമായ സാബു ജേക്കബിന്റെ നേതൃത്വത്തിൽ കിഴക്കമ്പലം പഞ്ചായത്തു മാത്രമല്ല, ചില സമീപപഞ്ചായത്തുകൾകൂടി കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പിടിച്ചടക്കി. ഇങ്ങനെ പോയാൽ കേരളത്തിന്റെ ഭരണം തങ്ങളുടെ കൈവിട്ടുപോകുമെന്നു ഭയന്നു വിറളി പിടിച്ചാണ് രാഷ്ട്രീയനേതൃത്വം, കിറ്റെക്സ് കമ്പനി കേരളത്തിൽ മുടക്കേണ്ടിയിരുന്ന 3500 കോടിയുടെ വ്യാവസായികനിക്ഷേപം നമ്മുടെ സംസ്ഥാനം കടത്തിയത്.

ഈ അടുത്തകാലത്ത് സോഷ്യൽ മീഡിയയിലും മറ്റും ശക്തമായി മുന്നേറിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനമായ 'വൺ ഇന്ത്യ വൺ പെൻഷൻ' മുന്നോട്ടു വച്ച ചില ആശയങ്ങൾ വളരെ ശ്രദ്ധേയമാണ്. അറുപതു കഴിഞ്ഞ എല്ലാ പൗരന്മാർക്കും പതിനായിരം രൂപ ക്ഷേമപെൻഷൻ കൊടുക്കുക. എന്നാൽ, ചാനലുകളോ പത്രമാധ്യമങ്ങളോ ഇതിനെ പിന്തുണച്ചു കണ്ടില്ല. പിന്നിൽ രാഷ്ട്രീയക്കാരുടെ കുടിലബുദ്ധിയും അധികാരത്തിന്റെയും പണത്തിന്റെയും പിൻബലവുമെന്നു സുവ്യക്തം.

അനർഹമായി സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെയെല്ലാം ശമ്പളം വെട്ടിക്കുറയ്ക്കണം. ഇതിനൊക്കെ എതിരായി സർക്കാർ നിയമപ്രശ്നങ്ങൾ ഉന്നയിച്ചേക്കാം. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിനു പരിഹരിക്കാവുന്ന പ്രശ്നമല്ലേ ഇത്? സാധാരണക്കാരനു മൂന്നുനേരമെങ്കിലും ഭക്ഷണം കഴിക്കാൻ ആവുന്നവിധത്തിലുള്ള ഒരു സാമ്പത്തികക്രമീകരണം നടത്തിയിട്ടു മതി കൂടുതൽ വിമാനത്താവളങ്ങളും ഹൈവേകളും മറ്റും. അല്ലാതെയുള്ള വികസനക്കുതിപ്പ് അർത്ഥപൂർണമല്ല. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നുള്ള രാഷ്ട്രപിതാവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.

**ഷാജി മറ്റം**
**വലവൂർ**

## കേസ് കളിക്കുന്ന യൂണിവേഴ്സിറ്റി

കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയുടെ സമീപകാല തനിസ്വഭാവം വെളിപ്പെടുത്തുന്ന ഒരു കേസ് വാർത്ത ഇക്കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിലുണ്ട്.

കേരളത്തിൽ ഏറെ കേസ് നടത്തിയിട്ട്, ആലുവ യു.സി. കോളജ് പ്രിൻസിപ്പൽ നിയമനക്കേസുമായി, എന്തോ ലക്ഷ്യംവച്ച് ഈ സർവകലാശാല (പല സർവകലാശാലകളും ഇപ്പോൾ സർവ വികൃതിശാലകളാണ്) സുപ്രീംകോടതിയിലേക്കു ചെന്നു.

കേസ് ചെലവുകൾ ആരുടെയും വീട്ടുമുതല്ലല്ലോ. അവസാനം സുപ്രീം കോടതിയുടെ തീർപ്പും വിലയിരുത്തലും എന്തെന്ന് പത്രങ്ങൾ പറഞ്ഞിട്ടുണ്ട്.

ഈ സർവകലാശാലയുടെ പത്തു വർഷങ്ങൾ പിന്നിട്ട ആറു മാസക്കോഴ്സുകളുടെ സർട്ടിഫിക്കറ്റിലെ 'മണ്ടത്തരം' തിരുത്താനായി വൈസ് ചാൻസലർക്ക് നേരിട്ട് രജിസ്റ്റേർഡ് അപേക്ഷ കൊടുത്തിട്ടു മറുപടിപോലും തന്നില്ല. പകരം, ആ സർട്ടിഫിക്കറ്റ് കേസുമായി ഈ സർവകലാശാല 20 കേസവധി ദിനങ്ങളിലൂടെ 22 മാസങ്ങൾ, വലിയ വക്കീലിനെ വച്ചു കൺസ്യൂമർ കമ്മിഷനിൽ കേസ് നടത്തി. ഒറ്റവാചകത്തിലെ തെറ്റുതിരുത്തൽ മാത്രം മതിയായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ പ്രായോഗിക അറിവുള്ളവർക്കു ഒറ്റ നോട്ടത്തിൽ മനസ്സിലാകുന്ന കാര്യമേയുള്ളു. കാര്യമായ പണച്ചെലവോ സമയനഷ്ടമോ ഇല്ലാതെ തീർക്കേണ്ടിയിരുന്ന ചെറിയ കാര്യത്തിനാണ് വ്യവഹാര പ്രിയയായ സർവകലാശാല, പരാതിക്കാരനോടു മിണ്ടുകപോലും ചെയ്യാതെ, കേസ് കളിക്കുന്നത്.

കൺസ്യൂമർ കമ്മീഷൻ ഇതു തങ്ങളുടെ വിഷയമല്ലെന്നു വിധിച്ചു.

പ്രബുദ്ധരെന്നു ജനം കരുതുന്നവരുടെ ഈ മാതിരി കേസുകളിപ്രിയം, ബന്ധപ്പെട്ട മേലധികാരികൾ പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

**ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**



# നീലജലാശയത്തിൽ നീന്തും നീർപ്പക്ഷികൾ

ലക്ഷദ്വീപ് വിശേഷങ്ങൾ 7



മാത്യൂസ് പ്ലാക്കൻ

**ല**ക്ഷദ്വീപുകളിലെ ഏറ്റവും ദൃശ്യസുന്ദരമായ ദ്വീപാണ് ബംഗാരം. ഒരു കണ്ണീർത്തുള്ളിയുടെ രൂപമാണ് ബംഗാരദ്വീപിനുള്ളത്. ശാന്തമായ, തെളിഞ്ഞ നീലക്കടൽ. ലഗൂണുകൾ ഇവിടം സഞ്ചാരികളുടെ സ്വർഗമാക്കിത്തീർക്കുന്നു. ഇവിടെ നൂറിൽ താഴെ ആളുകൾ മാത്രമേ താമസമുള്ളൂ. അവരൊക്കെ സ്വകാര്യകമ്പനികൾ ഏർപ്പാടാക്കിയവരാണ്. അതിനാൽ, ജനവാസമുള്ള ദ്വീപുകളുടെ കൂട്ടത്തിൽ ബംഗാരംദ്വീപിനെ ഉൾപ്പെടുത്തിയിട്ടില്ല.

ഞങ്ങൾ സാവകാശം ബംഗാരം ദ്വീപിന്റെ തീരത്തുകൂടി നടന്നു. ഇതിനിടയിൽ സംഘത്തിലെ മദ്യപാനശീലമുള്ളവരുടെ മനസ്സിളികി. അവർ റിസോർട്ടിലെ വിദേശികൾക്കുള്ള ബാറിൽ വിദേശമദ്യത്തിനായി വിഫലശ്രമം നടത്തിനോക്കാതിരുന്നില്ല. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ സീനിയർ സെക്ഷൻ ഹെഡ് ആയി റിട്ടയർ ചെയ്ത സുരേന്ദ്രൻ പറഞ്ഞു: "നീരാ കിട്ടും. ഇവിടുത്തെ കള്ളാണല്ലോ നീരാ..."

അതുകേട്ട് സന്തോഷിച്ചവർക്കു നിരാശരാകേണ്ടിവന്നു. നീരാ ലഭ്യമല്ല. സീസണിൽ മാത്രമേ ഇവിടെ നീരാ ചെത്തുള്ളൂ. ആലപ്പുഴ ജില്ലയിലെ ചിലയിടങ്ങളിലൂടെ നടക്കുന്ന പ്രതീതി! പഞ്ചാരമണലിലൂടെയുള്ള നടപ്പ്! അർത്തുങ്കലിലൂടെയോ മുഹമ്മയിലൂടെയോ നടക്കുമ്പോലെ. ഭൂപ്രകൃതിയും ഏതാണ്ട് അതേമാതിരിയുണ്ട്. തെങ്ങും കമുകും വാഴയും ഒതളവും ഇതര ചെടികളുമൊക്കെക്കാണാം.

തൊഴിലാളികൾ ഓലമേഞ്ഞ വീടുകളിൽ അലസരായിരിക്കുന്നു. അവരുടെ കോഴികൾ കൊത്തിപ്പെറുക്കി നടക്കുന്നു. ലക്ഷദ്വീപിൽ കാക്കയും പട്ടിയും പാമ്പുമൊന്നുമില്ലെന്നാണു പറച്ചിൽ. തിരിച്ചുപോരുന്നതുവരെ ഞങ്ങൾ അവറ്റയൊന്നിനെയും കണ്ടതുമില്ല. സീസണായാൽ ചെത്തുതൊഴിലാളികൾക്കു വിശ്രമമില്ല. പക്ഷേ, നീരാ കുടിക്കാൻ കൊള്ളില്ലത്രേ. ചെത്തു തെങ്ങുകളിൽ നിറയെ എലിശല്യമാണ്. എലിയെ പിടിക്കാൻ ജോലിക്കാർ യഥേഷ്ടം വിഷം വയ്ക്കുന്നു. മനസ്സുറപ്പിച്ചു കുടിക്കാനാവില്ല. വിഷം കലർന്നിട്ടുണ്ടാവും. അതുകൊണ്ട് ചക്കരനിർമാണത്തിനാണ് നീര പൊതുവേ ഉപയോഗിക്കുന്നത്.

ഞങ്ങൾ ബംഗാരം ദ്വീപിന്റെ ഉൾത്തുടിപ്പുകൾ പുൽകി നടന്നു. പുതുവത്സരം ആഘോഷിച്ചതിന്റെ തനി നാടൻ ലക്ഷദ്വീപു കാഴ്ചകൾ!... മനോഹരമായി ഓലമേഞ്ഞുണ്ടാക്കിയ കമാനങ്ങൾ! ചിരട്ടകൾകൊണ്ടുള്ള ഇംഗ്ലീഷ് ആൽഫാബെറ്റ്സിലെ വെൽകം കാഴ്ച!

മുൻകാലങ്ങളിൽ ലക്ഷദ്വീപിൽ കടൽക്കൊള്ളക്കാരുടെ ശല്യം രൂക്ഷമായിരുന്നു. ചക്രവാളപ്പരപ്പിലെങ്ങാനും ഒരു തോണി കണ്ടാൽ കാണുന്നയാൾ ഉറക്കെക്കൂവും. അതു കേൾക്കുന്നവർ ഏറ്റുകൂവും. വിനാഴികകൾക്കുള്ളിൽ ദ്വീപ് മുഴുവൻ വിവരമറിയും. വിലപ്പിടിപ്പുള്ള വസ്തുക്കൾ ഒളിച്ചുവച്ചു കരുതലോടെയിരിക്കാനുള്ള സൈറൺ ആയിരുന്നത്രേ ഇമ്മാതിരി കൂവൽ! ലക്ഷദ്വീപിലെ പണ്ടത്തെ വീടുകൾക്കു ജനാലകളില്ലായിരുന്നുപോലും! കൊള്ളക്കാർ അതിലൂടെ വിലപ്പിടിപ്പുള്ള വസ്തുക്കൾ കണ്ടുപിടിക്കാതിരിക്കാനാണ് വീടുകൾക്കു ജാലകങ്ങൾ വയ്ക്കാതിരുന്നത്.

ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപ് അങ്ങനെയാവുന്നത് 1956 ലാണ്. രാഷ്ട്രപതി നിയമിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് ഭരണാധികാരി. ദ്വീപസമൂഹത്തിലെ എല്ലാ ദ്വീപുകളും ചേർന്ന് ഒരൊറ്റ ജില്ലയായാണ് പരിഗണിക്കുക. നേരത്തേ നാലു താലൂക്കുകളിലായി തിരിച്ചിരുന്ന ദ്വീപുകളെ ഇന്നിപ്പോൾ പത്ത് ഉപജില്ലകളായി വിഭജിച്ചിരിക്കുന്നു. മിനിക്കോയ്, അഗത്തി എന്നിവ ഒഴികെയുള്ള ദ്വീപുകളിൽ സബ്ഡിവിഷണൽ ഓഫീസറാണ് ഭരണം. മിനിക്കോയിയും അഗത്തിയും ഡപ്യൂട്ടി കളക്ടറുടെ അധികാരത്തിനു കീഴിലാണ്. തലസ്ഥാനമായ കവരത്തിയിലാണ് ഭരണകേന്ദ്രമായ സെക്രട്ടറിയേറ്റ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത് സംവിധാനം ലക്ഷദ്വീപിലില്ല. ഒരു ലോക്സഭാ എം.പി. സ്ഥാനം ലക്ഷദ്വീപിനുണ്ട്. ലക്ഷദ്വീപിൽ പോലീസ്സേനയുടെ മേധാവിത്വവും അഡ്മിനിസ്ട്രേറ്റർക്കുതന്നെ. കരസേനാ വിഭാഗമായ ഇന്ത്യൻ റിസർവ് ബറ്റാലിയനും ലക്ഷദ്വീപിലുണ്ട്. കേരള ഹൈക്കോടതിയുടെ അധികാരപരിധിയിലാണ് ലക്ഷദ്വീപുകൾ. ഇന്ത്യയും ലക്ഷദ്വീപുകളും ബന്ധിപ്പിച്ചു കപ്പലുകൾ സർവീസ് നടത്തുന്നുണ്ട്. 1982 ൽ ആദ്യമായി വിമാന സർവീസ് തുടങ്ങി. അഗത്തിയിൽനിന്ന് കവരത്തിയിലേക്കും ബംഗാരത്തേക്കും ഹെലികോപ്റ്റർ സർവീസുകളുണ്ട്.

ബംഗാരതീരത്തുകൂടിയുള്ള ഞങ്ങളുടെ നടപ്പ് എതിർദിശയിലെത്തി. വളർന്നുനില്ക്കുന്ന പുല്ലുകളും കൈതപ്പടർപ്പുമുള്ള വിജനതീരമാണിവിടം. ഇവിടെ കടൽ ശുഷ്കമാകുന്നു. നീന്തിപ്പോകാവുന്ന ദൂരത്തൊരു തുരുത്തുകാഴ്ച! ആ തുരുത്തിനുള്ളിൽ ഒരു നീലജലാശയം. അതിനപ്പുറം തിളങ്ങുന്ന വെള്ളിമണൽത്തീരം. അവിടെ പറന്നു കളിക്കുന്ന ആയിരമായിരം നീർപ്പക്ഷികൾ. വെളുത്തതും കറുത്തതും. നവദമ്പതികളായ സായ്പും മദാമ്മയും നീന്തൽവസ്ത്രം ധരിച്ച് അങ്ങോട്ടെത്തി. അവർ കൈകോർത്തുപിടിച്ചു വെള്ളം തട്ടിത്തെറിപ്പിച്ചു രസിച്ചു. നീർപ്പക്ഷികൾ നീലപ്പരപ്പിൽനിന്നു നീലാകാശത്തേക്കു പറന്നു. അവരും. മദാമ്മയുടെ സ്വർണമുടിയും സായ്പിന്റെ കറുത്തമുടിയും അന്തരീക്ഷത്തിൽ പറന്നുകയറി. ബംഗാരത്തിന്റെ ഇക്കരെ ചേതോഹരമായ അതേ കാഴ്ചകൾ കണ്ട് ഞങ്ങൾ നില്ക്കുകയാണ്. മൊബൈൽ ക്യാമറയുടെ മിഴികൾ ചിമ്മിയടയുന്നുണ്ട്.

ഞങ്ങൾക്കിനി തിണ്ണക്കര ദ്വീപിലേക്കു പോകേണ്ട നേരമായി. ബംഗാരത്തിന്റെ മെയിൻ ബീച്ചിൽനിന്നാൽ തിണ്ണക്കരദ്വീപു കാണാം. പതിനഞ്ചു മിനിറ്റു കപ്പൽ യാത്രകൊണ്ട് അവിടെയെത്തി. ഭരണപരമായി, ബംഗാരത്തിന്റെ ഭാഗമാണത്. ആൾപ്പാർപ്പില്ലാത്ത കുഞ്ഞനൊരു ദ്വീപ്. ടൂറിസ്റ്റുകൾക്കു താമസിക്കാൻ അവിടെ ടെന്റുകളുണ്ട്. ഓലമേഞ്ഞ കോട്ടേജും പകലും രാത്രിയും പ്രവർത്തിക്കുന്ന കാന്റീനുണ്ട്. ബംഗാരം ബീച്ചിന്റെ തീരങ്ങൾ ആഴമേറിയതെങ്കിൽ തിണ്ണക്കരയുടേത് ആഴം തീരെ കുറഞ്ഞതാണ്. അതുകൊണ്ടുതന്നെ ജലവിനോദങ്ങൾക്ക് ഏറെ അനുയോജ്യം. അവിടെ ചാരുകസേരകളും സൺബാത് സൗകര്യങ്ങളും നേർക്കാഴ്ചയാവുന്നു. സീബാത്തിനും വഞ്ചിതുഴയലിനും ഇതര ജലവിനോദങ്ങൾക്കും മതിയായ സൗകര്യങ്ങൾ.

ഞങ്ങൾ ഒരു മണിക്കൂറോളം കടൽക്കുളി പാസ്സാക്കി. വഞ്ചി തുഴഞ്ഞു. വഞ്ചിയുടെ മറ്റേയറ്റത്ത് തുഴയുമായി ലൈഫ് ഗാർഡുണ്ടെന്നു മാത്രം. തിണ്ണക്കര ഉല്ലാസവേള മതിയാക്കി മടക്കയാത്ര. നല്ല വിശപ്പ്. ഉച്ചഭക്ഷണം ലഘുഭക്ഷണമായി കപ്പലിൽ തന്നു. ഗ്രീൻ ടീയും. മടക്കയാത്രയിൽ ഓളം വെട്ടുന്ന കടൽക്കാഴ്ചകൾ! പവിഴപ്പുറ്റുകളുടെ കാണാക്കാഴ്ചകൾ ഞങ്ങളെ മാടിവിളിച്ചു. വിസ്മയങ്ങളുടെ പറുദീസ തുറന്നപ്പോൾ കപ്പൽ നങ്കുരമിട്ടു.



*(തുടരും)*

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## പ്രക്ഷോഭവും പ്രക്ഷോഭണവും

കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് തയ്യാറാക്കിയ സംസ്കൃത - മലയാള നിഘണ്ടുവിൽ പ്രക്ഷോഭവും പ്രക്ഷോഭണവും സമാനാർത്ഥപദങ്ങളായി കണക്കാക്കിയിരിക്കുന്നു.* ഇളക്കം, ചലനം എന്നീ വിവക്ഷിതങ്ങളിൽ രണ്ടു ശബ്ദങ്ങളും പ്രചരിച്ചതിനാലാകണം നമ്പൂതിരിപ്പാട് അവയെ തുല്യപദങ്ങളായി സങ്കല്പിച്ചത്. പദനിരുക്തിയനുസരിച്ചു പ്രക്ഷോഭവും പ്രക്ഷോഭണവും രണ്ടാണ്. പ്രമുഖരായ മലയാളനിഘണ്ടുകാരന്മാർ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

പ്ര + ക്ഷോഭം = പ്രക്ഷോഭം. പ്രകർഷേണയുള്ള ക്ഷോഭമാണ് പ്രക്ഷോഭം. വലിയ ഇളക്കം അഥവാ കുഴപ്പം എന്നർത്ഥം. തെറ്റായ രൂപമാണ് 'പ്രക്ഷോപം'. പ്ര+ക്ഷോഭ്+അനം = പ്രക്ഷോഭണം. (പ്രക്ഷോപനം തെറ്റായ രൂപം) ക്ഷോഭിപ്പിക്കൽ എന്നർത്ഥം. ക്ഷുഭ് → ക്ഷോഭണേ എന്നാകുന്നു. ഒരു വാക്കിൽത്തന്നെ ഒരക്ഷരത്തിന്റെ സാമീപ്യംകൊണ്ട് മറ്റക്ഷരങ്ങൾക്കു മാറ്റം വരാം. നകാരം ണകാരമാകാം. "ഒരേ പദത്തിൽത്തന്നെ രേഫത്തിനോ ഷകാരത്തിനോ ഋകാരത്തിനോ പരമായിരിക്കുന്ന നകാരം ണകാരമാകും." ** രഷാഭ്യാം നോ ണഃ സമാനപദേ എന്നു സൂത്രം.*** അതിൻപ്രകാരം പ്രക്ഷോഭനം → പ്രക്ഷോഭണം എന്നാകുന്നു. ഈ പ്രവണതയ്ക്ക് സാങ്കേതികമായി ആഭ്യന്തരസന്ധി എന്നു പറയാം.

പ്രക്ഷോഭം ബഹളം വയ്ക്കലോ സമരം ചെയ്യലോ ആണെങ്കിൽ പ്രക്ഷോഭണം ബഹളം വയ്പിക്കലോ സമരം ചെയ്യിപ്പിക്കലോ ആകുന്നു. മലയാള വ്യാകരണസംജ്ഞ ഉപയോഗിച്ചു പറഞ്ഞാൽ, പ്രക്ഷോഭം കേവലക്രിയാനാമവും പ്രക്ഷോഭണം പ്രയോജകക്രിയാനാമവും എന്നതത്രേ അവയ്ക്കു തമ്മിലുള്ള ഭേദം. അതായത്, സ്വമേധയാ സംഭവിക്കുന്ന ബഹളമോ ഇളക്കമോ പ്രക്ഷോഭവും പരപ്രേരണയാൽ ചെയ്യിക്കുന്ന സമരമോ ബഹളമോ പ്രക്ഷോഭണവും ആകുമെന്നു ചുരുക്കം.

പദത്തിലും അർത്ഥത്തിലും വന്നുചേരുന്ന ശൈഥില്യങ്ങൾക്കു പ്രാമാണികത്വം വന്നുകഴിഞ്ഞാൽ, അവയെ നിഘണ്ടുകാരന്മാർ പരിഗണിച്ചേക്കാം. പക്ഷേ, പൊരുളറിഞ്ഞ് വാക്കുകൾ പ്രയോഗിക്കാൻ കഴിയണമെങ്കിൽ, പ്രക്ഷോഭവും പ്രക്ഷോഭണവും രണ്ടാണെന്നുതന്നെ തിരിച്ചറിയാൻ കഴിയണം.

*ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, സംസ്കൃത മലയാളം നിഘണ്ടു, പഞ്ചാംഗം പുസ്തകശാല, കുന്നംകുളം, 1129, പുറം - 723,

**നാരായണപിള്ള പി.കെ., പ്രയോഗദീപിക, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 1938, പുറം - 57

വാസുദേവൻ പോറ്റി, ആർ. പ്രഫ., ലഘുസിദ്ധാന്തകൗമുദി, ഗവ. സംസ്കൃതകോളജ് കമ്മിറ്റി, തൃപ്പൂണിത്തുറ, 2013, പുറം - 43.

# നിയമപാലകർ നീതിനിഷേധകരാകുമ്പോൾ



സിൽജി ജെ. ടോം

**മാ**നവവികസനസൂചികയിലും ജീവിതനിലവാരത്തിലും അഭിമാനകരമായ ഉയരങ്ങളിൽ നിൽക്കുന്ന സംസ്ഥാനമാണ് 'ദൈവത്തിന്റെ സ്വന്തം നാട്'. പക്ഷേ, കൊവിഡ് വിതച്ച അസ്വാസ്ഥ്യങ്ങൾക്കിടയിൽ ഇന്ന് ജനം വീർപ്പുമുട്ടുകയാണ്. രോഗവ്യാപനത്തെക്കുറിച്ചുള്ള ആശങ്കകൾക്കൊപ്പം സാമ്പത്തികവും ആരോഗ്യപരവും മാനസികവുമായ പ്രശ്നങ്ങളും അവരെ അലട്ടുന്നു. സ്വസ്ഥവും സമാധാനപരവുമായൊരു




ജീവിതത്തിലൂടെയേ മികച്ച ആരോഗ്യവും സ്വന്തമാകൂ, പ്രത്യേകിച്ചും രോഗഭീതി മുന്നിൽ നിൽക്കുന്ന ഇന്നാളുകളിൽ.

ജോലിക്കും പഠനത്തിനും ജനം കൂടുതലായും വീട്ടകങ്ങളിൽത്തന്നെ ആയിരിക്കുന്ന സമയത്ത് ഗാർഹികപീഡനങ്ങളും സ്ത്രീധനപീഡനങ്ങളും പ്രണയപ്പകയെത്തുടർന്നുള്ള കൊലപാതകങ്ങളും സംസ്ഥാനത്തു വർധിച്ചുവരുന്ന സാഹചര്യമുണ്ട്. ജനങ്ങളുടെ സ്വൈരജീവിതത്തിനും കടുത്ത വെല്ലുവിളി നേരിടുന്നുണ്ടെന്നാണ് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നത്.

കൊവിഡ് വെല്ലുവിളി ഉയർത്തുന്ന ജോലിഭാരത്തിനിടയിൽ സമാധാനപരമായ ജനജീവിതം ഉറപ്പാക്കുന്നതിൽ പോലീസ് സംവിധാനത്തിനു പലയിടത്തും ജാഗ്രത കുറയുന്നുവോ എന്ന് ജനം ആശങ്കപ്പെടുന്നുണ്ട്. പോലീസിനെതിരേ ഈയിടെയായി പലവിധ ആരോപണങ്ങളുയരുന്നത് ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. സത്യസന്ധരായ പോലീസ് ഓഫീസർമാർക്കൊപ്പം തന്നെ പാവങ്ങൾക്കു നീതി നിഷേധിച്ചും കൈക്കൂലി വാങ്ങിയും പൊതുജനത്തോട് അപമര്യാദയായി പെരുമാറിയും സേനയുടെ പേരു കളയുന്നവരുമുണ്ടെന്നതാണ് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം.

കൊവിഡ് നിയന്ത്രണത്തിന്റെ പേരിൽ പോലീസിന്റെ ഭാഗത്തുനിന്ന് അമിതമായ ഇടപെടലും നീതിരഹിതമായ പിഴചുമത്തലും നടക്കുന്നുണ്ടെന്ന പരാതി പൊതുവേയുണ്ട്. ഇതിനിടയിലാണ് പേടിച്ചിട്ടു വഴിനടക്കാൻപോലുമാകാതെ നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന സാഹചര്യങ്ങളും ആവർത്തിക്കുന്നത്.

സമൂഹവിരുദ്ധരുടെ വിളയാട്ടവും മോഷണവുമെല്ലാം സംസ്ഥാനത്ത് വർധിച്ചുവരുന്നതിലേക്കാണ് സമീപകാലസംഭവങ്ങൾ പലതും വിരൽചൂണ്ടുന്നത്. സദാചാരപ്പോലീസ് ചമഞ്ഞെത്തുന്നവരുടെ എണ്ണത്തിലുമുണ്ട് വർധന. പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ ഉണ്ടാകാത്തതാണ് ഇത്തരക്കാർക്കു പ്രോത്സാഹനമാകുന്നത്.

കൊല്ലം പറവൂരിൽ തെക്കുംഭാഗം ബീച്ചിൽ ഭക്ഷണം കഴിക്കാൻ റോഡരികിൽ വണ്ടി നിർത്തിയ മകനോടും അമ്മയോടും അമ്മയാണെന്നതിനു സർട്ടിഫിക്കറ്റ് ചോദിച്ച് ഒരു സദാചാരഗുണ്ട അക്രമം അഴിച്ചുവിട്ടതും ഒരു വാക്കുപോലും പറയാൻ തയ്യാറാവാതെ ചുറ്റുമുള്ളവർ നിസ്സംഗതയോടെ എല്ലാം കണ്ടുനിന്നതും ദിവസങ്ങൾക്കു മുമ്പാണ്. കേരളീയസമൂഹത്തിന്റെ മാനസികനില വളരെ മാറിയിരിക്കുന്നു. പലപ്പോഴും സ്വാർത്ഥപരമാകുന്നു കേരളീയന്റെ രീതികൾ. ഒരു വ്യക്തി അപകടത്തിൽപ്പെട്ടാൽ സഹായിക്കാനോ ഒരു കൈത്താങ്ങു നൽകാനോ മനസ്സില്ലാത്തവരായി മലയാളി മാറിയിരിക്കുന്നു. അപകടത്തിൽപ്പെട്ട സഹജീവിയെ കണ്ടില്ലെന്നു നടിച്ചു കടന്നുപോകാൻ അവനു കുറ്റബോധമൊന്നുമില്ല.

സമൂഹവിരുദ്ധരെ പേടിച്ച് വീട്ടിൽ സ്വസ്ഥമായി കിടന്നുറങ്ങാനാവാത്തതിനാൽ വീടുവിട്ട് ട്രെയിനിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ച് രാത്രി കഴിച്ചുകൂട്ടുന്ന യുവതിയുടെയും മക്കളുടെയും വാർത്ത പുറത്തുവന്നതും അടുത്ത ദിവസങ്ങളിൽത്തന്നെയാണ്. സാക്ഷരതയ്ക്കും പ്രബുദ്ധതയ്ക്കും പേരുകേട്ട കേരളത്തിലാണോ ഇതൊക്കെ നടക്കുന്നതെന്ന് നമ്മൾ ലജ്ജിച്ചുപോകും. കൊല്ലം ഇരവിപുരത്ത് സുനാമി പുനരധിവാസത്തിന്റെ ഭാഗമായി ലഭിച്ച ഫ്ളാറ്റിൽ താമസിക്കുന്ന അമ്മയും രണ്ടു മക്കളുമാണ് സമൂഹവിരുദ്ധരെ പേടിച്ച് വീടുവിട്ട് ട്രെയിനിൽ അഭയം തേടിയത്. മാധ്യമങ്ങളിലൂടെ വാർത്തകൾ പുറത്തുവന്നതിനുശേഷമാണ് ഈ അമ്മയുടെയും മക്കളുടെയും കാര്യത്തിൽ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നു മതിയായ ഇടപെടലുകളുണ്ടായത്. സമൂഹവിരുദ്ധർ പലയിടത്തും നിർഭയരായി വിലസുകയാണെന്നതിലേക്കാണീ സംഭവങ്ങളൊക്കെ വിരൽചൂണ്ടുന്നത്. നിരാലംബർക്കും വിധവകൾക്കും സ്വസ്ഥമായി ജീവിക്കാൻ സാധിക്കാത്ത സാഹചര്യം ഇനിയും ആവർത്തിക്കരുതെന്നതിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

തിരുവനന്തപുരത്ത് ആറ്റിങ്ങലിൽ റോഡിലൂടെ നടന്നുപോയ പിതാവിനെയും മകളെയും മൊബൈൽഫോൺ മോഷ്ടാക്കളായി ചിത്രീകരിച്ച പിങ്ക് പോലീസിന്റെ നീതിനിഷേധവും നാം കണ്ടു. റോഡിൽ നിർത്തിയിരുന്ന പോലീസ് വാഹനത്തിൽ നിന്ന് ഫോൺ കാണാതായെന്നും പിതാവ് ഫോൺ മോഷ്ടിച്ച് കുട്ടിയുടെ കൈയിൽ കൊടുത്തെന്നും പറഞ്ഞായിരുന്നു പോലീസിന്റെ ചോദ്യം ചെയ്യൽ. സ്വന്തം ബാഗ് ഒന്നു പരിശോധിക്കാൻപോലും കൂട്ടാക്കാതെയാണ് വഴിയാത്രക്കാരെ പോലീസ് തടഞ്ഞുവച്ച് കുറ്റം വിധിച്ചത്. ഒടുവിൽ ഫോൺ പോലീസ് വാഹനത്തിൽനിന്നുതന്നെ കണ്ടെടുത്തു.

പോക്സോ കേസിൽ കല്പകഞ്ചേരി പോലീസ് പിടികൂടി ജയിലിലടച്ച പതിനെട്ടുകാരൻ നിരപരാധിയെന്ന് ഡിഎൻഎ ടെസ്റ്റിൽ വെളിപ്പെടുത്തപ്പെട്ട സാഹചര്യവുമുണ്ടായി. സ്ത്രീസുരക്ഷാനടപടികൾ കർശനമാക്കുമ്പോൾത്തന്നെ ഒരു നിരപരാധിയും ശിക്ഷിക്കപ്പെട്ടുകൂടാ എന്ന സുപ്രധാനനിയമത്തിൽ വീഴ്ചയുണ്ടാവരുത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു ഗർഭിണിയാക്കിയെന്ന കേസിൽ പ്രതി ചേർക്കപ്പെട്ട് 35 ദിവസം ജയിലിൽ കഴിഞ്ഞ പതിനെട്ടുകാരന് ഡി.എൻ.എ. ഫലം നെഗറ്റീവായതോടെ കോടതി ജാമ്യം അനുവദിക്കുകയായിരുന്നു. രാത്രിയിൽ വീട്ടിൽനിന്നു പിടിച്ചുകൊണ്ടുപോയ പോലീസ്, സ്റ്റേഷനിലേക്കുള്ള യാത്രയ്ക്കിടയിൽ അസഭ്യം പറഞ്ഞും മർദിച്ചും തന്നെ മാനസികമായും ശാരീരികമായും തളർത്തിയെന്ന യുവാവിന്റെ പരാതി ഗൗരവമായിത്തന്നെ പരിഗണിക്കേണ്ടതാണ്.

സംസ്ഥാന പോലീസിനെക്കുറിച്ച് സിപിഐ നേതാവും നാഷനൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമൺ ജനറൽ സെക്രട്ടറിയുമായ ആനി രാജ നടത്തിയ പ്രസ്താവനയ്ക്കും ഈ സന്ദർഭത്തിൽ പ്രാധാന്യമേറെയാണ്. കേരള പോലീസിൽ ഒരു ആർഎസ്എസ് ഗ്യാങ് പ്രവർത്തിക്കുന്നതായി സംശയിക്കുന്നുവെന്ന സിപിഐയുടെ തലമുതിർന്ന നേതാവിന്റെ പ്രസ്താവന പിണറായി സർക്കാരിനും ഇടതുപക്ഷത്തിനും ഉണ്ടാക്കിയ തലവേദന ചില്ലറയല്ല. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടതുൾപ്പെടെ സംസ്ഥാനസർക്കാരിന്റെ നയത്തിനു നിരക്കാത്തതും സർക്കാരിന്റെ പ്രതിച്ഛായയ്ക്കു മങ്ങലേല്പിക്കുന്നതുമാണ് പല പോലീസ് നടപടികളെന്നും ആനി രാജ കുറ്റപ്പെടുത്തുന്നു.

സ്ത്രീകൾക്കു സമാധാനപരമായി ജീവിക്കാനാവുന്ന, സ്ത്രീധനപീഡനങ്ങളില്ലാത്ത, സ്ത്രീക്കെതിരേ ലൈംഗികാതിക്രമങ്ങളുണ്ടാവാത്ത, അവൾക്കു സുരക്ഷിതമായും സ്വതന്ത്രമായും ജീവിക്കാനാവുന്ന കേരളമാണ് നമുക്കു വേണ്ടത്. ഒപ്പംതന്നെ, പൊതുസമൂഹത്തിനും അതിന്റേതായ അവകാശങ്ങളും സ്വാതന്ത്ര്യവുമുണ്ടെന്ന കാര്യവും മറക്കരുത്. സ്ത്രീസുരക്ഷയ്ക്കായി ആവിഷ്കരിക്കപ്പെടുന്ന നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്നും ഉത്തരവാദിത്വപ്പെട്ടവർ ഉറപ്പുവരുത്തണം. അത്തരമൊരു സമൂഹത്തിനേ പരിഷ്കൃതസമൂഹമെന്ന് അവകാശപ്പെടാനാകൂ.

■

## റവ. ഡോ. ജേക്കബ് പ്രസാദ് ജനറൽ എഡിറ്റർ

കൊച്ചി: മാർപാപ്പായുടെ ചാക്രികലേഖനങ്ങളുടെയും മറ്റു പ്രബോധനങ്ങളുടെയും കത്തോലിക്കാസഭയുടെ ഔദ്യോഗികരേഖകളുടെയും മലയാളവിവർത്തനവും അവയുടെ പ്രസാധനത്തിന്റെ ജനറൽ എഡിറ്ററുമായി പുനലൂർ രൂപതാംഗമായ റവ. ഡോ. ജേക്കബ് പ്രസാദിനെ കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചു. മൂന്നു വർഷത്തേക്കാണു നിയമനം.



റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബിബ്ലിക്കൽ തിയോളജിയിൽ ലൈസൻഷ്യേറ്റും ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കിയ റവ. ഡോ. ജേക്കബ് പ്രസാദ് ദീർഘകാലം ആലുവ കാർമ്മൽഗിരി മേജർ സെമിനാരിയിൽ അധ്യാപകനായിരുന്നു. പിന്നീട് പ്രസ്തുത സെമിനാരിയുടെ റെക്ടറായും ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ കെസിബിസി ബൈബിൾ റിവിഷൻ കോർ കമ്മിറ്റിയംഗമായി പ്രവർത്തിക്കുന്നു.

# തേങ്ങൽക്കൂടാരം



ഷാജി മാലിപ്പാറ

കഥ

“അച്ഛനില്ലാത്ത കുട്ടിയാണെന്ന ഓർമ വേണം.” തിരിച്ചറിവായ കാലംമുതൽ കേട്ടുമടുത്ത കാര്യമാണ്. അമ്മയും അമ്മൂമ്മയും എപ്പോഴും അതേ പറയാറുള്ളൂ. സ്കൂളിലെത്തിയപ്പോൾ റ്റീച്ചർമാരും അതേ പല്ലവി ആവർത്തിച്ചു. ഒപ്പം അമ്മയുടെയും അമ്മൂമ്മയുടെയും കഷ്ടപ്പാടിന്റെ കഥകളും കൂട്ടിച്ചേർക്കും.

“അച്ഛനില്ലാത്ത കാര്യം മാത്രം ഓർത്തോണ്ടിരുന്നാൽ മതിയോ?” ഒരിക്കൽ സഹികെട്ട് അമ്മയോടു ചോദിച്ചതാണ്. മറുപടി കരച്ചിലായിരുന്നു. എന്തിനുമേതിനും കരഞ്ഞാൽ മതിയല്ലോ. അതു



കാണുമ്പോൾ ആദ്യമൊക്കെ സങ്കടമായിരുന്നു. പിന്നെപ്പിന്നെ ദേഷ്യമായി. ദേഷ്യപ്പെട്ടു വല്ലതും പറഞ്ഞാൽ അമ്മൂമ്മ ഗുണദോഷിക്കാൻ തുടങ്ങും. ഒടുവിൽ അത് കരച്ചിലായി മാറും. സഹിക്കാനാവാതെ വരുമ്പോൾ വീട്ടിൽനിന്നിറങ്ങി നടക്കും. ആരെയും നോക്കാതെ, യാതൊന്നും കാണാതെ, വെറുതേ ചുറ്റിനടന്ന് തിരിച്ചെത്തും. അപ്പോഴേക്കും മനസ്സൊന്നു തണുക്കും.

പ്രായം പന്ത്രണ്ടായി. ഏഴാം ക്ലാസിലേക്കു ജയിച്ചു. കൊവിഡ്കാലത്തെ ഓൺലൈൻ പഠനം എല്ലാം കുളമാക്കി. അതുവരെ സ്കൂളിൽ പോകാമായിരുന്നു. പഠിക്കാൻ മാത്രമല്ല സ്കൂളിൽ പോകുന്നതെന്ന് എല്ലാവരും പറയും. അതു സത്യവുമാണ്. കൂട്ടുകാരൊത്തു കളിക്കാം, തല്ലുപിടിക്കാം, കളിയാക്കി രസിക്കാം, വിശേഷങ്ങൾ പങ്കുവയ്ക്കാം... അങ്ങനെ പലതും. ഓൺലൈൻ ക്ലാസിൽ അതൊന്നുമില്ല. പഠനം മാത്രം. ടീച്ചർ പഠിപ്പിക്കുമ്പോൾ ആരും കേൾക്കാതെ ചില രഹസ്യങ്ങൾ പങ്കുവയ്ക്കാനോ അവ ആസ്വദിച്ചു ചിരിക്കാനോ ഒന്നും അവസരമില്ല. മിണ്ടാതിരുന്നുകൊള്ളണം, ഹോംവർക്ക് ചെയ്തു വാട്സാപ്പിൽ അയച്ചുകൊള്ളണം; പട്ടാളച്ചിട്ടതന്നെ. എന്തിനെങ്കിലും കുറവുവന്നാൽ ടീച്ചർ അമ്മയെ വിളിക്കും, പിന്നെ അച്ഛനില്ലാത്ത കുട്ടിക്കില്ലാത്ത കുറ്റങ്ങളില്ല.

മടുത്തു, വല്ലാതെ മടുത്തു. അങ്ങനെയാണ് മിണ്ടാവ്രതം തുടങ്ങിയത്. പുറത്തുപോകാൻ നിവൃത്തിയില്ല. ആരെയും കാണാനുമാവില്ല. വീട്ടിൽത്തന്നെ അടച്ചിരിപ്പായി. അമ്മ ജോലിക്കു പോകും. അമ്മൂമ്മ മിക്കപ്പോഴും വീട്ടിലുണ്ട്. എപ്പോഴും എന്തെങ്കിലും ചോദിച്ചും പറഞ്ഞുമിരിക്കും. എന്തുചോദിച്ചാലും വാ തുറക്കാൻ തോന്നാറില്ല. മിണ്ടാവ്രതം മുന്നോട്ടു പോയപ്പോൾ തോന്നി; ഇനിയൊന്നും കഴിക്കുന്നുമില്ല, വാ തുറക്കുന്നുമില്ല.

പക്ഷേ, ജോലി കഴിഞ്ഞെത്തിയ അമ്മയുടെ നിർബന്ധത്തിനു വഴങ്ങി. വായ വാശിയിലൊപ്പം നിന്നെങ്കിലും വയറു സമ്മതിക്കണ്ടേ? എന്നാലും പേരിനു കഴിച്ചെന്നു വരുത്തി എഴുന്നേറ്റു.

രണ്ടുമൂന്നു ദിവസങ്ങൾ അങ്ങനെ കഴിഞ്ഞപ്പോഴാണ് അതു സംഭവിച്ചത്. ക്ലാസ്ടീച്ചർ അമ്മയെ വിളിച്ചു പറഞ്ഞത്രേ: കോവിഡ്കാലസമ്മർദമുള്ള കുട്ടികൾക്കു സൗജന്യകൗൺസലിങ് നടത്തുന്നു. ഇക്കാര്യം ക്ലാസ്ഗ്രൂപ്പിൽ കണ്ടെങ്കിലും അമ്മയോടു പറയാൻ പോയില്ല. ഇപ്പോഴിതാ, സംസാരം കുറച്ചതും ആഹാരം കുറച്ചതും അമ്മ വിസ്തരിച്ചപ്പോൾ ടീച്ചർ കൗൺസലിങ്ങിനു സമയം തന്നിരിക്കുന്നു!

കൗൺസലർ വിചാരിച്ചാൽ താൻ അച്ഛനില്ലാത്ത കുട്ടിയല്ലാതാവുമോ? എന്നോ മരിച്ചുപോയ അപ്പൂപ്പനെ കിട്ടുമോ? ഒരനിയനെയോ ചേട്ടനെയോ കിട്ടുമോ? രണ്ട് അമ്മാവൻമാർ ഉള്ളതിൽ ഒരാളെങ്കിലും ഒന്നു മിണ്ടാൻ കൂട്ടാക്കുമോ? സങ്കടങ്ങളുടെ ഈ തേങ്ങൽക്കൂടാരത്തിന് എന്തെങ്കിലും മാറ്റം വരുമോ?

ഇതൊക്കെ ആരോടു ചോദിക്കാനാണ്? അഥവാ ചോദിച്ചിട്ടെന്തിനാണ്? കൊവിഡ് ഒന്നു മാറിയിരുന്നെങ്കിൽ! സ്കൂളൊന്നു തുറന്നിരുന്നെങ്കിൽ! ഈ നാളുകൾ കടന്നുപോകുമത്രേ. വേണം, ഇതൊന്നു കടന്നുകിട്ടണം. അതാണു പ്രതീക്ഷ; അതുമാത്രം.

# പെണ്ണുങ്ങൾ പഠിക്കണം ആണാകാനും

പ്രണയപാഠാവലി



95

ഡോ. ആന്റണി ജോസ്

ഇനി ആണാകൽ ചടങ്ങുണ്ട്. അതു നിർവഹിക്കേണ്ടത് പെണ്ണുമാണ്. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-തൊഴിൽ മേഖലകളിൽ അവൾ എന്നേ ആൺകുട്ടിയായിക്കഴിഞ്ഞു! പുരുഷൻ അടക്കിവാണിരുന്ന നിരവധിയിടങ്ങളിൽ പാദസരക്കിലുക്കം കേൾക്കാം! ഭരണഘടന അവളുടെ ഭാഗധേയം ഉച്ചൈസ്തരം പ്രഘോഷിക്കുന്നു. എങ്കിലും, പൊതുസമൂഹത്തിലെ ഈ മെയ്വഴക്കം, ദാമ്പത്യജീവിതത്തിൽ കരഗതമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? പുരുഷസ്വത്വത്തെ എത്രകണ്ട് സ്വാംശീകരിക്കാനും ഗുണപരമായി വിനിയോഗിക്കാനും അവൾക്കാകുന്നുണ്ട്?

ഒരു വിവാഹസദ്യയ്ക്കു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കേ ഭർത്താവ് അഭിപ്രായപ്പെട്ടു: “നല്ല മീൻകറി.”

അതവൾക്കു പിടിച്ചില്ലെന്നു മാത്രമല്ല, കുറെക്കാലത്തേക്കു മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്തു. തന്റെ കറിക്കെപ്പോഴും കുറ്റം. ആരാണ്ടുണ്ടാക്കിയത് കേമം... അതാണു കാരണം.

അവൻ യുക്തിക്ക് ഊന്നൽ കൊടുക്കുന്നു. അനിവാര്യത, പ്രായോഗികത, ചിലപ്പോൾ നിർവാഹമില്ലായ്മ - ഇതെല്ലാം സമന്വയിപ്പിക്കപ്പെടുന്ന യുക്തിയാണ് അവന്റെ പല പ്രതികരണങ്ങളെയും നിശ്ചയിക്കുക.

അതിർവരമ്പുകൾ ഭേദിക്കുന്ന വൈകാരികത, ‘വൈകാരിക തീവ്രവാദ’ത്തിലേക്കാവും നയിക്കുക. പ്രത്യേക പദവി, നഷ്ടപ്രണയം എന്നിവയ്ക്കായിട്ടാണു പോരാട്ടം. ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ല. അല്ലാത്തപക്ഷം, ആർക്കും വേണ്ട സമാധാനം. ഈ നിലപാട് അവനെ പ്രണയമൂശയിൽ പരുവപ്പെടുത്തുന്നതിനുള്ള സുവർണാവസരമാണു നഷ്ടപ്പെടുത്തുക. പ്രത്യേക പദവി, പ്രണയം ഇവ നിഷേധിക്കപ്പെട്ട ഒരു സ്ത്രീയുടെ വിഹ്വലത വിലകുറച്ചു കാണുകയല്ല. പക്ഷേ, വൈകാരിക തീവ്രവാദം, അന്തിമമായി കണ്ണീരും നിരാശയുമായിട്ടാണവസാനിക്കുക. ഒന്നുമില്ലായ്മയിൽനിന്ന് ഒരു കുഞ്ഞിനെ വളർത്തിക്കൊണ്ടുവരുന്ന അമ്മയല്ലേ ഓരോ സ്ത്രീയും? ഒരു കുഞ്ഞിനെപ്പോലെതന്നെ അവനെ നേടുക. പ്രണയത്തിലെ എല്ലാ ഭാവങ്ങളും (കാരുണ്യം, കരുതൽ, അംഗീകാരം, വിശ്വസ്തത, സാമീപ്യം) ജഗന്നിയന്താവ് സമൃദ്ധമായി വർഷിച്ചിരിക്കുന്നത് മാതൃത്വത്തിലാണ്. ലളിതമായ ഈ യുക്തി, അവനു തിരസ്കരിക്കാനാവില്ല.

പരിചയിച്ചിരിക്കേണ്ട മറ്റൊരു പാഠം സാമൂഹികപ്രതിബദ്ധതയുടേതാണ്. നാമോരോരുത്തരും ഓരോ പൊതുമുതൽകൂടിയാകുന്നു. കുടുംബത്തിന്റെ ആവൃതിക്കുള്ളിൽ തീരുന്നതല്ല ഉത്തരവാദിത്വങ്ങൾ. സമൂഹത്തോടും വേണം കൂറ്. നമുക്കുള്ള വൈശിഷ്ട്യമാർന്ന നൈപുണ്യങ്ങൾ സമൂഹത്തിനുകൂടി അവകാശപ്പെട്ടതാണ്. പാർശ്വവത്കരിക്കപ്പെട്ടവർക്ക് കൈത്താങ്ങായും ഭഗ്നാശർക്കു പ്രത്യാശയുടെ മതികലയായും മാറുക. പ്രണയമൊഴികെ, നിങ്ങളിരുവരും എല്ലാവർക്കുമുള്ളതാണ്. അയാൾക്കുമത് ധന്യമായ തിരിച്ചറിവാകട്ടെ.

വൾനെറബിൾ എന്ന ലേബലിൽനിന്നുള്ള മോചനമാണ് ഇനിയൊരാവശ്യം. ഇന്ന് പെൺകുട്ടികൾ എത്രയോ സ്മാർട്ടായിരിക്കുന്നു! അവർ അവകാശബോധവും ഒപ്പം സ്വയം മതിപ്പുമുള്ളവരാണ്. എന്നാൽ, എല്ലാവരുമങ്ങനെയാകുന്നില്ല; അതാണു ദുഃഖകരം. ‘മറിമാൻമിഴി’ ഹാങ്ങോവർ അവരെ വിട്ടുമാറിയിട്ടില്ല. നമ്രശിരസ്കതയും കണ്ണേറും അന്നനടയുമൊക്കെ അറിയാതെ വന്നുപോകുകയാണ്. വേട്ടമൃഗത്തിന് ഇരയിലേക്കുള്ള ദൂരം കുറയാൻ വേറെന്തു വേണം? പ്രതികരിക്കേണ്ടിടത്ത് മൗനം പാലിക്കുകയോ, നാണം കുണുങ്ങുകയോ ചെയ്യാമോ? ഒഴിഞ്ഞുമാറൽ, കണ്ടില്ലെന്നു നടിക്കൽ, ഓടിയൊളിക്കൽ - ഇതൊക്കെ സമൂഹജീവിതത്തിൽ ഭീരുത്വത്തിന്റെ അടയാളപ്പെടുത്തലാണ്. വിവേകമില്ലാത്ത ശാലീനത വേട്ടമൃഗത്തെ ഹരംപിടിപ്പിക്കുകയേയുള്ളൂ. ‘മൃദുഭാവേ ദൃഢകൃത്യ’ ഇത്തരുണത്തിൽ കരണീയമായ നിലപാടാണ്.

“കാര്യമുണ്ടെങ്കിൽ കൺതുറന്ന് നേരേ നോക്കി
ധൈര്യമായ് സംസാരിക്കാം വേണ്ട ഗൗരവത്തോടെ
ആരെയും ഭയപ്പെടാൻ ന്യായമില്ലെന്നോർക്കണം.
നേരിനു തെറ്റില്ലാത്ത പാതയിൽ ചരിക്കുകിൽ.”

മേരി ബനീഞ്ഞയുടെ ഈ ആഹ്വാനം ഓരോ പെൺകുട്ടിക്കും സാമൂഹികജീവിതത്തിനുള്ള മാർഗദർശകപാഠമാണ്. ഒന്നറിയുക; ദുഷ്ടലാക്കുള്ള പുരുഷന്, അവളുടെ നിശ്ചയദാർഢ്യമുള്ള കണ്ണുകളെ ഭയമാണ്. സ്ത്രീകൾ, ഒരുപക്ഷേ, ഏറ്റവുമധികം ഭയപ്പെടുന്നതു പേരുദോഷത്തെയാണെന്നു തോന്നുന്നു. താളത്തിനു തുള്ളാത്തവൾ തന്റേടി... അല്പമൊന്നടുത്തിടപഴകിയാലോ? അവൾക്കു കിട്ടും ‘അഴിഞ്ഞാട്ടക്കാരി’യെന്ന വിശേഷണം. ആരാണീ പട്ടങ്ങൾ പടച്ചുവിടുന്നത്? പുരുഷനും അവന്റെ ശിങ്കിടികളും. അതിനു സ്ത്രീകൾതന്നെ കൂട്ടുനിൽക്കുമ്പോഴാണ് അവൾ ഇടറി വീഴുക. സ്ത്രീ, സ്ത്രീക്കെതിരേ അനാശാസ്യം ആരോപിക്കുകയും വാർത്തയുണ്ടാക്കുകയും വിതരണം നടത്തുകയും ചെയ്യുമ്പോൾ അത് മലർന്നുകിടന്നു തുപ്പലാണ്; പുരുഷന്റെ കുടിലതയ്ക്കു മെത്ത വിരിക്കലാണ്. അതുകൊണ്ട് പരസ്പരം താങ്ങാകുക. തെറ്റിനെ ചോദ്യം ചെയ്യുക. അവനെപ്പോലെ തലനിവർന്നു നിൽക്കുക. ചാരിത്ര്യശുദ്ധി പുരുഷനുംകൂടിയാണെന്നറിയുക.



പിൻസീറ്റ് ഡ്രൈവിങ് ഒഴിവാക്കി ഭർത്താവിനൊപ്പം കൂടുക. കൃത്യമായി നിലപാടറിയിക്കേണ്ടിടത്ത് ‘ചേട്ടനോടു ചോദിക്കട്ടെ’ എന്നു പറഞ്ഞൊഴിയേണ്ട കാര്യമില്ല. അയാളിൽക്കൂടി സംസാരിക്കേണ്ടതുമില്ല. ഒക്കെ, അവളുടെ ‘കുത്തിത്തിരുപ്പാ’ എന്ന ദുഷ്പേര് ഒടുവിൽ കിട്ടുകയും ചെയ്യും. ഒരുമിച്ചെടുത്ത തീരുമാനങ്ങളെന്ന് ആൾക്കാർ പറയട്ടെ. ഇല്ലെങ്കിൽ പറയിപ്പിക്കുക.

അല്പം ക്ഷമയെക്കുറിച്ചുകൂടി... തെറ്റുകൾ പറ്റിയിട്ടുണ്ടാകാം. അന്യോന്യം മുറിവേല്പിച്ചിരിക്കാം. ‘ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല’ എന്നതാണ് ദാമ്പത്യകലഹങ്ങളുടെ അടിസ്ഥാനപ്രമാണം. പുരുഷന്മാർ ക്ഷമിക്കും. സ്ത്രീ ക്ഷമിക്കും; പക്ഷേ, മറക്കില്ല എന്നൊരു ചൊല്ലുണ്ട്. അത് വൈകാരിക സംവേദനത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. മറക്കുന്നില്ലെങ്കിൽ പൊറുതി പൂർണമാകില്ലല്ലോ. കണക്കുകൾ ചാരം മൂടിയ കനലാണ്. ഊതിക്കത്തിച്ചാൽ, പുരുഷന്റെ ശുഭാപ്തിവിശ്വാസം എന്നേക്കുമായി തകരാം. അതുകൊണ്ടു മറക്കുക. പൊറുക്കുക.

ഒടുവിൽ സെക്സിന്റെ കാര്യത്തിൽ ഒരു വാക്ക്. ദമ്പതിമാരുടെ മാത്രം സ്വകാര്യതയാണത്. ആരു മുൻകൈയെടുക്കുമെന്നു നിശ്ചയിക്കുന്നതിനു മാർഗരേഖകളൊന്നുമില്ല. പരസ്പരം അറിഞ്ഞു തീരുമാനിക്കുക. വൈകാരിക അടുപ്പം എന്ന ഒ.ടി.പി. സ്വീകരിക്കുന്നതിലാണു കാര്യം.

■

# മലബാർ കലാപം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമോ?

*1-ാം പേജ് തുടർച്ച*

മറ്റൊരു ബ്രിട്ടീഷ് അനുകൂലിയായിരുന്ന മണ്ണാടൻ മൊയ്തീൻ കുട്ടിയുടെ ഭവനം ആക്രമിച്ച കലാപകാരികൾ ഭക്ഷ്യവിഭവങ്ങൾ കൊള്ളയടിച്ചു. ബ്രിട്ടീഷ് അനുകൂലികളായ കൊണ്ടോട്ടി തങ്ങൾമാരെ ആക്രമിച്ചതാണു മറ്റൊരു പ്രധാന സംഭവം. ബ്രിട്ടീഷ് പക്ഷക്കാരായ ഒറ്റുകാർക്കും രാജ്യദ്രോഹികൾക്കുമെതിരേ നടന്ന ആക്രമണങ്ങളിൽ ശ്രദ്ധേയമാണ് ഖാൻ ബഹാദൂർ ചേക്കുട്ടി സാഹിബിന്റെ വധം. ബ്രിട്ടീഷ് അനുകൂലിയായ ചേക്കുട്ടിയെ കൊന്ന് തലയറുത്ത് മഞ്ചേരിപ്പട്ടണത്തിൽ പരസ്യമായി പ്രദർശിപ്പിക്കുകയാണു കലാപകാരികൾ ചെയ്തത്.

മലബാർ കലാപത്തെക്കുറിച്ച് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് എഴുതിയ ഖിലാഫത്ത് സ്മരണകൾ, കെ. മാധവൻനായർ എഴുതിയ മലബാർ കലാപം എന്നീ പുസ്തകങ്ങളിൽ കലാപത്തിന്റെ പൊതുസ്വഭാവം എന്തായിരുന്നുവെന്നതിന് ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മേലാറ്റൂരിലെ നായർജന്മിമാർ ഖിലാഫത്ത് പ്രവർത്തകരോട് അനുഭാവം പുലർത്തിയവരായിരുന്നു. ബ്രിട്ടീഷ് അനുകൂലികൾ ഖിലാഫത്ത് വേഷത്തിൽ അവരെ ആക്രമിക്കാനിടയുണ്ടെന്ന ഭീതിയിൽ മേലാറ്റൂരിൽ ശക്തമായ പാറാവ് ഏർപ്പെടുത്താൻ കലാപകാരികളുടെ നേതാവായിരുന്ന കുഞ്ഞഹമ്മദ് ഹാജി നിർദേശിച്ചിരുന്നതായി ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ഖിലാഫത്ത് സ്മരണകളിൽ പറയുന്നു. ഇത്തരം കുത്സിതപ്രവർത്തനങ്ങളിലൂടെ സാമ്രാജ്യത്വവിരുദ്ധനീക്കത്തെ വഴിതിരിച്ചുവിടാൻ ശ്രമിച്ച ബ്രിട്ടീഷ് ആശ്രിതരായ ജന്മിമാരെ ശിക്ഷിച്ചുകൊണ്ടാണ് ഹാജി അത്തരം നീക്കങ്ങളെ തകർത്തതെന്നും ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് എഴുതിയിരിക്കുന്നു. മഞ്ചേരിയിലെ നമ്പൂതിരി ബാങ്ക് കൊള്ള ചെയ്യുന്നതിൽനിന്നു സംരക്ഷിച്ചതും, പുല്ലൂർ നമ്പൂതിരിയുടെ ബാങ്ക് കൊള്ളചെയ്ത കൊള്ളക്കാരെക്കൊണ്ട് അതു തിരിച്ചുകൊടുപ്പിച്ചതും നമ്പൂതിരിക്കു നഷ്ടപരിഹാരമായി ഖജാനയിൽനിന്നു പണം നൽകിയതും ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് തന്റെ പുസ്തകത്തിൽ എടുത്തുപറയുന്നുണ്ട് .

മതസ്പർദ്ധയിലൂടെ വിപ്ലവം വഴിതിരിച്ചുവിടാനുള്ള ബ്രിട്ടീഷ് തന്ത്രം മനസ്സിലാക്കി നിലമ്പൂർ കോവിലകത്തിനു കലാപകാരികൾ കാവൽനിന്ന ചരിത്രം കെ മാധവൻ നായർ മലബാർ കലാപത്തിൽ വിവരിക്കുന്നുണ്ട്. വെട്ടിക്കാട് ഭട്ടതിരിപ്പാട്, പാണ്ടിയാട്ട് നാരായണൻ നമ്പീശൻ എന്നിവർ പണവും ഭൂമിയും ഭക്ഷണവും നൽകി കലാപകാരികളെ സഹായിച്ചതായും മാപ്പിളമാരോടൊപ്പം കീഴാളരും അഞ്ഞൂറോളം ഹിന്ദുക്കളും കലാപകാരികളുടെ സൈന്യത്തിൽ സേവന മനുഷ്ഠിച്ചിരുന്നതായും ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്. 'ഒറ്റുകാരെയും ബ്രിട്ടീഷുകാരെയും സമരക്കാർ വകവരുത്തിയിട്ടുണ്ട്. അവരിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഉണ്ടായിരുന്നു. അതേസമയം, ഹിന്ദു വീടുകൾക്ക് മുസ്ലീങ്ങൾ കാവൽ നിന്നിരുന്നു. ഖിലാഫത്തുകാർ ഹിന്ദുസ്ത്രീകളെ മഞ്ചലിൽ എടുത്ത് അവരുടെ വീടുകളിൽ എത്തിച്ചുകൊടുത്ത സംഭവങ്ങൾ വരെ ഉണ്ടായിട്ടുണ്ട് എന്നാണ് 'കഴിഞ്ഞ കാലം' എന്ന തന്റെ ആത്മകഥയിൽ കെ.പി. കേശവ മേനോൻ രേഖപ്പെടുത്തിയിട്ടുള്ളത്.

മലബാറിലെ പോലീസ് സൂപ്രണ്ടായിരുന്ന ആർ.എച്ച്. ഹിച്ച്കോക്ക് 1924 ൽ പ്രസിദ്ധീകരിച്ച 'എ ഹിസ്റ്ററി ഓഫ് മലബാർ റിബല്യൻ' (മലബാർ കലാപത്തിന്റെ ചരിത്രം) എന്ന പുസ്തകത്തിലൂടെയാണ് മലബാർ കലാപത്തെ വർഗീയവത്കരിക്കാനുള്ള ആദ്യശ്രമങ്ങൾ ഉണ്ടാകുന്നത്. ഇന്ത്യയിലെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ അവമതിക്കാനും തങ്ങളുടെ ക്രൂരതകളെ വെള്ളപൂശാനും നടത്തിയ ബോധപൂർവമായ ശ്രമങ്ങളുടെ ഭാഗമായാണ് ആർ.എച്ച്. ഹിച്ച്കോക്കിന്റെ പുസ്തകം പുറത്തുവരുന്നത്. മലയാളരാജ്യം എന്നു പേരിട്ടുവിളിച്ച കലാപകാരികളുടെ സമാന്തരരാജ്യത്തെയും ഭരണകൂടത്തെയും വർഗീയമായി ആദ്യം ചിത്രീകരിക്കുന്നതും ആർ.എച്ച്. ഹിച്ച്കോക്കാണ്. തങ്ങളുടെ ക്രൂരതകൾ മറച്ചുവയ്ക്കാനും മലബാർ കലാപത്തെ ഇകഴ്ത്താനുമുള്ള ബ്രിട്ടീഷ് കുതന്ത്രമാണ് എ ഹിസ്റ്ററി ഓഫ് മലബാർ റിബല്യൻ എന്ന പുസ്തകം. മലബാർ കലാപം തെറ്റിദ്ധരിക്കപ്പെടുന്നതിൽ ഈ പുസ്തകം വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

**വളച്ചൊടിക്കപ്പെട്ട ചരിത്രത്തിന്റെയും നുണക്കഥകളുടെയും സംഘടിത അജണ്ടകളുടെയും പേരിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരേ നടന്ന മലബാർ കലാപത്തെയും അതിൽ ജീവത്യാഗം ചെയ്ത രക്തസാക്ഷികളെയും തള്ളിപ്പറയാൻ ദേശീയബോധമുള്ള ഒരാൾക്കും കഴിയില്ല. അങ്ങനെ ചെയ്യുന്നതു മഹത്തായ ആ ചരിത്രത്തോടു കാണിക്കുന്ന വഞ്ചനയാണ്.**

വളരെ ക്രൂരമായാണ് ബ്രിട്ടീഷുകാർ മലബാർ കലാപത്തെ അടിച്ചമർത്തിയത്. കലാപത്തെ നേരിടാൻ മാത്രമായി ഹിന്ദുക്കളായ പടയാളികളെ ഉൾപ്പെടുത്തി മലബാർ സ്പെഷ്യൽ ആംഡ് ഫോഴ്സ് ഉണ്ടാക്കിയത് കലാപത്തെ വർഗീയമായി ഉപയോഗിക്കാനും ചിത്രീകരിക്കാനുമുള്ള ബ്രിട്ടീഷുകാരുടെ തന്ത്രത്തിന് ഉദാഹരണമാണ്. മലബാറിലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും തമ്മിലടിപ്പിച്ച് കലാപത്തെ അടിച്ചമർത്താനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. ആലി മുസലിയാരെപ്പോലെയുള്ള നേതാക്കളെ തൂക്കിക്കൊന്നു. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ചെമ്പ്രശ്ശേരി തങ്ങൾ തുടങ്ങിയ നേതാക്കളെ വെടിവച്ചുകൊന്നു. 1921 നവംബർ 17 നു നടന്ന വാഗൺ ട്രാജഡി മാത്രം മതി കലാപകാരികളോടുള്ള ബ്രിട്ടീഷുകാരുടെ സമീപനം മനസ്സിലാക്കാൻ. പത്തൊൻപതാം നൂറ്റാണ്ടുമുതൽ മലബാറിൽ ബ്രിട്ടീഷുകാർക്കെതിരേ നടന്ന കലാപങ്ങളുടെ തുടർച്ച എന്ന നിലയിലാണ് ധീര ദേശാഭിമാനിയായ മുഹമ്മദ് അബ്ദുറഹ്മാൻ 'മാപ്പിള ലഹള' എന്ന് ബ്രിട്ടീഷുകാർ പേരുവിളിച്ച് അധിക്ഷേപിച്ച സ്വാതന്ത്ര്യസമരമുന്നേറ്റത്തെ ആദ്യമായി മലബാർ കലാപം എന്ന പേരു നൽകി പ്രകീർത്തിച്ചത്. ചരിത്രകാരൻമാരായ കെ.കെ.എൻ. കുറുപ്പ്, കെ.എൻ. പണിക്കർ തുടങ്ങിയവരൊക്കെ സ്വീകരിച്ചിരിക്കുന്ന നിലപാടും ഇതുതന്നെയാണ്. മലബാറിൽ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകിയവരായ കെ. മാധവമേനോൻ, കെ.പി. കേശവമേനോൻ, ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, കെ. കേളപ്പൻ, ഏകെജി, ഇഎംഎസ് നമ്പൂതിരിപ്പാട് തുടങ്ങിയവരുടെയെല്ലാം പൊതുനിലപാടും മലബാർ കലാപം ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നുവെന്നാണ്.

കേന്ദ്രീകൃതസ്വഭാവവും കൃത്യമായ നിർദേശങ്ങളും ലക്ഷ്യങ്ങളുമില്ലാതെ മുന്നേറിയ കലാപത്തിൽ പ്രാദേശികമായി ചിലയിടങ്ങളിലെങ്കിലും മതപരമായ വിദ്വേഷത്തിലേക്കും ആക്രമണത്തിലേക്കും സമരം വഴിമാറിയിട്ടുണ്ട് എന്ന വസ്തുത പൂർണമായും നിരാകരിച്ചുകൊണ്ടല്ല മലബാർ കലാപത്തെ ഇവിടെ ന്യായീകരിക്കുന്നത്. മലബാറിലെ അക്രമങ്ങളെക്കുറിച്ച് ആനി ബസന്റ് നൽകിയ റിപ്പോർട്ട് ഗാന്ധിയെ വ്രണിതഹൃദയനാക്കിയെങ്കിലും ആ റിപ്പോർട്ട് അദ്ദേഹം പൂർണമായും അംഗീകരിച്ചില്ല. കാരണം, ബ്രിട്ടീഷുകാർ പ്രചരിപ്പിച്ച നുണകൾ മറ്റ് ആരേക്കാളും അദ്ദേഹം മനസ്സിലാക്കിയിരുന്നു. മലബാറിലെ ദേശീയവാദികൾ അന്നു സ്വീകരിച്ച പൊതുനിലപാടും കലാപത്തിലെ അക്രമങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് ഇതിനെ സാമ്രാജ്യത്വവിരുദ്ധമുന്നേറ്റങ്ങളുടെ ഭാഗമായി അംഗീകരിക്കുക എന്നതായിരുന്നു. ഈ നിലപാടുകളുടെ തുടർച്ചയായാണ് മലബാർ കലാപത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായും രക്തസാക്ഷികളെ സ്വാതന്ത്ര്യസമര സേനാനികളായും അംഗീകരിച്ചത്.

മലബാർ കലാപത്തിന് ഒരു നൂറ്റാണ്ടു തികയുമ്പോൾ കലാപത്തിനിടയിലുണ്ടായ ചില അപഭ്രംശങ്ങളുടെ പേരിൽ കലാപത്തെയാകെ തള്ളിക്കളയുന്നതു ശരിയല്ല. മഹാത്മാഗാന്ധി ആഹ്വാനം ചെയ്ത നിസ്സഹകരണ സമരത്തിന്റെ ഭാഗമായിരുന്നു ഖിലാഫത്ത് സമരവും മലബാർ കലാപവുമെല്ലാം. വൈദേശികഭരണത്തിനെതിരേ നടന്ന പോരാട്ടങ്ങൾ എന്ന നിലയിൽ ഇവയെല്ലാം സ്വാതന്ത്ര്യസമരങ്ങളുടെ ഭാഗംതന്നെയാണ്. സാമ്രാജ്യത്വവിരുദ്ധസമരമായി ആരംഭിച്ച മലബാർ കലാപത്തിന്റെ ഒരു ഭാഗം ജന്മിത്വവിരുദ്ധകലാപമായും മറ്റൊരു ഭാഗം ചില പ്രദേശങ്ങളിലെങ്കിലും വർഗീയകലാപമായും മാറിയിട്ടുണ്ടെന്നതു വസ്തുതയാണ്. എങ്കിൽപ്പോലും കലാപത്തിന്റെ പൊതുസ്വഭാവമായ സാമ്രാജ്യത്വവിരുദ്ധതയെ തള്ളിക്കളയാൻ ചരിത്രകാരന്മാർക്കു കഴിയില്ല. മലബാർ കലാപത്തെ നിഷ്പക്ഷമായും സത്യസന്ധമായും വിലയിരുത്താൻ ശ്രമിച്ച ദേശീയവാദികളും പിൽക്കാല ചരിത്രകാരന്മാരും എത്തിനിൽക്കുന്നത് ഈ നിഗമനങ്ങളിലാണ്. മലബാർ കലാപത്തെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയ ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിൽ മുൻ ചെയർമാനും ചരിത്രപണ്ഡിതനുമായ ഡോ. എം.ജി.എസ്. നാരായണനും നടത്തിയിട്ടുള്ളത് ഇതേ നിരീക്ഷണമാണ്. വളച്ചൊടിക്കപ്പെട്ട ചരിത്രത്തിന്റെയും നുണക്കഥകളുടെയും സംഘടിത അജണ്ടകളുടെയും പേരിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരേ നടന്ന മലബാർ കലാപത്തെയും അതിൽ ജീവത്യാഗം ചെയ്ത രക്തസാക്ഷികളെയും തള്ളിപ്പറയാൻ ദേശീയബോധമുള്ള ഒരാൾക്കും കഴിയില്ല. അങ്ങനെ ചെയ്യുന്നതു മഹത്തായ ആ ചരിത്രത്തോടു കാണിക്കുന്ന വഞ്ചനയാണ്.

■

കവിത

സാംസൺ പാലാ

## മലരിക്കലാമ്പൽ



ചിങ്ങമാസത്തിൽ വിരുന്നു വന്നെത്തുന്ന
പൊന്നോണനാളിലെയാമ്പൽപ്പൂക്കൾ
മലരിക്കൽ പാടത്ത് പുലരുംമുമ്പുണരുന്ന
'മലർവാടി പുഷ്പങ്ങളാമ്പൽക്കൂട്ടം.'

പട്ടുപുതച്ച പൂമെത്തപോലിപ്പാടം
കൂട്ടമായ് ആമ്പൽ നിറഞ്ഞിടുന്നു
ഓളപ്പരപ്പിലെ ശീതളക്കാറ്റേറ്റ്
താളത്തിൽ പൂവുകൾ മെല്ലെയാടും.

പൂക്കൾ നിറഞ്ഞാമ്പൽ പൂത്തുനിൽക്കുന്നേരം
പൂങ്കാവനത്തിന്റെ ഭംഗിയേറും
എന്നും വിരിയുന്ന പൂക്കളിലോരോന്നി-
ലെന്നും നുകരുവാൻ തുമ്പിയെത്തും.

രണ്ടായിരത്തോളമേക്കറിൽ പൂക്കുന്ന
കുണ്ടു നിറഞ്ഞ നെൽപ്പാടമാകെ
ചാകരയെന്നപോലാമ്പൽപ്പൂവൊക്കെയും
സാഗരമായി നിറഞ്ഞിടുന്നൂ.

കൊക്കുകൾ, മുണ്ടികളെന്നിവ പൂവിന്റെ
വക്കിലിരുന്ന് പിടിക്കുന്നു മീൻ
കുണ്ടിൽ വളർന്നവയെങ്കിലുമീയാമ്പൽ
കണ്ടു രസിക്കുവാനേറെയും പേർ.

പാടം നിറഞ്ഞെത്തും വെള്ളരിപ്രാവുകൾ
കൂടിപ്പറക്കുമ്പോളെന്തു ഭംഗി!
കണ്ണെത്തും ദൂരത്തെയാമ്പൽ വൃന്ദാവനം
എണ്ണിയാൽ തീരാത്ത സ്വപ്നലോകം.

ബോട്ടിൽ കയറി നാം ചുറ്റിടും നേരത്ത്
തൊട്ടു തലോടിപ്പറിച്ചിടാം പൂ.
പൂക്കളം ഭേദിച്ചു വള്ളം തുഴയുമ്പോൾ
പൂക്കളെ നന്നായടുത്തു കാണാം.

മലരിക്കലോരോ പ്രഭാതം പുലരുമ്പോൾ
മലരണിയാമ്പൽ വിരിഞ്ഞുനിൽക്കും
ചിരിതൂകി നിൽക്കുമീയാമ്പൽ പൂവാകെയും
സൂര്യന്റെ ശോഭയിൽ കൈകൂപ്പിടും.

# ദൈവം പുനർനിർമിച്ച സ്നേഹവീട്

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**





ആഷ്‌ലി ടെസ് ജോൺ

**സി**ജി പറഞ്ഞു തുടങ്ങിയപ്പോൾ മഴയും പെയ്ത്തുനിർത്തി കാതോർത്തുനിന്നു, എനിക്കൊപ്പം. "എല്ലാ സങ്കടങ്ങൾക്കുള്ളിലും സന്തോഷത്തിന്റെ ചില വളപ്പൊട്ടുകൾ എന്റെ തമ്പുരാൻ എനിക്കുവേണ്ടി ഒളിപ്പിച്ചുവയ്ക്കും. ഞാനതുകൊണ്ടിപ്പോൾ ഒന്നിനെക്കുറിച്ചും ആകുലപ്പെടാറില്ല, വീട്ടിലുയരുന്ന ആരവങ്ങൾക്കു നന്ദിപറയുകയല്ലാതെ. കുലുക്കി നിറച്ച് മടിയിൽ ഇട്ടുതരുന്നവൻ കൂടെയുള്ളപ്പോ ആരോടു പരാതി പറയാൻ?"

പാലാ വലവൂർ താളംപ്ലാക്കിയിൽ വീട്ടിൽ നിന്ന് സിജി ഇതു പറയുമ്പോൾ ആ വാക്കുകൾക്കു സ്നേഹത്തിന്റെ ഈണവും പ്രാർത്ഥനയുടെ താളവുമായിരുന്നു. ഇടുക്കിയിൽനിന്നു മലയിറങ്ങി വലവൂരു വന്ന മിടുക്കിയാണ്. രാജാക്കാട്ടെ കല്ലും മുള്ളും മലയും മഞ്ഞും ശരീരത്തെ പാകപ്പെടുത്തിയതു പോലെ, ജീവിതം സിജിയുടെ മനസ്സിനെയും സഹനത്തിന്റെ കടകോലുകൊണ്ട് കടഞ്ഞുപാകമാക്കിയിട്ടുണ്ട്. പത്തു വർഷം വാടകവീട്ടിൽ കഴിഞ്ഞ സമയം, മൂത്ത കുഞ്ഞിന്റെ രോഗം, ജോബിയുടെ മദ്യപാനം... നീന്തിക്കടന്ന സങ്കടക്കടലുകളെപ്പറ്റി പറയുമ്പോൾ ഇപ്പോൾ ആ സ്വരം ഇടറുന്നില്ല. കരഞ്ഞു പ്രാർത്ഥിച്ചാൽ തുറന്നുകിട്ടാത്ത വാതിലുകളില്ല, കടന്നുപോവാനാവാത്ത പ്രതിസന്ധികളുമില്ലെന്ന് ജീവിതം സിജിയെ പഠിപ്പിച്ചുകഴിഞ്ഞു.

ഓരോ കുഞ്ഞും ഉള്ളിൽ വളരുന്നത് അമ്മയെ ഭക്ഷിച്ചാണ്. പക്ഷേ, ആകുലതകളുടെ നാളുകളിലൊന്നിൽ ഒരു കുഞ്ഞിനെ അബോർട്ടു ചെയ്താലോ എന്നാലോചിച്ച ഭീകരരാത്രിയെപ്പറ്റി പറയുമ്പോൾ സിജിയുടെ ചങ്കിപ്പോഴും പിടയ്ക്കുന്നുണ്ട്: "മാതാവ് കാത്തതാണ്. അമ്മയോടു പ്രാർത്ഥിച്ച് മനസ്സിനൊരു വെട്ടം കിട്ടിയില്ലായിരുന്നെങ്കിൽ, ഒരിക്കലും തീരാത്ത ഒരു വേദന ഞാനെന്റെ ഹൃദയത്തിൽ പേറേണ്ടിവന്നേനെ."

ഐവർസംഘത്തിലെ മൂത്തവൻ പതിമ്മൂന്നുകാരൻ ജോയലാണ്. പതിനൊന്നുകാരി ആഗ്നസും, എട്ടു വയസുകാരി അൽഫോൻസയും, ഏഴു വയസ്സുകാരി ആൻമരിയയും, യുകെജിക്കാരൻ ജോസഫും പിന്നാലേ... സന്തോഷം പടരുകയാണ്, വീട്ടിൽ കലപിലകൾ നിറയുമ്പോൾ. അമ്മയുടെകൂടെ അടുക്കളയിലും അടിച്ചുവാരാനും പഠിക്കാനും പഠിപ്പിക്കാനും എല്ലാം കുട്ടിക്കൂട്ടം കൂടും. ഏതു 'നിലവാരോമീറ്റർ' വച്ചളക്കും നമ്മളീ സന്തോഷങ്ങളെ?

"കൊച്ചി പഴയ കൊച്ചിയല്ല, പക്ഷേ ബിലാല് പഴയ ബിലാലാണ്. മമ്മൂട്ടി സിനിമയിലെ പ്രസിദ്ധമായ ഡയലോഗാണ്. പക്ഷേ, എന്റെ കാര്യത്തിൽ കൊച്ചി പഴയ കൊച്ചി തന്നെ. ബിലാലിപ്പം പഴയ ബിലാലല്ല!'' ജോബി പറഞ്ഞു: "അവളെന്നെ മാറ്റിക്കളഞ്ഞു കേട്ടോ, സുല്ലിടീച്ചു.'' കേട്ടപ്പോൾ ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞെങ്കിലും തെറ്റിപ്പോയെന്ന് ഏറ്റുപറയാനുള്ള നന്മയില്ലാത്ത ഇക്കാലത്ത് ജോബിയുടെ ഏറ്റുപറച്ചിൽ അദ്ഭുതമായിത്തോന്നി. പച്ചമനുഷ്യൻ. ഹൃദയംകൊണ്ടാണയാൾ സംസാരിക്കുന്നത്. "ഞാൻ നല്ല കുടിയനായിരുന്നു, ചൂടനും. ഞാൻ ശകാരിക്കുമ്പോഴെല്ലാം അവൾ നിശ്ശബ്ദയാകും. അവളുടെ പ്രാർത്ഥനയും സ്നേഹവും എന്നെ മാറ്റിയെഴുതി. വാടകവീട്ടിൽ താമസിച്ചിരുന്ന സമയത്ത് ഒരു വീടിനായി സിജി പ്രാർത്ഥിക്കുമ്പോൾ ഞാൻ കളിയാക്കിയിരുന്നു, പ്രാർത്ഥിച്ചോ, പ്രാർത്ഥിച്ചോ, ഇപ്പം നൂലിൽ കെട്ടിയിറക്കിത്തരുമെന്ന്. നൂലിലല്ല, അവിടുന്ന് വടത്തിലാണ് കെട്ടിയിറക്കിത്തന്നത്.'' ജോബിയുടെ വാക്കുകൾക്ക് വടത്തിന്റെ ഉറപ്പും ബലവും.



*പാലാ വലവൂർ താളംപ്ലാക്കിയിൽ ജോബിയും സിജിയും മക്കളോടൊപ്പം*

"ഞങ്ങൾക്കിപ്പോ നല്ലൊരു വീടുണ്ട്, അഞ്ചു മക്കളും. അഭിമാനമാണ്, സന്തോഷമാണ്. എന്നും മക്കളുമൊത്ത് പള്ളിയിൽപ്പോകും, എല്ലാം തന്നവനു നന്ദി പറയാൻ.'' ജോബിയുടെ വാക്കുകളിൽ തിരിച്ചറിയാം, മനസ്സിലെ അഭിമാനത്തിളക്കം.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന പഴഞ്ചൊല്ല് ജോബി തിരുത്തിയത് വലിയ ആശ്വാസമായിരുന്നു. മദ്യപാനം നിർത്തി. കുട്ടികൾക്കുവേണ്ടി കൂടുതൽ അദ്ധ്വാനിക്കുന്നുണ്ട്. ഓട്ടോ ഓടിക്കും, തടിപ്പണിക്കു പോകും. ആടും കോഴിയുമൊക്കെ വളർത്തി താങ്ങായി ഞാനും കൂടെ നിൽക്കും. ഇനിയും എത്ര കുഞ്ഞുവാവകളെ ഈശോ തന്നാലും ഞങ്ങൾക്കു സന്തോഷമാണെന്ന് മക്കൾ പറയും. ഇടവകക്കാരുടെയും ദൈവാലയത്തിന്റെയും സ്നേഹമാണ് വീടായി മാറിയത്. പിതാക്കന്മാർ വീട്ടിൽവന്നു പ്രാർത്ഥിച്ചു. എല്ലാവരും എപ്പോഴും കരുതുന്നുണ്ട് ഞങ്ങളെ. ഇതിൽക്കൂടുതൽ എന്തു കൃപയാണ് ആഗ്രഹിക്കേണ്ടത്? എല്ലാം ദൈവം തന്നതാണ്. അവിടുത്തെ ഇഷ്ടം നിറവേറട്ടെ.'' സിജി പറഞ്ഞു നിർത്തി.

■

# വേദശാസ്ത്രനിപുണനും ഭക്തശിരോമണിയും

രണ്ടാം പേജ് തുടർച്ച

വാർദ്ധക്യത്തിൽ എത്തുന്നതിനുമുമ്പേ രോഗബാധിതനായി. 1933 ജനുവരി 29 ന് ഇഹലോകവാസം വെടിഞ്ഞു. അറുപത്തിയാറു വയസ്സേ ആയിരുന്നുള്ളൂ. മരണകാരണം ഉദരവ്യാധിയായിരുന്നു. മാർ ജെയിംസ് കാളാശ്ശേരി കബറടക്കശുശ്രൂഷകൾ നടത്തി. പ്രസംഗവേളയിൽ കാളാശ്ശേരി പിതാവ് പറഞ്ഞു: "കൊച്ചുചാണ്ടിയച്ചൻ ദൈവത്തിന്റെ മനുഷ്യനായിരുന്നു. ഈശോയ്ക്കും ദൈവജനത്തിനുംവേണ്ടി ജീവിച്ച പുരോഹിതനായിരുന്നു.'' പിന്നീട് വയലിൽ പിതാവ് കുടീരോപരി സ്മാരകശില സ്ഥാപിച്ചു. നസ്രാണി ദീപിക എഴുതി: "ദൈവഭക്തി, ദീനാനുകമ്പ, ശാസ്ത്രജ്ഞാനം, പ്രസംഗസാമർത്ഥ്യം ആദിയായ ഗുണങ്ങളിൽ ഏതാണ് കൊച്ചുചാണ്ടിയച്ചനിൽ മികച്ചുനിന്നിരുന്നതെന്നു പറയുക അസാധ്യമാണ്. നിരന്തരമായ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. സാധുക്കളെ സേവിച്ചും അസ്വസ്ഥമാനസരെ ആശ്വസിപ്പിച്ചും ജീവിച്ചു.''

ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവിന്റെ വാക്കുകളോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു: "കേരളസഭാമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരവും കേരള കർമ്മലീത്താസഭയുടെ അഭിമാനപാത്രവുമാണ് കട്ടക്കയത്തിൽ പെരിയ ബഹു. കൊച്ചുചാണ്ടിയച്ചൻ. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും വ്യക്തിമാഹാത്മ്യവും ആധുനിക കേരളീയരെ പരിചയപ്പെടുത്തിയത് കർമ്മലകുസുമമായിരുന്നു. നമ്മുടെ വീടുകളിൽ ഈ ലേഖനങ്ങൾ ഭക്തിപൂർവം വായിച്ചിരുന്നു. അവയുടെ പാരായണം ഇന്നുള്ളവർക്കും കറയറ്റ ആത്മീയഭക്ഷണമായിരിക്കുമെന്നതിൽ സംശയമില്ല. ഈ ലേഖനങ്ങൾ വെളിച്ചംകണ്ട കാലത്ത് എന്നതുപോലെ ഇന്നും നമ്മുടെ കത്തോലിക്കാക്കുടുംബങ്ങളിൽ പാവനമായ ആധ്യാത്മിക ചൈതന്യം സംജാതമാക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായകമായിത്തീരും.''

■

## കെ.സി.എസ്.എൽ. അധ്യാപക അവാർഡ്



സെബാസ്റ്റ്യൻ വി.വി. വെട്ടിയാങ്കൽ



സി. ട്രീസ ജേക്കബ് എഫ്.സി.സി.

കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയിരിക്കുന്ന ഷെവലിയർ പി.റ്റി. തോമസ് അവാർഡിനർഹനായ സെബാസ്റ്റ്യൻ വി.വി. വെട്ടിയാങ്കൽ (ഇടുക്കി രൂപത), ബെസ്റ്റ് ആനിമേറ്റർ അവാർഡിനർഹയായ സി. ട്രീസ ജേക്കബ് എഫ്.സി.സി. (തൃശൂർ അതിരൂപത) എന്നിവർ.

## യൂക്കാലിപ്റ്റസ്

കാർഷികം

ജോഷി മുഞ്ഞനാട്ട്



**ലോ**കത്തു വ്യാപകമായി കാണപ്പെടുന്ന ഒരു മരമാണ് യൂക്കാലിപ്റ്റസ്. വിവിധ രാജ്യങ്ങളിലായി 600 ഇനത്തോളം യൂക്കാലിപ്റ്റസ് മരങ്ങളുള്ളതായി പഠനങ്ങൾ പറയുന്നു.

വളരെ വേഗം വളരുന്ന ഈ മരത്തിന് സുഗന്ധമുള്ള നീണ്ട ഇലകളാണുള്ളത്. ഡിസംബർ - ജനുവരി മാസങ്ങളാണ് ഇവയുടെ പൂക്കാലം. തടി പ്രധാനമായും കടലാസു നിർമാണത്തിന് ഉപയോഗിക്കുന്നു.

ടെറിറ്റി കോർണീസ്, ഗ്രാൻഡിസ്, ഡെഗ്ളുവറ്റ്, സ്ഗ്ലോബുലസ്, സിട്രിഡോറ എന്നിവയാണ് കേരളത്തിൽ കണ്ടുവരുന്ന യൂക്കാലിപ്റ്റസ് ഇനങ്ങൾ.

ഇലയും തണ്ടും വാറ്റിയെടുക്കുന്ന തൈലം ഔഷധഗുണങ്ങൾ അടങ്ങിയതാണ്. ഇലയിൽനിന്നാണ് കൂടുതൽ തൈലം ലഭിക്കുക. യൂക്കാലിപ്റ്റസിൽനിന്നെടുക്കുന്ന എണ്ണ സൗന്ദര്യവർധകവസ്തുക്കൾ, സോപ്പ്, ഹെയർ ഓയിൽ, വിവിധതരം ബാമുകൾ തുടങ്ങിയവയുടെ നിർമാണത്തിനും ഉപയോഗിക്കുന്നു.

ഇത് അണുനാശിനിയായും ഉപയോഗിക്കാറുണ്ട്. കന്നുകാലിത്തൊഴുത്തിലും മറ്റും ഇവ വെള്ളത്തിൽ ചേർത്ത് സ്പ്രേ ചെയ്യുന്നത് വളരെ നല്ലതാണ്. മൃഗചികിത്സാരംഗത്തും ഈ തൈലത്തിനു സ്ഥാനമുണ്ട്.

സൗരഭ്യമുള്ള ജനിതഹരിതവൃക്ഷമായ യൂക്കാലിപ്റ്റ്സ് 'മിർട്ടേസി' കുടുംബത്തിൽപ്പെടുന്നു. ഉഷ്ണമേഖലാപ്രദേശത്തും സമശീതോഷ്ണപ്രദേശത്തും ഇവ നന്നായി വളരുന്നു. ഉയർന്ന അന്തരീക്ഷതാപനിലയും ധാരാളം മഴയും യൂക്കാലിപ്റ്റിസിന്റെ വളർച്ചയ്ക്കാവശ്യമാണ്. തൈകൾ നട്ടുവളർത്തിയാണ് ഇവയുടെ കൃഷിരീതി.

നോവൽ 7

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

പ്രഭാതം

സനൂ... സനൂ...

കാതിൽ സ്മിതയുടെ ശബ്ദം.

ഇന്നു സ്കൂളിൽ പോകണ്ടേ? പിള്ളേരെ വിളിച്ചെണീപ്പിക്കണ്ടേ? അടുക്കളയിൽ കയറണ്ടേ... ഇങ്ങെണീക്ക്.

സ്മിത സനലിന്റെ കൈക്കു പിടിച്ചെണീപ്പിച്ചു. സനൽ കട്ടിലിൽനിന്നുയർന്നു. ഉറക്കത്തിൽ നിന്ന് കണ്ണുതുറന്ന് അയാൾ ചുറ്റിനും നോക്കി. നേരം പുലർന്നിരിക്കുന്നു. ദയയും ബെഞ്ചമിനും നല്ല ഉറക്കത്തിൽത്തന്നെ. സ്മിത എവിടെ?

അപ്പോൾ അടുക്കളയിൽ എന്തോ ശബ്ദം കേട്ടു.

സ്മിത തന്നെ വിളിച്ചെണീപ്പിച്ചതിനുശേഷം അടുക്കളയിലേക്കു പോയോ?

സനൽ അടുക്കളയിലേക്കു ചെന്നു. പക്ഷേ, സ്മിതയെ അടുക്കളയിൽ കണ്ടില്ല. അയാൾ പിന്നാമ്പുറത്തെ വാതിൽ തുറന്നു. മുറ്റത്തെങ്ങാനും ഉണ്ടോ... അവിടെയും കണ്ടില്ല. ഇനി ബാത്ത് റൂമിൽ...? സനൽ തിടുക്കത്തിൽ ബാത്ത് റൂമിലേക്കു ചെന്നു. അത് പുറത്തുനിന്നു ലോക്ക് ചെയ്തിരിക്കുകയായിരുന്നു. സനൽ വീണ്ടും അടുക്കളയിലേക്കു ചെന്നു.

"നീ എന്നതാ നോക്കുന്നെ.. ആരെയാ നോക്കുന്നെ.."

സനൽ ശബ്ദം കേട്ട് തിരിഞ്ഞു നോക്കി. അടുക്കളയിൽ അന്നാമ്മ. അവർ കാപ്പി തിളപ്പിക്കുകയായിരുന്നു. വർത്തമാനകാലത്തിലേക്കു തിരികെവരാൻ സനൽ സമയമെടുത്തു. സ്മിത തന്നെ വിളിച്ചുണർത്തിയെന്നോ താൻ സ്മിതയെ കണ്ടുവെന്നോ അയാൾ അന്നാമ്മയോടു പറഞ്ഞില്ല.

"അമ്മച്ചിയെന്നാത്തിനാ അടുക്കളയിൽ കയറിയെ?'' സനൽ ചോദിച്ചു.

"അതിന് നിനക്ക് അടുക്കളപ്പണി വല്ലതും അറിയാമോ മോനേ.."

സനൽ ഉത്തരം പറയാതെ തലകുനിച്ചു.

"ആരോഗ്യക്കുറവുണ്ടെങ്കിലും പറ്റുന്നതുപോലെയൊക്കെ ചെയ്യാം. നീയെന്നെ ഒന്നു സഹായിച്ചു തന്നാ മതി.. ഞാൻ ചെയ്യുന്നതൊക്കെ നീ കണ്ടുപഠിക്കുകേം വേണം... ഇനി ഇങ്ങനെയാണെങ്കിലും ഞാൻ എത്രകാലം ഉണ്ടാവുമെന്ന് ആരറിഞ്ഞു?"

അന്നാമ്മ കാപ്പി ഗ്ലാസുകളിലേക്കു പകർന്ന് ഒരെണ്ണം എടുത്ത് അവന്റെ നേർക്കു നീട്ടി. വർഷങ്ങൾക്കുശേഷം അമ്മച്ചിയുടെ കൈയിൽനിന്ന് ഒരു ഗ്ലാസ് കാപ്പി. സനൽ അത് വാങ്ങി ചുണ്ടോടു ചേർത്തു.

"രോഷ്നി വരില്ലായിരുന്നോ..." സനൽ ചോദിച്ചു.

അന്നാമ്മ ചിരിച്ചു.

"അതു ശരിയാണോ മോനേ... എത്രകാലമാന്നുവച്ചാ നമ്മള് ആ പെങ്കൊച്ചിനെ ബുദ്ധിമുട്ടിക്കുന്നെ? സ്വരം നന്നാകുമ്പോ പാട്ടു നിർത്തണം എന്നല്ലേ പഴമക്കാര് പറയുന്നെ? സഹായിക്കാൻ ആളുണ്ടെന്നു കരുതി അവർക്കു നമ്മള് ഭാരമാകരുത്."

"ശരിയാണ്..." സനൽ തലകുലുക്കി.

രോഷ്നി തങ്ങൾക്കുവേണ്ടി ചെയ്തുതരുന്നതിനും ഒരു പരിധിയുണ്ട്. അവളുടെ സന്മനസാണ് ഇത്രയും ദിവസമായിട്ടും ഈ കുടുംബത്തെ മുന്നോട്ടുകൊണ്ടുപോയത്. ഇനിയും അവളെ ആശ്രയിക്കുന്നതു ശരിയല്ല. പക്ഷേ, എങ്ങനെ താൻ അടുക്കളക്കാര്യങ്ങൾ നോക്കും? പാചകം ചെയ്യും? മീൻ കറിവയ്ക്കും? ഇറച്ചി വയ്ക്കും? ദോശയുണ്ടാക്കും? ഗ്യാസ് സിലിണ്ടർ മാറ്റും? ഫ്യൂസ് കെട്ടും? ഒരുപാട് ചോദ്യങ്ങൾ സനലിന്റെ തലയ്ക്കു മുകളിൽ ഉയർന്നു.

"അല്ലാ അമ്മേം മോനും കൂടി അടുക്കളയിൽ കയറിയോ?"

അപ്പോൾ അടുക്കളവാതിൽ തുറന്ന് രോഷ്നി അകത്തേക്കു പ്രവേശിച്ചു. അവളുടെ കൈയിൽ ഒരു കാസറോളുമുണ്ടായിരുന്നു.

അന്നാമ്മയും സനലും പരസ്പരം നോക്കി.

"എന്തായാലും സനുച്ചേട്ടൻ എണീറ്റല്ലോ... നല്ല കാര്യം. പിള്ളേരെണീറ്റോ?"

കാസറോൾ ഡൈനിങ് ടേബിളിലേക്കു കൊണ്ടുപോയി വച്ചിട്ട് രോഷ്നി തിരികെവന്നു.

"ദോശയാ... ബ്രേക്ക് ഫാസ്റ്റിന്റെ കാര്യമോർത്ത് ടെൻഷനടിക്കണ്ട... പിന്നെ ഉച്ചയ്ക്കത്തെ കാര്യമല്ലേ. അതു നമുക്ക് ഇപ്പം ശരിയാക്കിത്തരാം."

രോഷ്നി ചോറുവയ്ക്കുന്ന പാത്രമെടുത്ത് അതു കഴുകിത്തുടങ്ങി.

"മോളേ, നിന്നെ എത്രകാലമാന്നു വച്ചാ ഞങ്ങളിങ്ങനെ ബുദ്ധിമുട്ടിക്കുന്നെ... നിനക്കു പഠിക്കാനില്ലേ... നാളെ വേറൊരു കുടുംബത്തിൽ പോകാനുള്ളതുമല്ലേ?" അന്നാമ്മ ചോദിച്ചു.

പിഎസ്സി കോച്ചിങ്ങിനു ചേർന്നിരിക്കുന്ന രോഷ്നിക്ക് ഈയിടെയായി വിവാഹാലോചനകളും വരുന്നുണ്ട്.

"അത് കല്യാണം നടക്കുമ്പോഴല്ലേ... പക്ഷേ, അത് എപ്പോൾ വേണം എന്നത് എന്റെ തീരുമാനമല്ലേ.." രോഷ്നി ചിരിച്ചു.

"പിന്നെ, എന്റെ ബുദ്ധിമുട്ട്... അന്നാമ്മച്ചിയോടും സനുച്ചേട്ടനോടുമുള്ള എന്റെ കടപ്പാട് അങ്ങനെയൊന്നും തീരില്ലല്ലോ?"

രോഷ്നിയുടെ ജനനം കഴിഞ്ഞ് അധികം വൈകാതെ അവളുടെ അമ്മ മരണമടഞ്ഞിരുന്നു. അതിനുശേഷം അവളുടെ കാര്യമെല്ലാം ഒരു അമ്മയ്ക്കടുത്ത വാത്സല്യത്തോടും സ്നേഹത്തോടുംകൂടി നിർവഹിച്ചത് അന്നാമ്മയായിരുന്നു. സനലാവട്ടെ, തനിക്ക് ഇല്ലാതെ പോയ ഒരു പെങ്ങളുകുട്ടിയെപ്പോലെയായിരുന്നു അവളെ സ്നേഹിച്ചതും എടുത്തുകൊണ്ടു നടന്നതും. രോഷ്നിക്ക് ആറേഴു വയസുള്ളപ്പോൾ അപ്പനും മരണമടഞ്ഞു. പിന്നെ അവളുടെ ജീവിതം കൂടുതലും സനലിന്റെ വീടുമായി ബന്ധപ്പെട്ടാണു മുന്നോട്ടുപോയത്. രോഷ്നിക്ക് രണ്ടു സഹോദരന്മാരാണുള്ളത്. രാജുവും റോയിയും. രാജു വിവാഹിതനായി വേറെയാണ് താമസം. റോയിയും വിവാഹിതനാണ്. ഭാര്യ സീന. അവർ തറവാട്ടിൽത്തന്നെയാണ്.

രോഷ്നി പറഞ്ഞതുകേട്ട് അന്നാമ്മയും സനുവും തിരിച്ചൊന്നും പറഞ്ഞില്ല. "ഞാൻ പിള്ളേരെ ചെന്ന് വിളിച്ചെണീപ്പിക്കട്ടെ." രോഷ്നി ബെഡ്റൂമിലേക്കു പോയി.

"മക്കളേ ഇങ്ങെണീറ്റേ..'' അവൾ രണ്ടുപേരെയും മാറിമാറി വിളിക്കുന്നതുകേട്ടുകൊണ്ടാണ് സനൽ ബാത്ത് റൂമിലേക്കു പോയത്. അയാൾ തിരികെവരുമ്പോൾ കുട്ടികൾ രണ്ടുപേരും പല്ലുതേക്കുന്നുണ്ടായിരുന്നു.

"രണ്ടാളും ടോയ്ലറ്റിൽ പോകണം. ടൈംടേബിൾ നോക്കി ടെക്സ്റ്റ് എടുത്തുവയ്ക്കണം." രോഷ്നി ഓരോരോ നിർദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അതിനിടയിൽ പൊടിപിടിച്ചുകിടന്ന സ്കൂൾബാഗുകൾ തൂത്തെടുക്കുകയും ചെയ്തിരുന്നു.

ബെഞ്ചമിനുള്ള ചൂടുവെള്ളം കുളിമുറിയിൽ കൊണ്ടുപോയി ഒഴിച്ചുകൊടുത്തതിനുശേഷം റോഷ്നി സനലിനോടു പറഞ്ഞു:

"സനുച്ചേട്ടാ, മോനെ ഒന്നു കുളിപ്പിച്ചേക്കണേ.."

സനൽ തലയാട്ടി.

"പപ്പാ വേഗം വാ..." ബാത്ത് റൂമിൽനിന്ന് ബെഞ്ചമിൻ നീട്ടിവിളിച്ചു.

സനൽ പരുങ്ങലോടെ ബാത്ത്റൂമിലേക്കു ചെന്നു. അയാൾ ഇതുവരെയും ബെഞ്ചമിനെപ്പോലും കുളിപ്പിച്ചിട്ടുണ്ടായിരുന്നില്ല. സനൽ ചെല്ലുമ്പോൾ ബെഞ്ചമിൻ ദേഹത്തു വെള്ളം കോരിയൊഴിച്ചു നില്ക്കുകയായിരുന്നു.

"സോപ്പ്..." അവൻ പറഞ്ഞു.

സനൽ അവന്റെ ദേഹത്ത് സോപ്പ് തേപ്പിക്കുമ്പോൾ ബെഞ്ചമിൻ പറഞ്ഞു:

"അമ്മ എന്നെ കുളിപ്പിക്കുമ്പോൾ പാട്ടുപാടിത്തരുമായിരുന്നു. ഓലത്തുമ്പത്തിരുന്ന് ഊഞ്ഞാലാടും ചെല്ലപ്പൈങ്കിളീ.. എന്റെ ബാലഗോപാലനെ എണ്ണ തേപ്പിക്കുമ്പോൾ പാടടീ.'' ബെഞ്ചമിൻ തനിക്കറിയാവുന്ന വിധത്തിൽ ആ പാട്ടുപാടി.

പിന്നെ കരഞ്ഞുകൊണ്ട് സനലിനെ കെട്ടിപ്പിടിച്ചു. അപ്രതീക്ഷിതമായ സ്മിതയുടെ പരാമർശവും ബെഞ്ചമിന്റെ സങ്കടവും സനലിനെ തളർത്തിക്കളഞ്ഞു. ഈ വീടിന്റെ ഓരോ ചുവരിലും തൂണിലും ഓരോ ഇടപെടലുകളിലും സ്മിത മായാതെ നില്ക്കുന്നുണ്ടെന്ന് സനലിനു മനസ്സിലായി. എത്ര ശ്രമിച്ചാലും മറക്കാൻ പണിപ്പെട്ടാലും അതു മാഞ്ഞുപോകില്ല.



രോഷ്നി കുട്ടികളെയും സനലിനെയും സ്നേഹപൂർവ്വം ശാസിച്ചും നിർബന്ധിച്ചും ഭക്ഷണം കഴിപ്പിച്ചു. ഉച്ചഭക്ഷണം മൂവരുടെയും ബാഗുകളിൽ റെഡിയാക്കി വച്ചു. വിശുദ്ധ രൂപങ്ങൾക്കു മുമ്പിൽ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ മൂവർക്കും സ്മിതയുടെ ഓർമവന്നു. അതിനു മുമ്പിൽ പൊട്ടിപ്പോകാതിരിക്കാൻ സനൽ ശ്രമിച്ചു. അപ്പോഴേക്കും ഗെയ്റ്റിൽ സ്കൂൾ ബസിന്റെ ഹോൺകേട്ടു.

ബെഞ്ചമിനും ദയയും ഓടിച്ചെന്ന് ജോസഫിനും അന്നാമ്മയ്ക്കും ഉമ്മ കൊടുത്തു. പതിവുപോലെ വാതില്ക്കലേക്ക് ഓടിപ്പോയ ദയ എന്തോ ഓർമയിൽ പിറകോട്ടു തിരിഞ്ഞ് റോഷ്നിയുടെ അരികിലെത്തി അവളുടെ കഴുത്തിൽ തോളിട്ട് കവിളിൽ ഉമ്മവച്ചു. ദയ ചെയ്യുന്നതു കണ്ടപ്പോൾ ബെഞ്ചമിനും അതുപോലെ തന്നെ ചെയ്തു.

ഉമ്മ...

പിന്നെ ഇരുവരും അതിവേഗം ഗെയ്റ്റിലേക്ക് ഓടി. സനൽ തന്റെ ബാഗുമെടുത്ത് അവരുടെ പിറകേ ചെന്നു. സ്കൂൾ ബസിലേക്കു കയറിയ കുട്ടികൾ റോഷ്നിക്കു നേരേ കരം വീശി.

റ്റാറ്റാ...

രോഷ്നിയും തിരികെ കൈകൾ വീശി.

ബസിന്റെ ചവിട്ടുപടിയിലേക്കു കാലെടുത്തുവച്ച സനൽ വീടിനു നേർക്കു നോക്കി. വരാന്തയിൽ സ്മിത. ഉയർത്തിപ്പിടിച്ച കരങ്ങളുമായി യാത്രാമംഗളം ആശംസിക്കുകയാണവൾ. സനൽ കണ്ണുകൾ ഇറുക്കെയടച്ചതിനു ശേഷം വീണ്ടും തുറന്നു. ഇല്ല. ഇപ്പോൾ സ്മിത നിന്നിരുന്നിടത്ത് രോഷ്നിയാണ്. രോഷ്നിയും അന്നാമ്മയും ജോസഫും വരാന്തയിൽനിന്ന് കരം ഉയർത്തിക്കാണിക്കുകയാണ്. സ്കൂൾ ബസ് മുന്നോട്ടുപോയി.

"എന്റെ മാതാവേ, എന്റെ കുഞ്ഞുങ്ങളെ കാത്തോളണേ.. അവരുടെ സങ്കടം കുറയ്ക്കണേ." അന്നാമ്മ കരങ്ങൾകൂപ്പി പ്രാർത്ഥിച്ചു.

"അന്നാമ്മച്ചീ ഞാൻ പോകുവാണേ... ഇന്ന് കോച്ചിങ് ക്ലാസുണ്ട്."

രോഷ്നി യാത്രചോദിച്ച് തിടുക്കത്തിൽ തന്റെ വീട്ടിലേക്ക് ഓടിപ്പോയി.

രോഷ്നി സനലിനെയും കുട്ടികളെയും യാത്രയയയ്ക്കുന്നതും മറ്റും രണ്ടു കണ്ണുകൾ നോക്കിക്കാണുന്നുണ്ടായിരുന്നു. സനലിന്റെ മറ്റൊരു അയൽവാസിയായ സുമൻ ആയിരുന്നു അത്. സ്മിതയുടെ മരണം കഴിഞ്ഞ നാൾ മുതൽ രോഷ്നി ആ വീട്ടിലെ അംഗമായി മാറിയിരിക്കുന്നതും രോഷ്നിയുടെ ഓരോ ഇടപെടലുകളും അവിവാഹിതനായ സുമൻ നിരീക്ഷിക്കുന്നുണ്ടായിരുന്നു. സനലുമായി ഒരു അതിർത്തിത്തർക്കംകൂടി സുമനുണ്ടായിരുന്നു. അവന്റെ മനസ്സിൽ എന്തൊക്കെയോ ചിന്തകൾ കുഴഞ്ഞുമറിയുന്നുണ്ടായിരുന്നു.

രോഷ്നി ഓടിച്ചെന്ന് വീട്ടിലേക്കു കയറുമ്പോൾ വാതിൽ തടഞ്ഞ് സീന നില്ക്കുന്നുണ്ടായിരുന്നു.

*(തുടരും)*

16
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

# വരുന്നൂ, പശിയടക്കാൻപോലും പച്ചവെള്ളമില്ലാക്കാലം

നീലാകാശംപോലെ പരന്നുകിടക്കുന്ന സാഗരത്തിനു മുന്നിൽ നിൽക്കുമ്പോഴും ആധുനികമനുഷ്യന്റെ നെഞ്ചിലെ തിരയിളക്കം തീരുന്നില്ല. സാമുവൽ ടെയ്‌ലർ കോൾറിഡ്ജിന്റെ പ്രശസ്തമായ വരികൾ ഓർമയിൽ നിറയുകയാണ്: Water, water everywhere, Nor any drop to drink.

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഏറ്റവും വിലപ്പിടിപ്പുള്ളതായി ശാസ്ത്രലോകം കരുതുന്ന വസ്തു എന്ന നിലയിലാണ് ജലത്തിന് 'ബ്ളൂ ഗോൾഡ്' എന്ന പേരു നൽകിയിരിക്കുന്നത്. സ്വർണമില്ലെങ്കിലും മനുഷ്യജീവിതം സാധ്യമാണ്. എന്നാൽ, ജലമില്ലെങ്കിൽ ജീവനു തുടർച്ചയുണ്ടാവില്ല. അതുകൊണ്ടുതന്നെയാകണം ഈജിപ്തിലെ ഏറ്റവും വലിയ ബുദ്ധിമാനെന്നു വിശേഷിപ്പിക്കപ്പെടുന്ന ശാസ്ത്രകാരനും മുൻലോകബാങ്ക് വൈസ് പ്രസിഡന്റുമായ ഇസ്മയിൽ സെരാഗൽഡ് 1995 ൽ നടത്തിയ ഒരു പ്രവചനം ലോകശ്രദ്ധയാകർഷിച്ചത്. അദ്ദേഹം അന്നു പറഞ്ഞത്, 'ഈ നൂറ്റാണ്ടിലെ യുദ്ധങ്ങൾ എണ്ണയ്ക്കു വേണ്ടിയുള്ളതാണെങ്കിൽ വരും നൂറ്റാണ്ടിലേതു വെള്ളത്തിനുവേണ്ടിയുള്ളതാകും' എന്നാണ്. ഭാവിയിൽ അങ്ങനെയൊരു യുദ്ധം ഉണ്ടാകാനിടയില്ല. കാരണം അത് എന്നേ തുടങ്ങിക്കഴിഞ്ഞു!!

ഇന്ത്യയിലെ അറിയപ്പെടുന്ന ഭൗതികശാസ്ത്രജ്ഞയും പരിസ്ഥിതിപ്രവർത്തികയുമായ ഡോ. വന്ദന ശിവ തന്റെ പ്രശസ്തമായ 'ജലയുദ്ധങ്ങൾ' എന്ന പുസ്തകത്തിൽ പങ്കുവയ്ക്കുന്ന ഒരനുഭവമുണ്ട്. ദില്ലിയിൽനിന്ന്, ജയ്പൂരിലേക്കു നടത്തിയ ഒരു ട്രെയിൻ യാത്രയിൽ അവർക്കു ലഭിച്ചത്, അക്വാഫിന എന്ന ബ്രാൻഡോടുകൂടിയ കുപ്പിവെള്ളമാണ്. വില കൊടുക്കേണ്ടി വന്നു അതിന്. എന്നാൽ, ജയ്പൂരിലെ തെരുവുകളിലൂടെ നടന്നപ്പോൾ കണ്ട കാഴ്ച അവിടത്തെ സാധാരണക്കാരായ ആൾക്കാർ തണ്ണീർപ്പന്തലൊരുക്കി മൺകുടങ്ങളിൽ സൗജന്യമായി വെള്ളം കൊടുക്കുന്നതാണ്. ജീവന്റെ നിലനില്പിനായി ജലസംഭരണം നടത്തി ആവശ്യക്കാർക്കു പകർന്നു നല്കുന്ന ഒരു ജലസംസ്കാരം. മറ്റൊരിടത്ത് ജലത്തെ ഒരു ചരക്കായിക്കണ്ട് കച്ചവടത്തിനായി ഉപയോഗിക്കുന്നു. രണ്ടാമതു പറഞ്ഞ ജലസംസ്കാരത്തിനു വേണ്ടി രാജ്യങ്ങളും കോർപ്പറേറ്റുകളും പിടിമുറുക്കുന്ന ഭീകരതയാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്.

വ്യക്തികൾ തമ്മിൽ പൈപ്പിൻചുവട്ടിലും സംസ്ഥാനങ്ങളും രാജ്യങ്ങളും തമ്മിൽ രാഷ്ട്രീയമായും ജലത്തിനുവേണ്ടിയുള്ള യുദ്ധങ്ങൾ തുടങ്ങിക്കഴിഞ്ഞു. കാവേരി ജലതർക്കവും മുല്ലപ്പെരിയാർ ജലതർക്കവും ഇനിയും പെയ്തുതോരുന്നില്ല. ഇറാനും ഇറാക്കും സിറിയയും പാലസ്തീനും ആഫ്രിക്കൻ രാജ്യങ്ങളും എന്നുവേണ്ട ലോകത്തെ അമ്പതിലധികം രാജ്യങ്ങളിൽ നടക്കുന്ന രാഷ്ട്രീയയുദ്ധങ്ങൾക്കു പിന്നിലെ പറയുന്നതും പറയപ്പെടാത്തതുമായ കാരണങ്ങളിൽ പ്രധാനം, നദീതടങ്ങളാൽ സമ്പന്നമായ ഭൂപ്രദേശങ്ങൾ സ്വന്തമാക്കുക എന്നതു തന്നെയാണ്. മതത്തിന്റെയും വർഗീയതയുടെയും പരിവേഷങ്ങൾ ചാർത്തുന്നുവെന്നു മാത്രം.

യു.എൻ. ഈയിടെ പുറത്തുവിട്ട കണക്കുപ്രകാരം ലോകജനസംഖ്യയിൽ മൂന്നിലൊരു ഭാഗം ഇപ്പോൾത്തന്നെ ശുദ്ധവും സുരക്ഷിതവുമായ ജലത്തിന്റെ ദൗർലഭ്യം അനുഭവിക്കുന്നു. ലോകത്ത് ഒരു ദിവസം 30,000 ആളുകൾ ജലക്ഷാമംകൊണ്ട് മരിക്കുന്നുണ്ട്. ഓരോ മൂന്നു മിനിറ്റിലും അഞ്ചു വയസ്സിനു താഴെയുള്ള ഒരു കുഞ്ഞ് ജലജന്യരോഗങ്ങൾക്കൊണ്ടു മരണപ്പെടുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം ഞെട്ടലുളവാക്കുന്നു. 2050 ആകുമ്പോഴേക്കും ലോകത്ത് 300 കോടി ആളുകൾക്ക് ശുദ്ധജലം ലഭ്യമാകില്ല എന്ന ഗൗരവമായ പഠനനിരീക്ഷണത്തിനുമുന്നിൽനിന്നു വേണം ഈ ആഗോളപ്രതിഭാസത്തെ നാം അഭിസംബോധന ചെയ്യാൻ. വരുംതലമുറയിലെ കുഞ്ഞുങ്ങൾ കരഞ്ഞു വാശിപിടിക്കുന്നത് ചോക്ലേറ്റിനോ ഐസ്ക്രീമിനോ വേണ്ടിയായിരിക്കില്ല; പച്ചവെള്ളത്തിനുവേണ്ടിയായിരിക്കും.



കണക്കുകളനുസരിച്ച് ഇന്ത്യയിലെ വാർഷികപ്രതിശീർഷ ജലലഭ്യത 2001 ൽ 1820 ക്യൂബിക് മീറ്റർ ആയിരുന്നു. 2011 ൽ അത് 1545 ആയും ഇപ്പോൾ 1486 ക്യൂബിക് മീറ്ററായും കുറഞ്ഞിട്ടുണ്ട്. 1100 ൽ കുറവാകുമ്പോൾ ഗുരുതരമായ അവസ്ഥാവിശേഷം സംജാതമാകും. പ്രതിശീർഷ ജലലഭ്യതയിൽ ഇന്ത്യ 133-ാം സ്ഥാനത്താണ്.

ജലം എന്നത് ഒരു പ്രകൃതിവിഭവം എന്നതിനെക്കാൾ അതൊരു ജീവവ്യവസ്ഥയാണ്. അതിനാൽ ജലവുമായി ബന്ധപ്പെട്ട ഏതു കാര്യവും സൂക്ഷ്മതയോടെ ചെയ്യണം. എണ്ണത്തിന്റെ വലിപ്പം പറഞ്ഞ് 44 നദികളുണ്ട് എന്ന് മലയാളിക്കഭിമാനിക്കാമെങ്കിലും അന്തർദേശീയ നിലവാരത്തിലുള്ള ഒരു നദിപോലും നമുക്കില്ല; വിസ്തൃതിയുടെ അടിസ്ഥാനത്തിൽ എല്ലാ നദികളും ചേർത്തുവച്ചാൽ ആ നിലയിലുള്ള രണ്ടു നദികൾ മാത്രമായി ചുരുങ്ങും എന്നതാണവസ്ഥ. അതുകൊണ്ട് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്ന പ്രധാന സ്രോതസ്സെന്ന നിലയിൽ നമ്മുടെ നദികൾ മലിനീകരണമുക്തമാക്കി സംരക്ഷിക്കപ്പെടേണ്ടതാണ്. ജലത്തെ സ്വീകരിച്ച് സംഭരിക്കുന്ന വയലുകളുടെയും തണ്ണീർത്തടങ്ങളുടെയും പ്രാധാന്യം മറക്കരുത്. നഗരവത്കരണം, മരുവത്കരണം, വനനശീകരണം, കുഴൽക്കിണറുകളുടെ വ്യാപകമായ ഉപയോഗം, അനധികൃതഖനനങ്ങൾ, കാലാവസ്ഥാവ്യതിയാനം തുടങ്ങി നിരവധി പ്രശ്നങ്ങൾ ശുദ്ധജലത്തിന്റെ അഭാവത്തിനും ജലദൗർലഭ്യത്തിനും കാരണമാകുന്നുണ്ട്. നാം വിശ്വസിച്ചുപയോഗിക്കുന്ന കുപ്പിവെള്ളത്തിലും ആവശ്യത്തിൽക്കൂടുതൽ വിഷമുണ്ടെന്ന കണ്ടെത്തലും വിസ്മരിക്കാനാവില്ല. ജലക്ഷാമമെന്ന പ്രശ്നത്തിന് അന്താരാഷ്ട്രപരിഹാരം കാത്തിരിക്കാതെ പ്രതിരോധപ്രവർത്തനങ്ങൾ ഇന്നുതന്നെ തുടങ്ങിവയ്ക്കാം. ഓരോ വ്യക്തിയും അവരവരുടെ ദൈനംദിനപ്രവൃത്തികളിൽ ജലസുരക്ഷ മുൻനിർത്തിയുള്ള ഒരു ജീവിതശൈലി പരിശീലിക്കണം. ടാപ്പിലൂടെ ലഭ്യമാകുന്ന ജലം സൂക്ഷിച്ചുപയോഗിച്ചുകൊണ്ട് കഴിയുന്നത്ര സംവിധാനങ്ങളിലൂടെ മഴവെള്ളം സംഭരിച്ച്, മഴക്കുഴികൾ നിർമിച്ച് ജലസംഭരണികളെ മലിനമാക്കാതെ ഒരു ജലസൗഹൃദപദ്ധതിക്ക് ഓരോരുത്തരും തുടക്കംകുറിക്കുക. ഇങ്ങനെ ഓരോ തുള്ളി ജലവും ചേർത്തുവച്ച് വരുംതലമുറയ്ക്കായി ഒരു സാഗരം തീർക്കുമെന്ന തീരുമാനമെടുക്കാം.

Little drops of water
make a mighty Ocean!

**എണ്ണത്തിന്റെ വലിപ്പം പറഞ്ഞ് 44 നദികളുണ്ടെന്ന് മലയാളിക്കഭിമാനിക്കാമെങ്കിലും അന്തർദേശീയ നിലവാരത്തിലുള്ള ഒരു നദിപോലും നമുക്കില്ല; വിസ്തൃതിയുടെ അടിസ്ഥാനത്തിൽ എല്ലാ നദികളും ചേർത്തുവച്ചാൽ ആ നിലയിലുള്ള രണ്ടു നദികൾ മാത്രമായി ചുരുങ്ങും എന്നതാണവസ്ഥ. അതുകൊണ്ട് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്ന പ്രധാന സ്രോതസ്സെന്ന നിലയിൽ നമ്മുടെ നദികൾ മലിനീകരണമുക്തമാക്കി സംരക്ഷിക്കപ്പെടേണ്ടതാണ്.**



### നർമവും നന്മയും വിളമ്പി

# 'വലിയ വീട് ചെറിയ കാര്യം'

## വെബ് സീരിസ് 50 എപ്പിസോഡ് പിന്നിട്ടു




നർമങ്ങളും കുസൃതികളും നിറഞ്ഞ സംഭാഷണങ്ങളിലൂടെ വലിയ കുടുംബത്തിനുള്ളിലെ കഥകൾ രസകരമായി അവതരിപ്പിക്കുന്ന 'വലിയ വീട് ചെറിയ കാര്യം' വെബ് സീരീസ് അമ്പത് എപ്പിസോഡ് പിന്നിട്ടു. ക്രിസ്ത്യൻ പശ്ചാത്തലത്തിൽ അപ്പനും അമ്മയും ആറു മക്കളും അപ്പാപ്പനും അടങ്ങുന്ന ഒരു വലിയകുടുംബത്തിൽ ദിവസവും നടക്കുന്ന കാര്യങ്ങളാണ് ഇതിലെ ഇതിവൃത്തം. 2020 ഡിസംബറിൽ ആരംഭിച്ച വെബ് സീരീസ് വിജയകരമായ എട്ടു മാസം പിന്നിട്ടു. കുടുംബബന്ധങ്ങൾക്കുള്ളിലെ രസകരമായ കാര്യങ്ങൾ നർമവും നന്മയും നല്ല സംഭാഷണങ്ങളിലൂടെ ചേർത്തുവച്ചു സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയിലാണ് ഇതിന്റെ അവതരണം.


അപ്പൻ - അമ്മ, മക്കൾ- മുത്തച്ഛൻ എന്നിവർക്കിടയിലെ സ്നേഹപ്രകടനങ്ങൾ, തെറ്റുതിരുത്തലുകൾ, പ്രോത്സാഹനങ്ങൾ എന്നിവയിലൂടെ നാളെകൾക്കു നല്ലൊരു മാതൃകയാകാൻ 'വലിയ വീട്ടി'ലുള്ളവർക്കു കഴിയുന്നുണ്ട്. പൊതുവെ മലയാളികൾ സീരിയലുകൾ കണ്ടു കുടുംബങ്ങളിൽ അസമാധാനവും അസ്വസ്ഥതയും നിറയ്ക്കുമ്പോൾ അതിനൊരു വെല്ലുവിളിതന്നെയാണ് വലിയ വീട് ചെറിയ കാര്യം വെബ് സീരീസ്. ജീവന്റെ മൂല്യവും സ്നേഹത്തിന്റെ കൈമാറലും ബന്ധങ്ങളുടെ ആഴവും കരുതലും സന്തോഷത്തിന്റെ താക്കോൽ ഉപയോഗിച്ചു പരസ്പരം പങ്കിടുന്നു എന്നതാണ് വലിയവീട്ടിലെ ഏറ്റവും വലിയ നന്മ.

ബൈബിൾ ലോകമെങ്ങും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഫിയാത്ത് മിഷനാണ് ഇതിന്റെ നിർമാണം. സംവിധാനം പ്രേംപ്രകാശ് ലൂയിസ്. എപ്പിസോഡ് ഡയറക്ടർ: ഡെല്ല സെബാസ്റ്റ്യൻ, സ്ക്രിപ്റ്റ് - വിജോ കണ്ണമ്പിള്ളി. സനിൽ തോമസ്, പിന്റോ സെബാസ്റ്റ്യൻ എന്നിവരാണ് ക്യാമറ. ഷിഫിൻ ജെയിംസ്.

# കൊടുമുടികളെ കീഴടക്കുന്നവൾ



വിജയകുമാരി ചാക്കോ




വലിയ ഉത്സാഹത്തോടെയാണ് അരുണിമ സിൻഹ ഡൽഹിയിലേക്കു പുറപ്പെട്ടത്. 2011 ഏപ്രിൽ 12 ലെ ആ യാത്ര CISF ൽ പ്രവേശനപ്പരീക്ഷ എഴുതാനായിരുന്നു. ദേശീയ വോളിബോൾ താരമായതിനാൽ ശുഭപ്രതീക്ഷയ്ക്ക് ഒരു കുറവുമുണ്ടായിരുന്നില്ല.

ലക്നൗവിൽനിന്ന് പദ്മാവതി എക്സ്പ്രസിലെ ജനറൽ കംപാർട്ട്മെന്റിലിരുന്ന് അവൾ സഹോദരനോടു യാത്ര പറഞ്ഞു. വായനയും പാട്ടുകേൾക്കലുമായി സമയം പോയതറിഞ്ഞില്ല... സന്ധ്യയായപ്പോഴേക്കും കംപാർട്ട്മെന്റിൽ തീരെ ആളില്ലാതെയായി. എതിരേയിരുന്നവർ തന്നെ സൂക്ഷ്മനിരീക്ഷണം നടത്തുന്നതുപോലെ തോന്നിയെങ്കിലും അവഗണിച്ചു.

പെട്ടെന്നാണ് അവളുടെ കഴുത്തിലെ സ്വർണമാലയിൽ ഒരാൾ കടന്നുപിടിച്ചത്. മത്സരങ്ങളിൽ ലഭിച്ച പാരിതോഷികംകൊണ്ടു വാങ്ങിയതാണ്. വിട്ടുകൊടുക്കാൻ തോന്നിയില്ല. ചെറുത്തുനിന്ന് ഉറക്കെ നിലവിളിച്ചു. ഒരാളും സഹായത്തിനായി കടന്നുവന്നില്ല.

പിടിവലിയിൽ അരുണിമ പുറത്തേക്കു തെറിച്ചു. റെയിൽവേ ട്രാക്കിലേക്കു വീണ അവൾ എഴുന്നേൽക്കാൻ ശ്രമിച്ചപ്പോഴേക്കും ഒരു ട്രെയിൻ അവളുടെ ഇടതുകാലിലൂടെ കടന്നുപോയി...

ചതഞ്ഞരഞ്ഞ ഇടതുകാലും ഒടിഞ്ഞുതൂങ്ങിയ വലതുകാലും. അനങ്ങാൻപോലും ശേഷിയില്ലാതെ ആ പെൺകുട്ടി റെയിൽവേപ്പാളത്തിൽ കനത്ത ഇരുട്ടിൽ കിടന്നു. വീണ്ടും ട്രെയിനുകൾ കടന്നുപോയി... അവളുടെ കാലിൽക്കൂടിത്തന്നെ... അങ്ങനെ ഏഴു മണിക്കൂറുകൾ... 49 ട്രെയിനുകൾ... എന്നിട്ടും ബോധരഹിതയായില്ല അവൾ.... അവളനുഭവിച്ച ആ കൊടിയ വേദനയെ എങ്ങനെ കടലാസിലാക്കുമെന്നറിയില്ല... ഇടയ്ക്കെപ്പോഴൊക്കെയോ പാളത്തിൽക്കൂടി ഭക്ഷണം തേടിവന്ന എലികൾ അവളുടെ മുറിവുകളിൽ കരണ്ടു. ഉറക്കെക്കരഞ്ഞും അലറിവിളിച്ചുമൊക്കെ തള്ളിവിട്ട ആ രാത്രിയിലെ അവളുടെ സങ്കടം മുഴുവൻ ട്രെയിനുകളുടെ ഇരമ്പലിൽപ്പെട്ടു നിഷ്ഫലമായി.

പിറ്റേന്നു രാവിലെ ആ വഴി വന്ന റെയിൽവേ ഗാർഡുകളാണ് അവളെ ഉത്തർപ്രദേശിലെ ബറേലി ജില്ലാശുപത്രിയിൽ എത്തിച്ചത്. അടിസ്ഥാനസൗകര്യങ്ങൾ പോലും ഇല്ലാതിരുന്ന ആശുപത്രിയിലെ ശുശ്രൂഷ അവൾക്കു നൽകിയത് ഒരിക്കലും മറക്കാൻ പറ്റാത്ത വേദനയായിരുന്നു. അവളുടെ ഇടതുകാൽ അനസ്തീഷ്യ നൽകാതെയാണു മുറിച്ചുമാറ്റിയത്. രക്തം നൽകിയത് ആ ഡോക്ടർതന്നെയായിരുന്നു. പിന്നീട് ദേശീയതാരമാണെന്നു തിരിച്ചറിഞ്ഞ് ഡോക്ടർതന്നെ അവളെ ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെത്തിച്ചു. അവിടെനിന്നു ലഭിച്ച വിദഗ്ധ പരിചരണം മുറിവുണക്കിത്തുടങ്ങി. പക്ഷേ, മനസ്സിനേറ്റ മുറിവുകളെ ആഴപ്പെടുത്തുന്ന പല പരീക്ഷണങ്ങളും അവൾക്കു നേരിടേണ്ടിവന്നു.

അരുണിമയുടെ അപകടം ആത്മഹത്യാശ്രമമാണെന്നും, റെയിൽവേ ട്രാക്കു മുറിച്ചു കടന്നപ്പോൾ സംഭവിച്ചതാണെന്നുമൊക്കെ റെയിൽവേ വക്കീൽ വാദിച്ചു. മേൽക്കോടതികളിലെ ശക്തമായ വാദത്തിനൊടുവിലാണ് അർഹതപ്പെട്ട നഷ്ടപരിഹാരം അവൾക്കു ലഭിച്ചത്.

ദീർഘകാലത്തെ ആശുപത്രിവാസത്തിനിടയിൽ അവൾക്കുണ്ടായിരുന്ന സന്ദർശകരിലധികവും സഹതപിക്കാനെത്തിയവരായിരുന്നു. ദേശീയതാരത്തിന്റെ വീൽച്ചെയറിലേക്കുള്ള ജീവിത പരിണാമത്തെ ഭൂരിഭാഗം പേർക്കും അങ്ങനെയേ കാണുവാൻ കഴിഞ്ഞുള്ളൂ. കടുത്ത വിഷാദത്തിലേക്കു തള്ളിവിടുന്ന ഇത്തരം സമീപനങ്ങൾ അവൾ അവഗണിച്ചു. ദീർഘദൂരം സഞ്ചരിക്കണമെന്നും ഉയരങ്ങൾ കീഴടക്കണമെന്നും അവൾ ദൃഢനിശ്ചയം ചെയ്തു. കിടക്കയിൽനിന്നു വീൽച്ചെയറിലേക്കു കടന്നിരുന്നപ്പോഴേക്കും അവൾ തീരുമാനമെടുത്തിരുന്നു, 'എവറസ്റ്റ് കീഴടക്കണമെന്ന്...' ലോകത്തോടു വിളിച്ചു പറയണമെന്ന്, ഈ അംഗവൈകല്യത്തെ താൻ അതിജീവിച്ചുവെന്ന്. സഹോദരനോടല്ലാതെ മറ്റാരോടും തന്റെ സ്വപ്നമവൾ പങ്കുവച്ചില്ല. അതിനു കാരണവും പറഞ്ഞിട്ടുണ്ട്: "നിങ്ങളുടെ ലക്ഷ്യങ്ങൾ പങ്കുവയ്ക്കേണ്ടത് അവയോടു പോസിറ്റീവായി പ്രതികരിക്കുന്നവരോടാണ്, അല്ലാതെ, നിങ്ങളുടെ പരിമിതികളെപ്പറ്റി പരിതപിക്കുന്നവരോടല്ല."

ആശുപത്രിയിൽനിന്ന് അവൾ നേരേ പോയത് ബചേന്ദ്രി പാലിന്റെയടുത്തേക്കാണ്. എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യൻ വനിതയാണ് അവർ. അരുണിമയുടെ സ്വപ്നത്തിന്റെ തീവ്രത ഉൾക്കൊണ്ട അവരുടെ മറുപടി തികച്ചും പ്രചോദനപരമായിരുന്നു.

'ഈ അവസ്ഥയിലും എവറസ്റ്റ് കീഴടക്കാനാഗ്രഹിക്കുന്ന അരുണിമ മനസ്സുകൊണ്ട് അതു സാധിച്ചു കഴിഞ്ഞു' എന്നാണവർ പറഞ്ഞത്.

നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടിനീയറിങ്ങിൽ ചേർന്ന് അവൾ പർവതാരോഹണപരിശീലനം ആരംഭിച്ചു. കൃത്രിമക്കാൽ ഘടിപ്പിച്ചപ്പോൾ നാലു വർഷംകൊണ്ടു നടക്കാൻ പഠിച്ചേക്കുമെന്നു വിധിയെഴുതപ്പെട്ട അരുണിമയാണ് കഠിനപരിശ്രമത്തിനായി ഇറങ്ങിപ്പുറപ്പെട്ടത്. പെൺകുട്ടിയാണ്, വികലാംഗയാണ്, ഇടത്തരം കുടുംബത്തിൽനിന്നാണ്, സർവോപരി പലപ്പോഴും ഭയങ്കരമായ വേദനയനുഭവിക്കേണ്ടിവരുന്നു... തുടങ്ങിയ അവസ്ഥകളൊന്നും അവളെ പിന്തിരിപ്പിച്ചില്ല.

അരുണിമയുടെ പരിശ്രമങ്ങളെ പല വിധത്തിലാണ് സമൂഹം നോക്കിക്കണ്ടത്. ചിലർ കുറ്റപ്പെടുത്തി, പരിഹസിച്ചു... വട്ടാണെന്നു പറഞ്ഞവരുമുണ്ട്. എന്തിനീ പെടാപ്പാടു പെടുന്നു എന്നു ചോദിച്ചവരാണധികവും. ഒന്നും അരുണിമയുടെ സ്വപ്നങ്ങളെ തളർത്തിയില്ല.

അങ്ങനെ, പതിനെട്ടു മാസത്തെ തീവ്രപരിശ്രമത്തിനൊടുവിൽ റാറ്റാ സ്റ്റീൽ അഡ്വെഞ്ചർ ഫൗണ്ടേഷന്റെ സ്പോൺസർഷിപ്പോടെ അരുണിമ എവറസ്റ്റിലേക്കു കയറിത്തുടങ്ങി. അപകടം പതിയിരിക്കുന്ന വഴികൾ, കൃത്രിമക്കാലുപയോഗിച്ചു കയറുന്ന അരുണിമയ്ക്ക് ഉയർത്തിയ വെല്ലുവിളികൾ വലുതായിരുന്നു.

അതിശൈത്യവും മഞ്ഞുമലയിലൂടെ കൃത്രിമക്കാലുകൊണ്ടുള്ള നടത്തവും ഒട്ടും എളുപ്പമായിരുന്നില്ല. പക്ഷേ, അരുണിമ സ്വയം തിരഞ്ഞെടുത്ത വഴിയാണിത്. യാത്ര പകുതിവഴിയാക്കി തിരിഞ്ഞുനടക്കുന്നവരെയും പരിക്കു പറ്റിയവരെയുമൊക്കെ വഴിക്കുകണ്ടു. ഈ അതിസാഹസവൃത്തിക്കിടയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ മൃതശരീരങ്ങളും പലസ്ഥലത്തുമുണ്ട്. എന്നാലും മുന്നോട്ടുതന്നെ.

ഏതാണ്ട് അവസാനഘട്ടത്തിലെത്തിയപ്പോഴേക്കും ഓക്സിജൻ സിലിണ്ടറിലെ ഓക്സിജൻ തീരാറായി...

യാത്രയിലെ സഹായിയായ ഷേർപ്പ തിരിച്ചുപോരാനും നിർബന്ധിച്ചു. ജീവൻ അപകടത്തിലായതിനാൽ ഈ പരിപാടി അവസാനിപ്പിക്കൂ എന്ന് ഇണങ്ങിയും പിണങ്ങിയും പറഞ്ഞു... പക്ഷേ, അരുണിമയ്ക്ക് ലക്ഷ്യസ്ഥാനത്തെത്താതെ തിരിച്ചുപോകാനും പറ്റില്ല, മരണം തൊട്ടടുത്തു പതിയിരിക്കുന്ന അവസ്ഥയിലായിട്ടു പോലും.

അവൾ സധൈര്യം മുന്നോട്ടു തന്നെ പോയി. അങ്ങനെ മേയ് 23 സമയം 10.55 ന് എവറസ്റ്റിന്റെ നെറുകയിൽ അവൾ നിന്നു. കൈയിൽ രണ്ടു ക്യാമറകൾ കരുതിയിരുന്നു. ഒരു മുൻകരുതൽ പോലെ ഷേർപ്പയുടെ കൈയിൽ ക്യാമറകൊടുത്ത് ഫോട്ടോയും വീഡിയോയും എടുക്കാൻ പറഞ്ഞു. ഷേർപ്പയ്ക്ക് ദേഷ്യം വന്നുതുടങ്ങിയിരുന്നു. ഓക്സിജൻ തീർന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അരുണിമ സമ്മതിക്കുന്നില്ല. ഫോട്ടോയും വീഡിയോടും എടുക്കാതെ തിരിച്ചുപോവില്ല. ഞാൻ മരിച്ചാലും ലോകമിതറിയണം. യുവജനത ഇതിൽനിന്നു പ്രചോദനമുൾക്കൊള്ളണം.

ചില തീരുമാനങ്ങൾ തനിയെ എടുക്കണം. നടപ്പാക്കണം. അതിനാരും തുണയുണ്ടാവില്ല. അവൾക്കറിയാമായിരുന്നു. അവസാനം ദേശീയപതാക കെട്ടിപ്പിടിച്ചു നിൽക്കുന്ന അരുണിമയുടെ ഫോട്ടോയും വീഡിയോയും അദ്ദേഹം എടുത്തു.

തിരിച്ചിറക്കവും ഒട്ടും സുഗമമായിരുന്നില്ല. കൃത്രിമക്കാൽ പലപ്പോഴും അനുസരണക്കേടു കാണിച്ചു. നേർത്തുവന്ന ഓക്സിജന്റെ അളവ് ശരീരത്തെ ബാധിച്ചുതുടങ്ങി.

റെയിൽവേ ട്രാക്കിൽനിന്നു പിടിച്ചുയർത്തിയ സ്രഷ്ടാവിന് തന്നെക്കുറിച്ചു വലിയ പദ്ധതിയുണ്ട് എന്നവൾക്കറിയാമായിരുന്നു. തന്റെ വലിയ ഇച്ഛാശക്തിക്കു പ്രപഞ്ചം കൂട്ടായി വരുമെന്നവൾ കരുതി.

വലിയ ഒരു അദ്ഭുതം അവിടെയും സംഭവിച്ചു. ഒരു ബ്രിട്ടീഷ് പർവതാരോഹകൻ തന്റെ രണ്ട് ഓക്സിജൻ സിലിണ്ടറിൽ ഒന്ന് അവൾക്കു നൽകി.

ചില സന്ദർഭങ്ങളിൽ കൃത്രിമക്കാൽ തെന്നിമാറി. വേദന സഹിച്ചും രക്തം ചിന്തിയും ഇരുന്നുനിരങ്ങിയും ഒരു കൈകൊണ്ട് കയറിൽത്തൂങ്ങി മറുകൈകൊണ്ട് കാലിൽ പിടിച്ചുമൊക്കെ വളരെ കഷ്ടപ്പെട്ട് അരുണിമ ബേസ് ക്യാമ്പിൽ എത്തി. തിരിച്ചിറങ്ങിയത് പുതിയ ഒരു ലോകത്തേക്കായിരുന്നു. തുടർന്ന് വീണ്ടും പർവതങ്ങളും കൊടുമുടികളും തേടിപ്പോയി... Kilimanjaro (Africa), Elbrus (Europe), Kos-ciuszko (Australia), Aconcagua-(Argentina), Carstesz Pyramid (Indonesia), Mount Vinson (Antartica) തുടങ്ങിയ കൊടുമുടികൾ അവൾ കീഴടക്കി.

2015 ൽ പദ്മശ്രീ അവാർഡു നൽകി രാഷ്ട്രം അവളെ ആദരിച്ചു. ഫസ്റ്റ് ലേഡി അവാർഡ്, മലാല അവാർഡ്, റാണി ലക്ഷ്മിഭായി അവാർഡ് തുടങ്ങി അനേകം അംഗീകാരങ്ങൾ അവളെ തേടിയെത്തി.

അതിജീവനത്തിന്റെ സന്ദേശമായി അരുണിമ ഇന്നും പ്രവർത്തിക്കുന്നു. ജീവിതത്തിൽ കുറവിന്റെ വേദനകൾ അനുഭവിക്കുന്നവർക്കു നിറവിന്റെ വഴികളാണവൾ കാണിച്ചുകൊടുക്കുന്നത്. ശരീരത്തിന്റെ അംഗവൈകല്യങ്ങളെ നമുക്കതിജീവിക്കാം. മനസ്സിനെ ശക്തമാക്കി വയ്ക്കണം... ജീവിതത്തിന്റെ യുദ്ധങ്ങളിൽ വിജയിക്കുന്നവർ അതിശക്തന്മാരോ വേഗമേറിയവരോ അല്ല; തനിക്കു 'സാധിക്കും' എന്നു കരുതുന്നവരാണ്.


■




**സെപ്റ്റംബർ 19**
**ഏലിയ സ്ലീവാ മൂശ**
**നാലാം ഞായർ**

**നിയ 8:11–20**
**ഏശ 33:13–24**
**ഫിലി 2:1–11**
**മത്താ 4:12–17**

# സ്വർഗരാജ്യം സമീപത്താണ്



ഫാ. തോമസ്
പാട്ടത്തിൽചിറ CMF



**ക്രി**സ്ത്യാനികളുടെ കുരിശുകേന്ദ്രീകൃതമായ വിശ്വാസജീവിതയാത്രയിലെ വിസ്മരിക്കപ്പെടാനാവാത്ത ചില വസ്തുതകളിലേക്കുള്ള അടിയന്തരക്ഷണം ഈ കാലത്തിന്റെ സവിശേഷതയാണ്. വിശ്വാസികളുടെ അസ്തിത്വത്തെയും അതിജീവനത്തെയും സംബന്ധിക്കുന്ന അടിസ്ഥാനബോധ്യങ്ങളുടെ വിസ്മൃതി വിനാശകരമാണെന്ന വിലയിരുത്തൽ വിചിന്തനത്തിനായുള്ള വചനഭാഗങ്ങളിൽ ആദ്യന്തമുണ്ട്.

ഒന്നാം വായനയിലെ ചിന്തകൾ കർത്താവു കാണിച്ച കരുണയെയും അവിടുന്നരുളിയ കണക്കറ്റ കൃപകളെയും കൈവിരലുകളിലെണ്ണി കൃതജ്ഞതാപൂർവം കഴിയാനുള്ള നമ്മുടെ കടമയെപ്പറ്റിയുള്ളതാണ്. സമൃദ്ധി സമ്മാനിക്കുന്നവനും പൈദാഹങ്ങളകറ്റി പരിപാലിക്കുന്നവനുമായ സർവശക്തനെ സദാ സ്മരിക്കാൻ നമുക്കു സാധിക്കണം. ദൈവകല്പനകളുടെ ലംഘനം ദൈവവിസ്മൃതിയിലേക്കു നമ്മെ വലിച്ചിഴയ്ക്കും. വിശ്വാസജീവിതത്തിൽ വിസ്മൃതി മൃതിക്കു സമമാണെന്ന സത്യം നാം മറക്കരുത്. നമ്മെ നിരന്തരം നിനവിൽ സൂക്ഷിക്കുന്ന പരാശക്തിയെ പരിത്യജിച്ചുകൊണ്ടുള്ള പ്രയാണം പരാജയങ്ങളുടെയും പരിദേവനങ്ങളുടെയും പടുകുഴിയിലാകും നമ്മെ പതിപ്പിക്കുക. ആകയാൽ, ദൈവവിചാരത്തിന്റെ വിളക്ക് നമ്മുടെ വ്യക്തി, വിശ്വാസ, കുടുംബജീവിതങ്ങളിൽ കെടാതെ കാക്കാൻ നാം അത്യധികം ശ്രദ്ധിക്കണം.

രണ്ടാം വായനയിലെ ചിന്തകൾ കർത്താവു പ്രതാപത്തോടെ വസിക്കുകയും വാഴുകയും ചെയ്യുന്ന സെഹിയോനു തുല്യമാക്കി നമ്മുടെ ജീവിതങ്ങളെ മാറ്റാൻ പ്രചോദിപ്പിക്കുന്നവയാണ്. കർത്താവിന്റെ സഹവാസവും അവിടുത്തെ വാഴ്ചയുടെ വിശിഷ്ടഫലങ്ങളും ആസ്വദിക്കാൻ സകലവിധ അകൃത്യങ്ങളിൽനിന്നും നാം അകന്നുനില്ക്കണം. സത്യം, സാഹോദര്യം, നീതി, നിഷ്കളങ്കത, ആത്മാർത്ഥത ആദിയായ അനശ്വരമൂല്യങ്ങളെ മുറുകെപ്പിടിക്കണം.


അപ്പോൾ, ഭൂമിയിലെ നമ്മുടെ ആയുഷ്കാലം ഉന്നതമായ ഉത്സവങ്ങളുടെയും സ്വർഗീയമായ സന്തോഷങ്ങളുടെയും ദിനങ്ങൾകൊണ്ടു നിറയും. സീയോൻപുരി അന്വേഷിച്ചു പിന്നോട്ടു പോകേണ്ടതില്ല. മുന്നിലുള്ള നാളുകളിൽ സ്വന്തം ജീവിതകൂടാരത്തെ ദൈവഗൃഹമാക്കി മാറ്റുക. പെരുങ്കാറ്റിൽ പറന്നുപോകാതെ കർത്താവ് അതിനെ കാത്തുകൊള്ളും. ഓർക്കണം, കൂടെയുണ്ടാകേണ്ടവനെ ഇനിയും കൂടെക്കൂട്ടിയില്ലെങ്കിൽ നമ്മുടെ കൂടാരങ്ങൾക്ക് എന്തു പ്രസക്തി?

മൂന്നാം വായനയിലെ ചിന്തകൾ സ്വയം ശൂന്യവത്കരണത്തിന്റെ പരകോടി പ്രദർശിപ്പിച്ച യേശുവിനെ പൊതിഞ്ഞുനില്ക്കുന്നു. എല്ലാവർക്കും എല്ലാമായതിന്റെ ഒടുക്കം ഒന്നുമില്ലാത്തവനായി കുരിശുമരത്തിന്റെ ശിഖരങ്ങളിൽത്തൂങ്ങി അവൻ കിടന്നു. സ്വാർത്ഥത്തെ സമാധിചെയ്യലാണ് ശരിക്കുള്ള ശൂന്യമാക്കൽ. സ്വന്തമായതൊക്കെയും വെടിഞ്ഞ് അന്യരുടെ അവസ്ഥകളെയും ആവശ്യങ്ങളെയും സ്വന്തമാക്കുന്ന മഹത്തായ മനോഭാവമാണത്. നാളിന്നോളം നസ്രായനു മാത്രമേ അതു നൂറു ശതമാനം പ്രസംഗിക്കാനും പ്രായോഗികമാക്കാനും സാധിച്ചിട്ടുള്ളൂ. കാരണം, അധഃപതിച്ചവർക്കും അപരാധികൾക്കുമൊക്കെ അതിഥിക്കടുത്ത ആദരവും അംഗീകാരവും അവൻ കൊടുത്തു. ഈ ക്രിസ്തുഭാവം ക്രിസ്തുശിഷ്യർക്കും ഉണ്ടാകണം. മറ്റുള്ളവരുടെ മേന്മയ്ക്കായി ചില ഒന്നുമില്ലായ്മകളെയും ഇഷ്ടപ്പെടാൻ നമുക്കു കഴിയുന്നുണ്ടെങ്കിൽ സ്ലീവാപ്പാതയിലൂടെയാണു നമ്മുടെ സഞ്ചാരമെന്ന കാര്യത്തിൽ സംശയം വേണ്ടാ.

സുവിശേഷത്തിലെ ചിന്തകൾ നമ്മുടെ കർത്താവിന്റെ ദൗത്യത്തുടക്കത്തെക്കുറിച്ചുള്ളവയാണ്. നസറത്തു വിട്ട് വിജാതീയരുടെ നാട്ടിൽ ചെന്നു പാർക്കുകയും അവിടെനിന്ന് സുവിശേഷപ്രഘോഷണം സമാരംഭിക്കുകയും ചെയ്യുന്ന ക്രിസ്തു വർഗഭേദങ്ങളുടെ വരമ്പുകളോ വകതിരിവുകളോ ഇല്ലാത്ത വയലായ, സകലർക്കും സമീപസ്ഥമായ സ്വർഗരാജ്യത്തിന്റെ സ്വരൂപമാണ്. വലിപ്പവ്യത്യാസമോ വർണാന്തരമോ നോക്കാതെ സർവതിനെയും വാരിക്കൂട്ടുന്ന കടലിലെറിയപ്പെട്ട കണ്ണിവലയാണവൻ. തമസ്സിലും മരണത്തിന്റെ താഴ്‌വരയിലും കഴിഞ്ഞിരുന്നവർക്കായി ഉന്നതത്തിൽനിന്നു വീശിയ ഉദയരശ്മി. വിജാതീയരിലേക്കുപോലും വ്യാപിച്ച വിമോചനത്തിന്റെ വെട്ടം. വാഴ്‌വിലേക്കു താഴ്ന്നിറങ്ങിയ സ്വർഗദേശം. അവന്റെ സാമീപ്യം ദൈവരാജ്യത്തിന്റെ സ്പർശനാനുഭവം ഏവർക്കുമരുളി. നമ്മുടെ ജീവിതത്തിൽ, നസ്രായൻ നാളിന്നുവരെ നടന്നെത്തിയിട്ടില്ലാത്ത 'വിജാതീയ ഇടങ്ങളെ' നാം വിവേചിച്ചറിഞ്ഞിട്ടുണ്ടോ? കർത്താവിനെ ഇനിയും കടത്തിവിടാൻ നാം മടിക്കുന്ന ചില 'കഫർണാമുക'ളെ കണ്ടെത്തിയിട്ടുണ്ടോ? ദൈവരാജ്യം അന്വേഷിച്ചലയേണ്ട. അകലെ എവിടെയോയുള്ള അജ്ഞാതമായ ഒരു അദ്ഭുതദ്വീപല്ല; മറിച്ച്, തികച്ചും വ്യക്തിപരമായ ഒരു അവസ്ഥയും അനുഭവവുമാണ് ക്രിസ്തുവിലായിരിക്കുന്ന അവസ്ഥയും, ക്രിസ്തു കൂടെയുള്ള അനുഭവവും. വയലേലകളെപ്പോലെ തുറവുള്ള ഹൃദയങ്ങൾക്ക് അതു സ്വന്തമാക്കാൻ കഴിയും. മാനസാന്തരത്തിന്റെ 'സൂചിക്കുഴ'യിലൂടെ മാത്രമേ മനുഷ്യന് അത്തരമൊരു വിശാലതയിലേക്കു കടക്കാനൊക്കൂ. ക്രിസ്തു കുത്തിക്കൊള്ളുന്ന ഒരു മുള്ളാകണം. പാപസുഖമുള്ള ചില ഇരിപ്പിടങ്ങളിൽനിന്നു ചാടിയെഴുന്നേല്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന 'മാർദവമുള്ള മുള്ള്.'

ദിവ്യമായ ദൗത്യങ്ങൾ പൂർത്തിയാക്കാനുള്ള നിയോഗം ഓരോ ക്രിസ്ത്യാനിയിലും നിക്ഷിപ്തമാണ്. കർത്താവിന്റെ ജോർദാനിലെ ജ്ഞാനസ്നാനംപോലെ നമ്മുടെ മാമ്മോദീസയും ഒരു ദൗത്യയാത്രയുടെ ആരംഭമായിരുന്നു. നമ്മുടെ സാക്ഷ്യജീവിതംവഴി സ്വർഗരാജ്യത്തിന്റെ സാമീപ്യം ചുറ്റുമുള്ളവർക്കും അനുഭവവേദ്യമാക്കി മാറ്റാനുള്ള കടമയാണത്. വളർന്നുവന്ന നാളുകളിലും പിന്നിട്ട പാതകളിലുമൊക്കെ ഈയൊരു ഓർമ ഒപ്പമുണ്ടായിരുന്നോ? ഓർക്കണം, വൃഥാ കഴിയാനും വ്യർഥമായി കൈകാര്യം ചെയ്യാനുമുള്ളതല്ല ക്രിസ്തുശിഷ്യത്വം. മറിച്ച്, അത്യാവശ്യപ്പെടുന്ന അർപ്പണബോധവും നിശ്ചയദാർഢ്യവും കഠിനപരിശ്രമവുമൊക്കെ ഉൾക്കൊണ്ട്, ക്രിസ്തുവിന്റെ പാദമുദ്രകളിലൂടെ ചരിക്കാനുള്ള വിളിയാണ്. വന്നുപോയ വിസ്മൃതികൾക്കും പിണഞ്ഞുപോയ പാളിച്ചകൾക്കും പൊറുതിയിരന്നുകൊണ്ട്, ലക്ഷ്യബോധത്തോടും ദൃഢവിശ്വാസത്തോടുംകൂടി ചുവടുകൾ മുന്നോട്ടുവയ്ക്കാം. താനിരുന്ന 'മരത്തണലി'ലേക്കു പരന്നുവന്ന ക്രിസ്തു എന്ന രക്ഷയുടെ രജതശോഭയിലേക്കു ചുവടുവയ്ക്കാൻ ചങ്കൂറ്റം കാണിച്ച ചുങ്കക്കാരൻ മത്തായി ശ്ലീഹാ നമുക്കു പ്രചോദനമാകണം. താൻ സ്വന്തമാക്കിയ സ്വർഗനാടിന്റെ സുവാർത്ത വിദൂരസ്ഥർക്കും സമീപസ്ഥമാക്കാനായി അയാൾ അന്നോളം കുടിശ്ശികകൾ കൂട്ടിയെഴുതിയിരുന്ന തന്റെ വെറും തൂലികയെ കടങ്ങൾ എഴുതിത്തള്ളുന്ന കർത്താവിന്റെ കനിവെഴുന്ന കർമങ്ങളെയും കഥനങ്ങളെയും മറക്കാതെ കുറിക്കാനുള്ള വിശ്വാസതൂലികയാക്കി. മത്തായിയുടെ ശിഷ്യത്വവഴിയിലെ കൃത്യതയും വ്യക്തതയും നമുക്കും സ്വായത്തമാക്കാം. അനുദിനജീവിതത്തിൽ നമ്മുടെ സമീപത്തുള്ള സ്വർഗരാജ്യത്തെ തിരിച്ചറിയാനും സ്വാംശീകരിക്കാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**




മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**രാഹുൽ**
**പ്രസാദ്ഭവൻ**
വെള്ളിയേപ്പള്ളി



**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ജസിമോൾ തോമസ്**
**വടക്കേമുറിയിൽ**
തിടനാട്

# എഴുപതിന്റെ മഴവില്ലഴക്

**യൗവനത്തുടിപ്പാർന്ന ശബ്ദസൗന്ദര്യവും മുഖശോഭയും മെയ്യഴകുമായി ലോക സിനിമയ്ക്കുതന്നെ വിസ്മയം തീർക്കുകയാണ് മലയാളത്തിന്റെ മഹാനടൻ മമ്മൂട്ടി**



കെ. ജി. രഞ്ജിത്ത്

മലയാളത്തിന്റെ മഹാനടൻ മമ്മൂട്ടി സപ്തതി നിറവിൽ. തങ്ങളുടെ പ്രിയതാരത്തിന്റെ ജന്മദിനം ആർഭാടപൂർവം ആഘോഷിക്കുകയാണു മലയാളികൾ. പ്രായം എഴുപത് ആകുമ്പോഴും സിനിമയിൽ സ്വയം അപ്ഡേറ്റ് ചെയ്തു മുന്നേറുന്ന അപൂർവം നടന്മാരിൽ ഒരാളാണ് മലയാളികളുടെ സ്വന്തം മമ്മുക്ക. കഴിഞ്ഞ അരനൂറ്റാണ്ടായി മലയാളസിനിമയുടെ സ്പന്ദനങ്ങൾ മമ്മൂട്ടിയിലൂടെയാണ് മലയാളി അറിയുന്നത്. കാലത്തിനൊപ്പം സ്വയം മാറ്റം വരുത്തി എഴുപതാം വയസ്സിലും അദ്ദേഹം മുപ്പതുകാരനൊപ്പം മത്സരിക്കുന്നു. അഭിനയത്തോട് അടങ്ങാത്ത അഭിനിവേശമാണ് മമ്മൂട്ടിക്ക്. അതുകൊണ്ടാവാം സിനിമയ്ക്കപ്പുറം ഒരു ലോകം തനിക്കില്ലെന്ന് അദ്ദേഹം പലകുറി പറഞ്ഞതും.

വൈക്കം ചെമ്പ് പാണപറമ്പിൽ മുഹമ്മദുകുട്ടിയെന്ന പൊടിമീശക്കാരൻ അമ്പതു വർഷംമുമ്പ് ചെന്നൈയിലേക്കു വണ്ടികയറിയത് വെള്ളിത്തിരയിലെ മിന്നിമറയുന്ന താരപരിവേഷങ്ങളോടുള്ള ഭ്രമംകൊണ്ടല്ല. മറിച്ച്, അഭിനയകലയോടുള്ള അടങ്ങാത്ത മോഹമായിരുന്നു അന്നു വഴിനടത്തിയത്. പ്രയാസങ്ങളും പ്രതിസന്ധികളും നിറഞ്ഞ വഴികളിലൂടെയായിരുന്നു ആ യാത്ര. പെട്ടെന്ന് ഒരാൾക്കു കയറിച്ചെന്നു കീഴടക്കാൻ പറ്റുന്നതല്ല സിനിമയെന്ന വിസ്മയങ്ങളുടെ ലോകം. അനശ്വരനടന്മാരായ നസീറും ജയനും സത്യനുമൊക്കെ കളം നിറഞ്ഞാടിയ സമയത്തായിരുന്നു മമ്മൂട്ടിയുടെ വരവ്. ഒന്നുമില്ലായ്മയിൽനിന്ന് ഭാഷകളുടെ അതിർവരമ്പുകൾ ഭേദിച്ച് സൂപ്പർസ്റ്റാർ പദവിയിലേക്കു പറന്നുയർന്ന മമ്മൂട്ടിയെന്ന നടൻ ഒരു സുപ്രഭാതത്തിൽ നേടിയെടുത്തതല്ല ഇവയൊന്നും. വീഴ്ചകളിൽ പതറാതെ, ഉയർച്ചകളിൽ അഹങ്കരിക്കാതെ പടിപടിയായി അദ്ദേഹം വളർന്നു.

പ്രയാസങ്ങളും പ്രതിസന്ധികളും നിറഞ്ഞ തന്റെ ജീവിതയാത്രയിൽ നിറമുള്ള സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചത് സൗഹൃദങ്ങളാണെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. നായകപരിവേഷത്തിലായിരുന്നില്ല, മമ്മൂട്ടി വെള്ളിത്തിരയിലെത്തിയത്. ഗസ്റ്റ് ആർട്ടിസ്റ്റായി, വില്ലനായി, സഹനടനായി, ലോകം അംഗീകരിക്കുന്ന നടനായി മമ്മൂട്ടി വളർന്നതിന്റെ പിന്നിൽ ആത്മവിശ്വാസവും അർപ്പണബോധവുംതന്നെയാണ്.

മലയാളസിനിമ കേരളമെന്ന വട്ടത്തിനുമപ്പുറം ചർച്ചയാകുന്നത് മമ്മൂട്ടിച്ചിത്രങ്ങളിലൂടെയാണ്. നിറക്കൂട്ടും ന്യൂഡൽഹിയും മലയാളസിനിമയുടെ യശസ്സുയർത്തുന്നവയായിരുന്നു. മമ്മൂട്ടിയുടെ താരമൂല്യംതന്നെയാണ് കേരളത്തിനു പുറത്തും വിറ്റഴിക്കപ്പെട്ടത്. മമ്മൂട്ടിയെന്നാൽ മലയാളിക്ക് 'മാസ്' ഹീറോയായി. പിന്നീടങ്ങോട്ട് ആ പൗരുഷം ആഘോഷിക്കപ്പെട്ട എത്രയെത്ര സിനിമകൾ... താരപദവിയിലെത്തിനിൽക്കുമ്പോഴും ഇതെല്ലാം ദൈവത്തിന്റെ കാരുണ്യമെന്നു ചെറുപുഞ്ചിരിയോടെ പറയുന്ന ആ വലിയ മനസ്സ് – അതാണ് ഓരോ നടനും കൈമുതലായി ഉണ്ടാകേണ്ടത്.

**തുടക്കം ഒരു മിനിറ്റിൽ**

1971 ൽ തകഴി ശിവശങ്കരപ്പിള്ളയുടെ 'അനുഭവങ്ങൾ പാളിച്ചകൾ' എന്ന നോവലിന്റെ അതേപേരിൽ കെ. എസ്. സേതുമാധവൻ സംവിധാനം ചെയ്ത സിനിമയിൽ ഒരു മിനിറ്റു മാത്രമുള്ള അരങ്ങേറ്റമായിരുന്നു മമ്മൂട്ടിയുടേത്. അന്നത്തെ സൂപ്പർതാരം സത്യനായിരുന്നു അനുഭവങ്ങൾ പാളിച്ചകളിലെ നായകൻ. സത്യന്റെ അവസാനസിനിമയായിരുന്നു അത്. സത്യന്റെ അവസാനചിത്രം മമ്മൂട്ടിയുടെ ആദ്യചിത്രമായിത്തീർന്നു. തന്റെ ആത്മകഥയായ 'ചമയങ്ങളില്ലാതെ' എന്ന പുസ്തകത്തിൽ ഇതേക്കുറിച്ച് മമ്മൂട്ടി കുറിച്ചിട്ടുണ്ട്.

രണ്ടു വർഷത്തിനുശേഷം നസീർ നായകനായ കാലചക്രത്തിൽ പകരക്കാരനായ കടത്തുകാരനായി രണ്ടു സീൻ. പിന്നീട് അഞ്ചു വർഷം സിനിമയുണ്ടായില്ല.



1979 ൽ എം.ടി. വാസുദേവൻനായരുടെ ദേവലോകത്തിൽ അഭിനയിച്ചെങ്കിലും ചിത്രം പുറത്തിറങ്ങിയില്ല. അടുത്തവർഷം ആസാദ് സംവിധാനം ചെയ്ത എം.ടിയുടെ, 'വിൽക്കാനുണ്ട് സ്വപ്നങ്ങളിൽ' മികച്ച വേഷം. കെ.ജി. ജോർജിന്റെ മേളയിലെ ഉപനായകവേഷത്തിൽ ആദ്യമായി യേശുദാസിന്റെ ശബ്ദത്തിനൊപ്പം പാടി അഭിനയിച്ചു. ഐ.വി. ശശി – എം.ടി. കൂട്ടുകെട്ടിലിറങ്ങിയ തൃഷ്ണയിലെ കൃഷ്ണദാസ് എന്ന കഥാപാത്രം ഏറെ ശ്രദ്ധേയമായി. അഹിംസയിലെ അഭിനയത്തിന് മികച്ച സഹനടനുള്ള സംസ്ഥാനപുരസ്കാരം മമ്മൂട്ടിയെ തേടിയെത്തി.

1985 ൽ ബാലുമഹേന്ദ്രയുടെ 'യാത്ര' ഉൾപ്പെടെ 35 ചിത്രങ്ങൾ. ഈ കാലങ്ങളിൽ കുടുംബചിത്രങ്ങളിലൊതുങ്ങിയ മമ്മൂട്ടിയെന്ന നടന്റെ സിനിമാജീവിതത്തിൽ വലിയ മാറ്റം കൊണ്ടുവന്നത് അതേവർഷം തന്നെ പുറത്തിറങ്ങിയ 'ന്യൂഡൽഹി'യായിരുന്നു. ഇതിലൂടെ അദ്ദേഹം താരപദവിയിലേക്കുയർന്നു.

വടക്കൻ വീരഗാഥയിലെ ചന്തുവും മൃഗയയിലെ വാറുണ്ണിയും എത്രമാത്രം വ്യത്യസ്തമാണോ അത്രത്തോളമാണ് മമ്മൂട്ടിയെന്ന മഹാനടന്റെ അഭിനയമികവ്. കഥാപാത്രത്തിന്റെ രൂപഭാവങ്ങളിലേക്കു മനസ്സിനെയും ശരീരത്തെയും ഞൊടിയിടയിൽ മാറ്റാനുള്ള കഴിവാണ് മമ്മൂട്ടി എന്ന നടനു ലഭിച്ച അനുഗ്രഹം. അമരം, വാത്സല്യം, കാഴ്ച എന്നീ ചിത്രങ്ങളിലെ കഥാപാത്രങ്ങൾ മലയാളികളുടെ കണ്ണു നനയിച്ചെങ്കിൽ ആക്ഷൻ ചിത്രങ്ങളായ വല്യേട്ടനും രാജമാണിക്യവുമെല്ലാം കാണികളെ ത്രസിപ്പിച്ചു. ക്രോണിക് ബാച്‌ലർ, തുറുപ്പുഗുലാൻ, മായാവി എന്നീ സിനിമകളിലെ ചിരിയായിരുന്നില്ല പ്രാഞ്ചിയേട്ടനും ബെസ്റ്റ് ആക്ടറും സമ്മാനിച്ചത്. കൗരവരിലും പപ്പയുടെ സ്വന്തം അപ്പൂസിലും മലയാളികളെ കരയിച്ച മമ്മൂട്ടി, കോട്ടയം കുഞ്ഞച്ചനിലൂടെയും ബിഗ്ബിയിലൂടെയും ന്യൂജെൻ കാഴ്ചക്കാരുടെ ഇഷ്ടതാരമായി മാറി.

അഭിനയത്തിന്റെ കൊടുമുടികൾ കീഴടക്കിയ മമ്മൂട്ടിയെന്ന മഹാനടൻ താൻ പിന്നിട്ട വഴികളൊരിക്കലും മറന്നില്ല. സഹായിച്ചവരെ, സ്നേഹിച്ചവരെ, സുഹൃത്തുക്കളെ എന്നുതുടങ്ങി തന്നെ താനാക്കാൻ കൂടെനിന്നവരെയെല്ലാം ചേർത്തുപിടിക്കുന്ന വലിയ മനസ്സിനുടമയാണ് അദ്ദേഹം.

**കുന്നത്ത് സൂര്യൻ ഉദിച്ചതാണോ, കൊന്നമരം പൂത്തുലഞ്ഞതാണോ**

ചതിയൻ ചന്തുവിനെക്കുറിച്ച് വായിക്കാത്തവരുണ്ടാവില്ല, ചതിയും വഞ്ചനയും കൈമുതലാക്കിയ വടക്കൻപാട്ടിലെ ചന്തു നെഗറ്റീവ് കാരക്ടറാണ്. എന്നാൽ, എം.ടി. വാസുദേവൻ നായരെന്ന മഹാപ്രതിഭ ചതിയൻ ചന്തുവിന് ഒരു വടക്കൻവീരഗാഥ എന്ന സിനിമയിലൂടെ വീരപരിവേഷം നൽകി. നാളിതുവരെ ചതിയൻ എന്നു കേട്ടിരുന്ന ചന്തുവിനെ ഉത്തമനായകനായി ജനഹൃദയങ്ങളിലെത്തിക്കണമെങ്കിൽ ഒരു നല്ല അഭിനേതാവിനേ കഴിയൂ. അന്ന് മലയാളസിനിമയിൽ തിളങ്ങിനിന്ന പലരെയും ചന്തുവായി ഒത്തുനോക്കിയെങ്കിലും, എം.ടി.യുടെ മനസ്സിലെ ചന്തുവിന് മമ്മൂട്ടിയുടെ മുഖമായിരുന്നു. ചന്തുവെന്ന നെഗറ്റീവ് കഥാപാത്രത്തെ പോസിറ്റീവായി ജനങ്ങളിലെത്തിക്കാൻ മമ്മൂട്ടിയെന്ന നടനേ കഴിയൂ എന്ന് എം.ടി. മനസ്സിലാക്കിയിരിക്കണം. എം.ടി.യുടെ ചന്തു പൗരുഷത്തിന്റെ പ്രതീകമാണ്. അഴകും ആരോഗ്യവും സമന്വയിക്കുന്ന രൂപം. ചന്തുവിന്റെ ആണഴകിനെ വർണിക്കുന്ന ഒരു ഗാനവും ചിട്ടപ്പെടുത്തിയിരുന്നു. ചന്തുവെന്ന കഥാപാത്രത്തിനപ്പുറം മമ്മൂട്ടിയെന്ന നടൻ ആ ഗാനത്തോടൊപ്പം ജീവിക്കുന്ന കാഴ്ചയാണ് പ്രേക്ഷകർ കണ്ടത്. പാട്ടിലെ ഓരോ വരിയിലും മമ്മൂട്ടിയുടെ മെയ്യഴക് പകർത്തിയായിരുന്നു ഗാനരംഗത്തിന്റെ ചിത്രീകരണം. ചിത്രം പുറത്തു വന്നിട്ട് മുപ്പതിലേറെ വർഷങ്ങൾ പിന്നിടുമ്പോഴും മമ്മൂട്ടി അന്നത്തേതിലും കൂടുതൽ ഗ്ലാമറായെന്നു വേണം പറയാൻ. ഒരു നടന് വെള്ളിത്തിരയിൽ പിടിച്ചുനിൽക്കണമെങ്കിൽ ആരോഗ്യവും അഴകും നിലനിർത്തേണ്ടതുണ്ട്. അതിനായി തന്റെ ഇഷ്ടങ്ങളെപ്പോലും മാറ്റിവയ്ക്കാൻ മമ്മൂട്ടി കാണിച്ച സമർപ്പണമാണ് എഴുപതാം വയസ്സിലുമുള്ള അദ്ദേഹത്തിന്റെ താരപരിവേഷം. ഗാനത്തിലേതുപോലെതന്നെ ശംഖുകടഞ്ഞെടുത്ത കഴുത്തഴകും കാരിരുമ്പോടൊത്ത മെയ്യഴകുമായി മലയാളികളുടെ താരരാജാവായി നിലകൊള്ളാൻ സർവേശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ■

Deepanalam Weekly
RNI No : 16998/68
Vol. 54 No. 24 Date of Publication 9 Sept 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

## BBA+ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

ELIGIBILITY : +2/VHSE DURATION : 3 YEARS

## ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്

ELIGIBILITY : SSLC/+2/VHSE DURATION : 1 YEAR & 2 YEARS

★ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ പ്രാക്റ്റിക്കൽ കിച്ചൺ, റസ്റ്റോറന്റ്, ഹൗസ് കീപ്പിംഗ്, ഫ്രണ്ട് ഓഫീസ് ലാബുകൾ എല്ലാ ക്യാമ്പസിലും ഒരുക്കിയിരിക്കുന്നു. ★ നക്ഷത്ര ഹോട്ടലുകളിൽ സ്റ്റൈഫന്റോടുകൂടി ട്രെയ്നിംഗ് സൗകര്യം. ★ ഇന്ത്യയിലും വിദേശത്തും ധാരാളം തൊഴിൽ അവസരങ്ങൾ. ★ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഫീസ് ഇളവുകൾ. ★ ബ്രൈറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കോഴ്സുകൾ പൂർത്തീകരിച്ച ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇന്ന് ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി ജോലി ചെയ്യുന്നു.

# ഹിന്ദി അദ്ധ്യാപന കോഴ്സുകൾ

യുപി സ്കൂൾ / ഹൈസ്കൂൾ
(ഗവൺമെന്റ് അംഗീകൃതം)

## BA-HINDI + DIPLOMA IN HINDI AND KTET COACHING

Eligibility: +2 or Equivalent, Duration 3 Years

ട്രയിനിംഗ് ഇല്ലാതെ യു പി സ്കൂളുകളിലും ട്രയിനിംഗിന് വിധേയമായി ഹൈസ്കൂളുകളിലും ഹിന്ദി അദ്ധ്യാപകരാകുന്നതിന് കേരള ഗവൺമെന്റ് അംഗീകാരം.

## DIPLOMA IN HINDI + KTET COACHING

Eligibility: SSLC/+2 or Equivalent, Duration 1½ +1 Years

ഡിഗ്രി കഴിഞ്ഞവർക്ക് ഒരുവർഷം കൊണ്ട് കോഴ്സ് പൂർത്തിയാക്കാം.

ട്രയിനിംഗിന് വിധേയമായി സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകരാകുന്നതിന് കേരള ഗവൺമെന്റ് അംഗീകാരം.

Ktet Coaching Category 3 & 4 (Online)




**BRIGHT INSTITUTE**
www.brightinstitute.net

Oorassala Road, Arunapuram P.O., PALA, Kottayam Dt., Kerala - 686 574
Tel.: 04822 214082, 9447463911, 9447598708, Email : bright_world@gmail.com

Mount Sinai Hospital Road, THODUPUZHA, Idukki Dt., Kerala - 685 584
Tel.: 04862 225768, 9961672656, Email : kittythodupuzha@yahoo.co.in

P.P. Jose Road, CHANGANACHERRY, Kottayam Dt., Kerala - 686 101
Tel.: 0481 2402898, 8281065213, 9747857140, Email : kitto_chry@yahoo.com

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജുവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

മസ്തിഷ്കരോഗങ്ങൾ · നട്ടെല്ല് രോഗങ്ങൾ · അസ്ഥിരോഗങ്ങൾ · സന്ധിരോഗങ്ങൾ · ശിശുരോഗങ്ങൾ
▲ സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ) ▲ ത്വക്‌രോഗങ്ങൾ ▲ വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# വചന ക്ലോക്കുകൾ


ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)
ഭക്തിഗാനവും ദൈവവചനവും കേൾക്കാൻ കഴിയുന്ന ക്ലോക്കുകൾ





വ്യത്യസ്ത മോഡലുകളിൽ





WOODEN GRANDFATHER & GRANDMOTHER CLOCKS
(ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org